(a) ൧൪ ദിവസത്തിൽ കവിയാത്ത കാലത്തേക്കു ലൈൻവിട്ടു പോകരുതെന്നു [illegible] കല്പിക്കുക. ഈ ശിക്ഷ മറ്റൊന്നിനോടും കൂടി പ്രയോഗക്രമത്തിൽ നടത്തേണ്ടതായ ഏഴു ദിവസത്തെ ഡ്രില്ൽ ശിക്ഷയായി ഉണ്ടായിരിക്കുന്നതാകുന്നു; സാധാരണ കവാത്തിനും ഡ്രില്ലിനും പുറമെ ഈ ശിക്ഷ ഒരു ദിവസത്തിൽ രണ്ടു മണിക്കൂറിൽ കവിയാതെയും ഓരോ തവണ ഒരു മണിക്കൂറിൽ കവിയാതെയും നടത്തേണ്ടതാകുന്നു.

(b) മൂന്നു തവണയിൽ കവിയാതെ കൂടുതലായി ഗാർഡു സേവകവും.

(c) അടുത്തുവരുന്ന ആറുമാസത്തേക്കു അവധിയെല്ലാം ഇല്ലെന്നാക്കുക.

൨ പാതി ശമ്പളമുള്ള കുട്ടികൾക്കു താഴെ പറയുന്ന ശിക്ഷകളും കൊടുക്കാവുന്നതാകുന്നു.—

	കമ്മൻഡാർമാർ ശിക്ഷിക്കാവുന്നതു	സ്റ്റാഫ് ആഫീസർ ശിക്ഷിക്കാവുന്നതു	റിമാർക്
കൂടുതൽ ഡ്രില്ൽ	൧൪ ദിവസം	൭ ദിവസം	പതിവുള്ള ഡ്രില്ൽ കൂടാതെ കൂടുതലായി രണ്ടു മണിക്കൂറ ഡ്രില്ൽ ഒരു ദിവസത്തെ ശിക്ഷയാകുന്നു.
ബാരക്കു വിട്ടു പോകാതെ ബന്തോവസ്തിൽ ഇരിക്ക	൧൪ ദിവസം	൭ ദിവസം	ക്രമപ്രകാരം എല്ലാ കവാത്തും സേവകവും ചെയ്തും ഓരോ സമയങ്ങളിൽ ഒരു ദിവസത്തിൽ രണ്ടു തവണ (പാക്കു കൂടാതെ) ശിക്ഷക്കായുള്ള കവാത്തും.

ന്ന് ൩-ാം വകുപ്പനുസരിച്ച് കൊടുക്കപ്പെട്ടിട്ടുള്ള യാതൊരു ശിക്ഷയെയും കമ്മാൻഡൻറിന്റെ അനുവാദം കൂടാതെ കൂടുതലാക്കുകയോ കുറയ്ക്കുകയോ ചെയ്യരുത്.

൫൦. ഒരു ആഫീസരെ കുററത്തിലുൾപ്പെടുത്താനിടയുള്ള സംഗതികളെക്കുറിച്ച് ഒരു പട്ടാളത്തിലെ കമാൻഡിങ് ആഫീസർക്ക് പരാതികിട്ടുകയോ വിവരം അറിയാനിടയാകുകയോ ചെയ്യുമ്പോൾ, ആ കേസിൽ നടപടി നടത്തേണ്ടതു ആവശ്യമാണെന്ന് അന്വേഷണം നടത്തിയതിൽ കമാൻഡിങ് ആഫീസർക്ക് ബോധ്യം വന്നാൽ ആ ആഫീസരെ ബന്തോവസ്തിൽ ആക്കുകയും ഉടൻ കേസിനെപ്പററി കമണ്ഡാൻറിനു റിപ്പോർട്ടയയ്ക്കും ചെയ്യേണ്ടതാകുന്നു.

൫൧. ബന്തോവസ്തിലാക്കിയിരിക്കുന്ന ഒരു ആഫീസരെ കമൻഡാൻറിന്റെ അനുവാദം കൂടാതെ ബന്തോവസ്തിൽനിന്നു വിട്ടയക്കുന്നതല്ല.

൫൨. കമ്മിഷൻ ഇല്ലാത്ത ഒരു ആഫീസരെ ബന്തോവസ്തിൽ വെക്കേണ്ടിയിരിക്കുമ്പോൾ, അയാളെ അയാളുടെ പട്ടാളത്തിന്റെ ബാറക്കുകളിൽ ബന്തോവസ്തിൽ വെക്കേണ്ടതാകുന്നു; എന്നാൽ അയാളുടെ പേരിലുള്ള കുററത്തിനു അയാളെ ബാറക്കുകാവലിൽ പാർപ്പിക്കുന്നതും അയാളുടെ ശരീരത്തെ അധികം നന്നായി കാവൽ കാക്കുന്നതിലേക്കു ആവശ്യമാണെന്നു ആ പട്ടാളത്തിലെ കമാൻഡിംഗ് ആഫീസർക്കു തോന്നിയാലല്ലാതെ, അയാളെ സെൻട്രി കാവലിൽ വെക്കണമെന്നില്ല.

൫൩. ഒരു ശിപായി ഒരു കുററംചെയ്യുമ്പോൾ അയാളെ ഗാർഡ്മുറിയിൽ തടവിൽ വെക്കുകയോ അല്ലെങ്കിൽ ബാറക്കുബന്തോവസ്തിൽ പാർപ്പിക്കുകയോ യുക്തംപോലെ ചെയ്യുന്നതാകുന്നു

൫൪. ഒരു തടവുകാരനെ പട്ടാളം കമാൻഡിംഗ് ആഫീസരുടെ മുമ്പാകെ കൊണ്ടുവരുമ്പോൾ, കമ്പനി ആഫീസർമാരും സെക്ഷൻ കമാൻഡർമാരും ഹാജരായിരിക്കേണ്ടതാകുന്നു. അയാളുടെ മുമ്പിലത്തെ നടപടിയെ അറിയുന്നതിലേക്കായി കമ്പനി ആഫീസർ അയാളുടെ വകക്കുള്ള ഷീട്ട്റോളും ഹാജരാക്കേണ്ടതാകുന്നു.

൨൫. ഒരു തടവുകാരനെ കമൻഡാൻറിന്റെ മുമ്പാകെ കൊണ്ടുവരുമ്പോൾ, ൧൭-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നവക്കു പുറമെ അയാളുടെ പട്ടാളത്തിലെ കമാൻഡിംഗ് ആഫീസരും എല്ലായ്പോഴും ഹാജരായിരിക്കേണ്ടതാകുന്നു.

൨൬. വല്ല ആഫീസരുടെയൊ, കമിഷനില്ലാത്ത ആഫീസരുടെയൊ, ശിപായിയുടെയൊ മേൽ വല്ല ഒരു കുററം ചുമത്തപ്പെട്ടപ്പോൾ ആകട്ടെ, ഗൌരവപ്പെട്ട വല്ല കുററവും അവർ ചെയ്തിട്ടുള്ളതായി അവരുടെ മേൽ ആവലാധി ബോധിപ്പിച്ചിരിക്കുമ്പോൾ ആകട്ടെ, ഗൌരവപ്പെട്ടവല്ല കുററവും അവർ ചെയ്തിരിക്കുമ്പോൾ ആകട്ടെ, കമാൻഡിംഗ് ആഫീസർ കേസിനെ ഉടൻ തന്നെ വിചാരണചെയ്യുകയും വിചാരണ പൂർത്തിയായതിൽ പിന്നീട ആ കേസിനെ തീരുമാനിക്കയൊ കമൻഡാൻറു തീരുമാനിക്കുന്നതിലെക്കായി കേസിനെ അയക്കയൊ ചെയ്യേണ്ടതും ആകുന്നു.

൨൭. പട്ടാളം കമാൻഡിംഗ് ആഫീസക്കു ഒരു റിപ്പോൎട്ട കിട്ടിയാൽ ആ റിപ്പോൎട്ടകിട്ടിയ കാലത്തിനും കേസു വിചാരണക്കും ഇടക്കായി (ഞായറാഴ്ചയും ആഴ്ചതോറും ഉള്ള ഒഴിവുദിവസവും പൊകെ) ൪൮ മണിക്കൂറു സമയത്തിലധികം താമസം വരാൻ ഇടയാകരുതു.

൨൮. ശിക്ഷകൾ കൊടുക്കുന്നതിന്റെ എല്ലാ വിവരവും ജെനറൽ ഡിഫോൾട്ടർ ബുക്ക് എന്നു പറവിവരം പതിക്കുന്ന പുസ്തകത്തിൽ ആദ്യമായി എഴുതുകയും പിന്നീട അതിനെ അവരവരുടെ ഷീററു റോളുകളിൽ പകൎത്തുകയും ചെയ്യേണ്ടതാകുന്നു, ഉത്തരവു പുസ്തകത്തിലും ഡിഫോൾട്ടർപുസ്തകത്തിലും ശിക്ഷകളുടെ വിവരം എഴുതുന്നതിൽ, സ്കൂലിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ള പദങ്ങൾ മാത്രമെ ഉപയോഗിക്കാവു; മററു വാക്കുകൾ ഉപയോഗിക്കരുതു.

൨൯. ആളുകളെ (ബ്രിഗേഡ് ഡിഫോൾട്ടർ) ബ്രിഗേഡ് വീഴ്ചക്കാർ ആക്കുന്നതായ എല്ലാ ശിക്ഷകളും, അതായതു ൧൦ാംവകുപ്പുപ്രകാരമുള്ള ഏതു ശിക്ഷകളും, ആവശ്യമുള്ള വിവരങ്ങളെ റെജിമെൻറൽ ഡിഫോൾട്ടർപുസ്തകത്തിൽ പതിക്കുന്നതിലെക്കായി ബ്രിഗേഡ് ഉത്തരവുകളിൽ B. D. എന്ന അക്ഷരങ്ങളൊടുകൂടിചെൎത്തു എഴുതേണ്ടതാകുന്നു.

൨൦. കമാൻഡറിന്റെ മുമ്പാകെ കൊണ്ടുവരപ്പെടുന്ന കുറ്റക്കാരെ, ബ്രിഗേഡ് വിഴ്ചക്കാരായി ചെക്കുതന്നെ കമാൻഡറു വിചാരിക്കുന്നപക്ഷം, തന്റെ അധികാരത്തിലുള്ള ശിക്ഷകളിൽ തനിക്കു യുക്തമെന്നു തോന്നുന്ന ശിക്ഷ കൊടുക്കുന്നതിനു സാധാരണമായി ബെട്ടാലിയൻ ആഫീസരൊടു ആജ്ഞാപിക്കേണ്ടതാകുന്നു; എന്നാൽ ആയാളെ ബ്രിഗേഡ് വിഴ്ചക്കാരനാക്കുന്ന ശിക്ഷയിലും കാഠിന്യം കുറഞ്ഞശിക്ഷ കമൻഡാൻറു തന്നെ വിധിക്കുന്നതായിരുന്നാൽ, അങ്ങനെ വിധിച്ച ബ്രിഗേഡുത്തരവിൽ എഴുതേണ്ടതും, അതെ സമയത്തുതന്നെ, അതിനെ പട്ടാളം വിഴ്ചക്കാരുടെയൊ, കമ്പിനി വിഴ്ചക്കാരുടെയൊ വകക്കുള്ള പുസ്തകത്തിൽമാത്രം പതിക്കത്തക്കവിധത്തിൽ C. D. എന്ന അക്ഷരങ്ങൾകൂടി ചെർക്കേണമെന്നാജ്ഞാപിക്കേണ്ടതും ആകുന്നു.

൨൧. ഒരു ബെറ്റാലിയനിലെകമാൻഡിംഗ് ആഫീസർക്കു വിധിക്കാവുന്നതായ അച്ചടക്കം സംബന്ധമായശിക്ഷകളിൽ വല്ലതുമൊ എല്ലാമൊ കൊടുക്കുന്നതിനു പ്രത്യേകം വെർതിരിച്ചുവച്ചിരിക്കുന്ന ഒരു പാർട്ടിയുടെയൊ ഔട്ട്പൊസ്റ്റിന്റെയൊ കമ്മാൻഡായിരിക്കാവുന്ന ഏതു റാങ്കിലും ഉള്ള വല്ല കമ്മിഷൻഡ് ആഫിസരെയും കമ്മൻഡാൻറു തനിക്കു അഭിലഷണീയവും ആവശ്യവുമാണെന്നു തോന്നിയാൽ അധികാരപ്പെടുത്താവുന്നതാകുന്നു; അങ്ങനെ അധികാരപ്പെടുത്തുന്ന വിവരം കമ്മൻഡാൻറു ഗവർൺമെന്റിലെക്കു റിപ്പോർട്ടുചെയ്യേണ്ടതാകുന്നു.

൨൨. കൊർട്ടുമാർഷ്യലാൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ട ഒരു ആഫീസരുടെ പെരിലുള്ള കുറ്റസ്ഥാപനം ക്രമപ്രകാരം സ്ഥിരമാക്കപ്പെട്ടാൽ ആകട്ടെ, അല്ലെങ്കിൽ ക്രിമിനൽ അധികാരം നടത്തുന്ന ഒരു സിവിൽ കൊർട്ടിനാൽ അയാളുടെ പെരിൽ കുറ്റസ്ഥാപനം ചെയ്യപ്പെട്ടാലാകട്ടെ ശിക്ഷാവിധി ജൊലിയിൽ നിന്നു തീരെ മാറ്റുന്നതിനായിരിക്കയൊ, ആ വിധിയിൽ ജൊലിയിൽ നിന്നു തീരെ മാറ്റുന്നതു ഫലിതമായിരിക്കയൊ ചെയ്യാത്ത ഓരൊ സംഗതിയിലും, ആ ആഫീസർ തന്റെ റാങ്കി (സ്ഥാനത്തി) ലുള്ള ഏറ്റവും കുറഞ്ഞതരം ശമ്പളത്തിലെക്കു (അയാൾക്കു അതിൽ കൂടിയ തരം ശമ്പളം ഉണ്ടായിരുന്നെങ്കിൽ) നീക്കപ്പെടുന്നതാകുന്നു. തരം മാറപ്പെട്ട ആഫീസർമാരുടെ റാങ്കും ഉന്നതിയും അവരുടെ ശമ്പള

ത്തെ മാത്രം സംബന്ധിക്കുന്ന ശിക്ഷയാൽ ബാധകപ്പെടുന്ന തല്ല.

൨൩. കമാണ്ടാന്റിന്റെ വിധിയനുസരിച്ചു ഏകാന്തത്തടവു ള്ള ഒരു തടവുശിക്ഷ അനുഭവിക്കുന്ന ആളുകൾക്കു ശിക്ഷക്കായുള്ള (ഡ്രിൽ) കവാത്തു ചെയ്യേണ്ടതും ഒന്നുകൂടാതെ ദിവസത്തിൽ രണ്ടു മണിക്കൂറിൽ കൂടാതെയും ആറു മണിക്കൂറിൽ കവിയാതെയും പട്ടാളം വക സാമാനങ്ങൾ വൃത്തിയാക്കുന്നതിലൊ, കവാത്തു സ്ഥലം വൃത്തിയാക്കി നിരപ്പുവരുത്തുക മുതലായ ജോലിയിലൊ മൺവെട്ടികൊണ്ടുള്ള വേലയിലൊ കമണ്ടാന്റു ആവശ്യമെന്നു വിചാരിക്കാവുന്ന മേൽവിചാരത്തിൻകീഴിൽ ഏല്പ്പെടുത്തപ്പെടുന്നതും ആകുന്നു.

൨൪. തടവുകാർ ഏകാന്തത്തടവിന്നു വിധിക്കപ്പെട്ടവരായിരുന്നാലും അല്ലെങ്കിലും അവർ ശിക്ഷക്കായുള്ള ഡ്രില്ലിലൊ കഷ്ടിപ്പിക്കുന്ന വേലകളിലൊ ഏർപ്പെട്ടിരിക്കാത്ത സമയങ്ങളിൽ കഴിയുന്നെടത്തോളം പ്രത്യേകം പാർപ്പിക്കപ്പെടുന്നതാകുന്നു. എന്നാൽ ആ വിധം ഏർപ്പെട്ടിരിക്കുന്നകാലത്തു അവർ സാധാരണമായി ഒന്നിച്ചു പാർപ്പിക്കപ്പെടുന്നതാകുന്നു. ആവശ്യപ്പെടുമ്പോൾ മൂന്നൊ അധികമൊ ആളുകളെ ഒന്നായി തടവിൽ പാർപ്പിക്കാവുന്നതാകുന്നു; എന്നാൽ രണ്ടു തടവുകാരെ ഒരിക്കലും ഒരു മുറിയിലാക്കി പൂട്ടരുതു.

൨൫. തടവുകാരെ തടവിൽ ഇടുന്നതിനു മുമ്പെ വിരോധിയമായ വല്ലതും അവർ ഒളിച്ചു വെച്ചുകൊണ്ടിരിക്കുന്നില്ലെന്നു നിശ്ചയിക്കുന്നതിലേക്കു അവരെ സൂക്ഷ്മമായി പരിശോധിക്കേണ്ടതാകുന്നു.

൨൬. താഴെ പറയുന്ന ചട്ടങ്ങളുടെ ഒരു പ്രതി നാട്ടുഭാഷയിൽ എഴുതി ഗാർഡു മുറിയിലും ഓരൊ (സെൽ) അറയിലും കെട്ടിതൂക്കിയിരിക്കുന്നതാകുന്നു. തടവുകാരെ ചെക്കുമ്പോഴും പിന്നീടു തടവുകാലത്തിൽ ആഴ്ചയിലൊരിക്കലും അവയെ തടവുകാർക്കു വായിച്ചു കേൾപ്പിക്കേണ്ടതാകുന്നു.

(ഫ) ഏകാന്തത്തടവു അനുഭവിക്കുന്ന തടവുകാർ മലമൂത്രവിസർജ്ജനത്തിനൊ അവരുടെ ആരോഗ്യത്തിനു ആവശ്യമാകുന്നെന്നു മെഡിക്കൽ ആഫീസർ വിചാരിക്കാവുന്നെടത്തോളം വായു

സഞ്ചാരത്തിനും വ്യായാമത്തിനും ആയൊ അല്ലാതെ തങ്ങളുടെ അറകളിൽ നിന്ന വെളിയിൽ പൊകരുതു.

(൨) അതതു ആഴ്ചവട്ടത്തെക്കുള്ള ആർഡർലി ആഫീസരും ഫീൽഡ് ആഫീസരും തടവുകാരെ പരിശോധിക്കുന്നതാകുന്നു. അവർ തടവുകാൎക്കുണ്ടാകാവുന്ന ന്യായമായ പരാതികളെ കമ്മാൻഡറിനു റിപ്പൊൎട്ടു ചെയ്യുന്നതാകുന്നു.

(൩) മെഡിക്കൽ ആഫീസരൊ ഒരു മെഡിക്കൽ കീഴ്ജീവനക്കാരനൊ ദിവസംതൊറും എല്ലാ തടവുകാരെയും ചെന്നു കാണുന്നതാകുന്നു. ഒരു തടവുകാരൻ തനിക്കു ദീനമാണെന്നു റിപ്പൊൎട്ടു ചെയ്യുന്നപക്ഷം അയാൾ പൊകുമ്പൊൾ സൂക്ഷിക്കാൻ ആളുകളൊടു കൂടി ആശുപത്രിക്കു കൊണ്ടുപൊകെണ്ടതും ആശുപത്രിയിൽ കിടക്കുന്നപക്ഷം, അയാൾക്കു ഒരു (സെന്ത്രി) കാവൽ നിറുത്തുന്നതും ആകുന്നു.

(൪) ഡ്യൂട്ടിയിൽ ഇരിക്കുന്ന ആഫീസർമാരും കമിഷൻ ഇല്ലാത്ത ആഫീസർമാരും അല്ലാതെ മററാരെയും തടവുകാരെ ചെന്നുകാണുന്നതിലെക്കു അനുവദിക്കുന്നതല്ല.

(൫) തടവുകാർ വ്യായാമസമയത്തൊ, ഡ്രിൽ സമയത്തൊ, കഠിനൊത്തിനായുള്ള ജൊലിസമയത്തൊ അന്യരൊടും സംസാരിക്കുന്നതിനു അവരെ അനുവദിക്കുന്നതല്ല.

(൬) ദിവസെന കുളിക്കുന്നതിനും ആവശ്യപ്പെടുമ്പൊൾ വസ്ത്രം മാററുന്നതിനും സൌകൎയ്യങ്ങൾ എല്ലാ തടവുകാൎക്കും അനുവദിച്ചു കൊടുക്കെണ്ടതാകുന്നു.

(൭) തടവുകാൎക്കുള്ള തടവുസ്ഥലത്തെ ദിവസെന തൂത്തു വൃത്തിയാക്കെണ്ടതാകുന്നു. ഇതു ശരിയായി ചെയ്യിക്കുന്നതിനു ഗാൎഡിലെ കമിഷൻ ഇല്ലാത്ത ഉദ്യൊഗസ്ഥൻ ചുമതലയായിരിക്കുന്നതാകുന്നു.

(൮) തടവുകാരെ യാതൊരു സംഗതിവശാലും അടിക്കയൊ ഉപദ്രവിക്കയൊ ചെയ്യരുതു; അവരെ കൊപിപ്പിക്കുന്നതൊ ശകാരിക്കുന്നതൊ ആയ യാതൊന്നും അവരൊടു പറകയും അരുതു.

(൯) തടവുകാൎക്കു ചാൎപ്പായ് (കട്ടിൽ) കൊടുക്കുന്നതല്ല; എന്നാൽ അവൎക്കു ഒരു ഡറിയും കമ്പളിയും ഉപയൊഗിക്കാവുന്നതാകുന്നു. ഇവയെ മെഡിക്കൽ ആഫീസർ വെറെവിധം ചെയ്യണമെന്നു

അഭിപ്രായപ്പെടാത്ത പക്ഷം, വെയിലിന്നും (രാവിലെ ഉണരുന്നതി ന്നും) വിശ്രമിന്നും (ഉറങ്ങാൻപോകുന്ന കാലത്തിന്നും) ഇടയ്ക്കു മാറാ വുന്നതും വെന്തകാലത്തു കാറ്റുകൊള്ളാൻ ഇടയാവുന്നതും ആ കുന്നു.

(൩൦) തടവുകാരെ സ്വയം ഭക്ഷണം പാകം ചെയ്യുന്നതിനു അനുവദിക്കുന്നതല്ല; അവർക്കുള്ള ഭക്ഷണം തയ്യാറാക്കി അവ ർക്കായി കൊണ്ടുവരേണ്ടതാകുന്നു.

(൩൧) പുകയിലയും മെഡിക്കൽ ആഫീസർ വേണമെന്നു നിശ്ചയിക്കുമ്പോൾ അല്ലാതെ അഫീമും ലഹരിയുള്ള മറ്റൊ ആയ മദ്യങ്ങളും തടവുകാരൻ ഉപയോഗിക്കുന്നതിനെ ഖണ്ഡിത മായി വിരോധിച്ചിരിക്കുന്നു.

(൩൨) ഏകാന്ത തടവിന്നുള്ള അറകളിൽ ആളുള്ളപ്പോൾ ഓരൊ ന്നിലും ഓരൊ സെൻട്രിയെ എപ്പോഴും നിറുത്തുന്നതാകുന്നു.

(൩൩) ശിക്ഷയ്ക്കായുള്ള ഡ്രിൽ മാർച്ചിംഗ് ആർഡരിലും ഡ്യൂട്ടിക്കു ള്ള പട്ടാളം ഏർപ്പാടിൽ നിയോഗിക്കപ്പെടുന്ന കമിഷൻ ഇല്ലാത്ത ആഫീസരാലും നടത്തപ്പെടേണ്ടതാകുന്നു. സാധാരണയായുള്ള കവാത്തുകൾക്കും ഡ്രില്ലുകൾക്കും പുറമെ, അതു ഒരു ദിവസത്തിൽ രണ്ടു മണിക്കൂറിലധികമായും ഒരൊ തവണയ്ക്കു ഒരു മണിക്കൂ റിലധികമായും ഇരിക്കരുതു.

(൩൪) ഏകാന്ത തടവിനുള്ള അറകൾ അവയെ വൃത്തിയാക്കു ന്നതിലേക്കു ബോർക്കു ഗാർഡിൽ അപ്പോഴപ്പോൾ ജോലിയിലിരിക്കു ന്ന കമിഷൻ ഇല്ലാത്ത ആഫീസരുടെ മുമ്പാകെ വച്ചു ദിവസ ന്തോറും രണ്ടു പ്രാവശ്യംമാത്രം തുറക്കപ്പെടുന്നതാകുന്നു; അപ്പോൾ തടവുകാരനുള്ള ആഹാരം കൊടുക്കേണ്ടതാകുന്നു.

(൩൫) മേൽപ്പറഞ്ഞ സംഗതിക്കു ഒരു സമയത്തു ഒരു അ റ മാത്രമെ തുറക്കാൻ പാടുള്ളൂ.

(൩൬) അറകളുടെ താക്കോലുകളെ ഗാർഡിൽ കമാൻഡായിരിക്കു ന്ന കമിഷനില്ലാത്ത ആഫീസരുടെ സൂക്ഷിപ്പിൽ ബോർക്കു ഗാ ർഡിൽ സൂക്ഷിക്കേണ്ടതാകുന്നു.

(൩൭) (൩൪)-ാം പരാവിൽ വിവരിച്ചിട്ടുള്ള കാലങ്ങളിലല്ലാ തെ, ഏകാന്ത തടവിനുള്ള അറകളെ ഒരിക്കലും തുറക്കാൻ പാടില്ലാ ത്തതാകുന്നു, അതിലേക്കുള്ള സമയം ഒരു തവണയ്ക്കു അര മണി

ളോകുന്നു; അതായതു കാലത്തു വ മണിമുതല്ക്കു വൈകീട്ടു അഞ്ചര മണിവരെയും ആകുന്നു.

൨൬. (എ) അഞ്ചു രൂപായോ അതിൽ കവിഞ്ഞ തുകയോ പിഴയും,

(ബി) ൭ ദിവസത്തെക്കൊ അതിൽ കവിഞ്ഞ കാലത്തെക്കൊ കഠിന പണിയൊടുകൂടിയൊ കൂടാതെയൊ തടവിന്നൊ,

ഒരു കുറ്റത്തിനു സിവിൾ (പട്ടാളം അല്ലാത്ത) അധികാരസ്ഥന്മാരാൽ വിധിക്കപ്പെട്ട ആളുകളും ബ്രിഗേഡ് വിട്ടുകാരായി ഗണിക്കപ്പെടുന്നതാകുന്നു. മൂന്നു മാസത്തെക്കൊ അതിൽ അധികമായ കാലത്തെക്കൊ, മെല്പറഞ്ഞ രണ്ടിൽ ഏതു വിധമായ തടവിന്നൊ, അടിശിക്ഷക്കൊ അപ്രകാരം വിധിക്കപ്പെട്ട ഏതു ആളെയും ബ്രിഗേഡിലെ ലിസ്റ്റിൽ നിന്നു നീക്കിക്കളയുന്നതാകുന്നു.

൨൭. അറുപതു ദിവസം കാലത്തെക്കു അവധികൂടാതെ ഹാജരില്ലാതിരിക്കുന്ന യാതൊരാളും, അങ്ങിനെ ഹാജരില്ലാതിരുന്നതിനു തൃപ്തികരമായവിധത്തിൽ കാരണം പറയാത്ത പക്ഷം, ബ്രിഗേഡിൽ നിന്നു ഓടിപ്പോയവനായി ഗണിക്കപ്പെട്ടു ബ്രിഗേഡ് ലിസ്റ്റിൽനിന്നു പേർ നീക്കപ്പെടുന്നതാകുന്നു അയാൾ പിന്നീടു സ്വയം ഹാജരാകയൊ പിടിക്കപ്പെടുകയൊ ചെയ്താൽ പട്ടാളം വിട്ടു ഓടിപ്പോയതിലെക്കു കൊട്ടമാഷ്യലിനാൽ വിസ്തരിക്കപ്പെടുന്നതിലെക്കു അയാൾ പാത്രമായി തീരുന്നതും ആകുന്നു. ഒരാൾക്കു അവധി കൊടുക്കപ്പെട്ടിരിക്കയും അയാൾ പട്ടാളം വിട്ടോടിപ്പോകയും ചെയ്താൽ (കുറ്റപത്രത്തിൽ) അയാൾ പട്ടാളംവിട്ടോടിപ്പോയതായി കാണിക്കേണ്ട തീയതി അവധി തീരുന്ന ദിവസമായിരിക്കുന്നതാകുന്നു.

൩. കൊട്ടമാഷ്യൽ സഭകൾ.

(എ) പൊതുച്ചട്ടങ്ങൾ.

൨൮. കഠിന കുറ്റങ്ങളുടെ സംഗതിയിലൊ അധികം ശാന്തമായ ശിക്ഷകളാൽ ഉദ്ദിഷ്ടഫലം ഉണ്ടായിട്ടില്ലെന്നു കാണുമ്പോഴൊ, അച്ചടക്കത്തിന്റെ കാൎയ്യത്തിലെക്കു മറ്റുവൎക്കു ഒരു പാഠമായിരിക്കേണ്ടതു ആവശ്യമായി തോന്നുമ്പോഴൊ മാത്രമെ കൊട്ടമാഷ്യൽ സഭകൾ കൂടുകയുള്ളൂ.

൩൦. കൊട്ടുമാഷ്ട്രൽ സഭയാൽ വിസ്തരിക്കപ്പെടുന്നതിനു ഒരു കെസ് റിമാണ്ട് ചെയ്യപ്പെട്ടതിനെറശേഷം, കഠിനമായ രോഗം മൂലമൊ വല്ല സർക്കാർ വക അടിയന്തര കാൎയ്യത്തിന്മേലൊ അല്ലാതെ യാതൊരു സാക്ഷിയെയും സ്റ്റെഷൻ വിട്ടുപോകുന്നതിനു അനുവദിക്കുന്നതല്ല. മുഖ്യമായുള്ള വല്ല സാക്ഷിയും മരിക്കയൊ സ്ഥലത്തില്ലാതിരിക്കയൊ ചെയ്താൽ വിവരം കമാണ്ടാൎറിനു ഉടൻ തന്നെ റിപ്പോട്ട് ചെയ്യെണ്ടതാകുന്നു.

൩൧. കൊട്ടുമാഷ്ട്രൽ സഭയുടെ തീൎപ്പു സ്ഥിരമാക്കപ്പെടുകയും കൊട്ട് പിരിയുകയും ചെയ്യുന്നതുവരെ കൊട്ടുമാഷ്ട്രൽ സഭയിൽ ഏൎപ്പെട്ടിരിക്കുന്ന ഒരു ആഫീസരെ സ്റ്റെഷൻ വിട്ടു പൊകുന്നതിനു കമാണ്ടാൎറിന്റെ പ്രത്യെകമായ അനുവാദം കൂടാതെ, അനുവദിക്കരുതു.

൩൨. കൊട്ടുമാഷ്ട്രൽ സഭയാൽ വിസ്തരിക്കപ്പെടുന്നതിനു ആക്ഷെപിക്കപ്പെട്ട തടവുകാരനെ, എന്തു കുറ്റത്തിന്നാ കുറ്റങ്ങൾക്കൊ വിസ്തരിക്കാൻ പൊകുന്നവെന്നുള്ള വിവരം, വിസ്താരം തുടങ്ങുന്നതിനു ൨൪ മണിക്കൂറിനു മുമ്പായിട്ടെങ്കിലും വായിച്ചു കെൾപ്പിക്കയും സ്പഷ്ടമായി മനസ്സിലാക്കിക്കയും ചെയ്യെണ്ടതാകുന്നു. അയാൾ തന്റെ ഭാഗത്തിനു സാക്ഷിയായി വരുത്തണമെന്നു ആഗ്രഹിക്കുന്ന ആളുകളുടെ പെർ പറയുന്നതിനു അപ്പൊൾ തന്നെ അയാളൊടു ആവശ്യപ്പെടുകയും ചെയ്യും.

൩൩. ഒരു സിവിൽ (പട്ടാളംവകയല്ലാത്ത) കൊട്ടിനാലൊ കൊട്ടുമാഷ്ട്രൽ സഭയാലൊ ഒരാൾ കുറ്റം ചെയ്തിട്ടില്ലെന്നു വിധിക്കപ്പെടുകയൊ കുറ്റസ്ഥാപനമാക്കപ്പെടുകയൊ ചെയ്ത കുറ്റത്തിന്നായി യാതൊരാളെയും കൊട്ടുമാഷ്ട്രൽ സഭ വിസ്തരിക്കരുതു.

൩൪. പട്ടാളംവക വല്ല കുറ്റവും ചെയ്ത ആൾ ഹാജരില്ലാത്തതുകൊണ്ടൊ, പ്രത്യക്ഷമായ മറ്റു വല്ല മുടക്കം കൊണ്ടൊ, കുറ്റംചെയ്യുന്ന തിയതി മുതൽ മൂന്നു കൊല്ലത്തിനകം അയാളെ പിടിക്കയൊ വിസ്താരത്തിലാക്കുകയൊ വിസ്തരിക്കയൊ ചെയ്യുന്നതിലെക്കു കഴിഞ്ഞില്ലെന്നു വന്നിരുന്നാലല്ലാതെ, ആ കുറ്റം ചെയ്തു മൂന്നു കൊല്ലം കഴിഞ്ഞതിൽ പിന്നെ പട്ടാളംവക കുറ്റത്തിനു അയാളെ കൊട്ടുമാഷ്ട്രൽ സഭ വിസ്തരിക്കയൊ ശിക്ഷിക്കയൊ

ചെയ്യരുതു. എന്നാൽ അങ്ങിനെയുള്ള മുടക്കം തീൎന്നതിൽ പിന്നീടു അന്നു കേസ്സിൽ കഴിയാത്ത കാൎയ്യത്തിനും എപ്പോഴും അയാളെ വിസ്തരിക്കാവുന്നതാകുന്നു.

൩൪. ഒരു കൊട്ട്മാൎഷ്യൽ സഭയാൽ വിസ്തരിക്കപ്പെടുമ്പോൾ, ഒരു ആഫീസരാകട്ടെ കമിഷനില്ലാത്ത ആഫീസരാകട്ടെ. സ്ഥാനവലിപ്പം സമമൊ കൂടുതലായൊ ഉള്ള ഒരു ആഫീസരുടെയൊ കമിഷനില്ലാത്ത ആഫീസരുടെയൊ സൂക്ഷിപ്പിൽ വെക്കപ്പെടേണ്ടതാകുന്നു.

൩൫. ഈ ചട്ടം അനുസരിച്ചു ശിക്ഷിക്കപ്പെടേണ്ടുന്ന വല്ല കുറ്റവും ചെയ്യുന്ന, ഈ ചട്ടം സംബന്ധിക്കുന്ന യാതൊരാളെയും അയാളുടെ കാൎയ്യത്തിൽ നിയമപ്രകാരം നടപടി ചെയ്യുന്നതിലെക്കു സിവിൽ (പട്ടാളംവകയല്ലാത്ത) അധികാരസ്ഥന്മാരെ ഏല്പിക്കേണ്ടതാകുന്നു.

൩൬. ഈ ചട്ടം സംബന്ധിക്കുന്ന യാതൊരാളും മലയാളപട്ടാളത്തിൽ ചേൎന്നു ആളായിരിക്കുന്നെടത്തോളം കാലം, യാതൊരു സിവിൽ കോൎട്ടിനാലൊ റവന്യു കോൎട്ടിനാലൊ റവന്യു ആഫീസരാലൊ അവരുടെ അധികാരത്തിന്മെലൊ, അയക്കപ്പെടുന്ന പ്രൊസസ്സുപ്രകാരം കടത്തിനായി പിടിക്കപ്പെടാവുന്നതല്ല.

൩൭. ഈ ചട്ടം സംബന്ധിക്കുന്ന വല്ല ആളുടെയും പേരിൽ നടത്താവുന്നതായ വല്ല വിധിക്കൊ ഉത്തരവിനൊക്കൊ ആയി ഒരു സിവിൽ കോൎട്ടിന്റെയൊ റവന്യു കോൎട്ടിന്റെയൊ റവന്യു ആഫീസരുടെയൊ ആജ്ഞയനുസരിച്ചു അയാളുടെ വകയായ ആയുധങ്ങളെയൊ ഉടുപ്പുകളെയൊ, കോപ്പുകളെയൊ പട്ടാളം വക ഉടുപ്പുകളെയൊ, പട്ടാളം വകക്ക ആവശ്യമുള്ള സാമാനങ്ങളെയൊ പിടിക്കയാകട്ടെ അയാളുടെ ശമ്പളം, അലവൻസു ഇതുകളെയൊ ഇതുകളുടെ വല്ല അംശത്തെയൊ ജപ്തിചെയ്കയാകട്ടെ ചെയ്യരുതു.

൩൮. ഒരു കൊട്ട്മാൎഷ്യൽ സഭയിലെ ഒരു മെമ്പരാകട്ടെ, ഇന്റർപ്രിറ്റർ (ദ്വിഭാഷി) ആകട്ടെ. സൂപ്പറിന്റെന്റെണ്ടു ആഫീസരാകട്ടെ, ഒരു കൊട്ട്മാൎഷ്യൽ സഭയുടെ മുമ്പാകെ നടക്കുന്ന വല്ല നടപടിയിലും ചെന്ന ഒരു കക്ഷിയാകട്ടെ, അയാളുടെ

ലീഗൽ അഡ്വൈസർ ആകട്ടെ, അയാളുടെ ഏജന്റാകട്ടെ, ഒരു കൊട്ടുമാഷ്യൽ സഭയിൽ ഹാജരാകുന്നതിലെക്ക വിളിക്കപ്പെട്ട ഒരു സാക്ഷിയാകട്ടെ, കൊട്ടുമാഷ്യൽ സഭയിലെക്ക പൊകുമ്പൊഴൊ, സഭയിൽ ഹാജരായിരിക്കുമ്പൊഴൊ, അവിടുന്ന തിരിയെ പൊകുമ്പൊഴൊ, ഒരു സിവിൽ നടപടിയാലൊ റെവന്യു നടപടിയാലൊ പിടിക്കപ്പെടുന്നതിന പാത്രമാകുന്നതല്ല. അങ്ങിനെയുള്ള വല്ലയാളും അപ്രകാരം പിടിക്കപ്പെട്ടാൽ, അയാളെ ഒരു കൊട്ടുമാഷ്യൽ സഭയിലെ ഉത്തരവിന്മെൽ വിട്ടുവിക്കപ്പെടാവുന്നതാകുന്നു.

൬൦. ആരെങ്കിലും പട്ടാളം വിട്ട ഓടിപ്പൊകുമ്പൊൾ, കമണ്ഡാന്റ പൊലീസിലെക്ക രെഖാമൂലം നൊട്ടീസ കൊടുക്കെണ്ടതും, പൊലീസുകാർ അപ്പൊൾ ഓടിപ്പൊയവനെ പിടിക്കുന്നതിലെക്ക നടപടി ചെയ്യെണ്ടതും പിടിച്ചതിന്റെ പിന്നെ അയാളെ പട്ടാളം ബെന്തൊവസ്തിലെക്ക ഏല്പിക്കെണ്ടതും ആകുന്നു.

൬൧. കമണ്ഡാന്റിന്റെ രെഖാമൂലമായ അപെക്ഷയിന്മെൽ പൊലീസുകാർ വല്ല പട്ടാളംവക കുറ്റവും ചുമത്തപ്പെട്ടിരിക്കുന്ന വല്ല ആളെയും പിടിച്ച പട്ടാളം ബന്തൊവസ്തിൽ വെക്കുന്നതിലെക്ക ഏല്പിക്കുന്നതിൽ സഹായിക്കെണ്ടതാകുന്നു.

(ബി) നടപടി.

൬൨. കൊട്ടുമാഷ്യൽ സഭയാലുള്ള വിചാരണ ഏതു സമയത്തും ക്ലിപ്തംകൂടാതെ നടത്താവുന്നതാകുന്നു.

൬൩. കൊട്ടുമാഷ്യൽ സഭ കമണ്ഡാന്റിനാൽ ചെർക്കപ്പെടുന്നതും അതിലെ നടപടികളെ കമണ്ഡാന്റു സ്ഥിരപ്പെടുത്തുന്നതും ആകുന്നു. എന്നാൽ ആഫീസർമാരുടെ സംഗതിയിൽ കല്പിച്ച സ്ഥിരപ്പെടുത്തുന്നതിലെക്കായി കൊട്ടുമാഷ്യൽ സഭയുടെ നടപടികളെ ഹജൂരിലെക്ക അയക്കുന്നതാകുന്നു.

൬൪. ഒരു കൊട്ടുമാഷ്യലിൽ സാധാരണയായി ൫ ആഫീസർമാരിൽ കുറയാതെ ഉണ്ടായിരിക്കെണ്ടതാകുന്നു എന്നാൽ പബ്ലിക് സർവീസിന്റെ കാര്യത്തിന്റെ സ്ഥിതിക്ക ൫ പെർ ചെരുന്നതു പ്രയാസമായിരിക്കുമ്പൊൾ, സഭയിൽ മൂന്ന ആഫീസർമാരിൽ കുറയാതിരിക്കാവുന്നതാകുന്നു.

൭൫. ഒരോ കൊട്ടുമാഷ്യൽ സഭക്കും ഒരു പ്രോസിക്യൂട്ടറെ നിയമിക്കണം; എന്നാൽ അയാൾ സഭയിലെ ഒരു മെംബരായിരിക്കുന്നതല്ല; അയാൾക്ക ന്യായമായ കാര്യത്തിലും (ചോട്ടിനു) സ്വാഭിപ്രായം പറയുന്നതിനു അധികാരവുമില്ല.

൭൬. പ്രോസിക്യൂട്ടരായിരിക്കുന്നതിനു ഒരു ആഫീസരെ നിയമിക്കുന്നതാകുന്നു. എല്ലാ സാക്ഷികളും ഹാജരായിട്ടുണ്ടോ എന്നും, വാദിഭാഗം സാക്ഷികൾ കേസിനെ സംബന്ധിച്ചു തന്നെ തെളിവു കൊടുക്കുന്നുണ്ടോ എന്നും, കേസിനു ആവശ്യമുള്ള എല്ലാ ആധാരങ്ങളും കോട്ടിന്റെ മുമ്പാകെ ഹാജരാക്കപ്പെട്ടിട്ടുണ്ടോ എന്നും നിശ്ചയം വരുത്തേണ്ടതു അയാളുടെ കടമയാകുന്നു.

൭൭. എല്ലാ കൊട്ടുമാഷ്യൽ സഭയുടെയും, വിസ്താരപ്രവൃത്തികളെ മേൽവിചാരം ചെയ്യുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നതിനു 'സൂപ്പരിന്റെണ്ടിംഗ് ആഫീസർ' എന്ന പേരായി ഒരു യൂറോപ്യൻ ആഫീസർ നിയമിക്കപ്പെടുന്നതാകുന്നു (൨-ാം അനുബന്ധം നോക്കുക) ന്യായവിസ്താരപ്രവൃത്തികളെ മേൽവിചാരം ചെയ്യുന്നതിലേക്ക യൂറോപ്യൻ ആഫീസർ ആരെയും കിട്ടിയില്ലെങ്കിൽ വിസ്താരപ്രവൃത്തികളെ മേൽവിചാരം ചെയ്യുന്നതിലേക്കും കൊട്ടുമാഷ്യൽ നടക്കുന്നതു സാധിക്കുന്നതിലേക്കും തക്ക പ്രാപ്തനായ ഒരു ആഫീസരെ ഗവർന്മെന്റു നിയമിക്കണമെന്നുള്ള ഒരു അപേക്ഷയോടുകൂടി കമാണ്ടാന്റു ആ സംഗതിയെ ഗവർന്മെന്റിലേക്ക റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

൭൮. ഒരു കൊട്ടുമാഷ്യലിന്റെ മുമ്പെ ഹാജരാകുന്ന എല്ലാ സാക്ഷികളെയും കൊട്ടുമാഷ്യലിലെ എല്ലാ മെംബർമാരുടെയും കുറ്റക്കാരന്റെയും മുമ്പിൽ വെച്ചു വിസ്തരിക്കേണ്ടതാകുന്നു.

൭൯. ഗവർന്മെന്റു ആജ്ഞാപിക്കാവുന്ന ഭേദഗതികൾക്കും തെളിവു സംബന്ധിച്ചു കൂടുതൽ ചട്ടങ്ങൾക്കും ഉൾപ്പെട്ടു തിരുവിതാംകോട്ടിൽ നടപ്പിലിരിക്കുന്ന തെളിവു നിയമം കൊട്ടുമാഷ്യലിലെ വിചാരണകൾക്കെല്ലാം സംബന്ധിക്കുന്നതാകുന്നു.

൮൦. സാക്ഷിയെ, വിളിക്കുന്ന ആൾ വിസ്തരിക്കാവുന്നതും മറ്റു കക്ഷി അയാളെ എതിർ വിസ്താരം ചെയ്യാവുന്നതും, എതിർ വിസ്താരത്തിൽ ഉത്ഭവിച്ചതായ സംഗതികൾക്ക സാക്ഷിയെ വിളിച്ച ആൾ പുനർ വിസ്താരം ചെയ്യാവുന്നതും ആകുന്നു.

൩൧൮. സാക്ഷികളെ കൊട്ടിനുമുമ്പാകെ ഓരോരുത്തനെയായി വിളിക്കയും ഓരോരുത്തനെയായി വിസ്താരിക്കയും ചെയ്യേണ്ടതാകുന്നു. ഒരു സാക്ഷിയെ വിസ്തരിക്കുമ്പോൾ കൊട്ടിലൊ കൊട്ടിലെ നടപടികൾ കേൾക്കാവുന്ന വിധത്തിലൊ മറ്റു യാതൊരു സാക്ഷിയും ഹാജരായിരിക്കരുതു.

൩൧൯. ഒരു കൊട്ടുമാർഷ്യൽ സഭക്കാരുടെ ഓരോ തീർപ്പും ഏതു ഭാഗത്തേക്ക (അനുകൂലാഭിപ്രായങ്ങൾ) വോട്ടുകൾ അധികമൊ, ആ ഭാഗം തീർച്ചയാക്കണം. കുററത്തെക്കുറിച്ചുള്ള അഭിപ്രായത്തിന്റെയൊ ശിക്ഷാവിധിയുടെയൊ സംഗതിയിൽ വോട്ടുകൾ ഇരുഭാഗവും തുല്യമായിരിക്കുമ്പോൾ തീർപ്പു, തടവുകാരനു അനുകൂലമായിരിക്കണം. കുററത്തെക്കുറിച്ചുള്ള അഭിപ്രായമൊ ശിക്ഷാവിധിയൊ അല്ലാത്ത എല്ലാ സംഗതികളിലും പ്രസിഡെണ്ടിനു കൂടുതലായ ഒരു വോട്ടു ഉണ്ടായിരിക്കുന്നതാകുന്നു.

൩൨൦. താഴെ പറയുന്ന സംഗതികളിലൊഴികെ, കുററപത്രത്തിൽ പറഞ്ഞിട്ടുള്ള കുററമൊ കുററങ്ങളൊ അല്ലാതെ, മറെറാരു കുററത്തിനു ഒരു തടവുകാരന്റെ മേൽ കുററസ്ഥാപനം ആകാവുന്നതല്ല.

ഇങ്ങിനെയുള്ളവൻ ആദ്യമായി വൊട്ട കൊടുക്കണമെന്നു പ്രസിഡണ്ടു ആജ്ഞാപിക്കെണ്ടതും, പിന്നീട്ടു ശമ്പളം കുറക്ക കൂടുതൽ സ്ഥാനവലിപ്പമുള്ള മെംബർ വൊട്ട കൊടുക്കെണ്ടതും, പ്രസിഡണ്ടു ഒടുവിൽ വൊട്ട കൊടുക്കെണ്ടതും ആകുന്നു.

൭൭. ൩ാം അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ ഡിഭാഷിയൊ സൂപ്രിൻടെൻഡിങ്ങ് ആഫീസരൊ പ്രെസിഡണ്ടിനെയും ഓരൊ മെംബർമാരെയും കൊണ്ടു പിന്നീടു സത്യം ചെയ്യിക്കയൊ സത്യവാചകം പറയിക്കയൊ ചെയ്യെണ്ടതും അതിൽ പിന്നെ സൂപ്രിൻടെൻഡിങ്ങ് ആഫീസർ സത്യവാചകം ആരും പറഞ്ഞുകൊടുക്കാതെ തന്നെ ൩ാം അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ഫാറത്തിൽ സത്യം ചെയ്യെണ്ടതും ആകുന്നു.

൭൮. ഒരു കൊട്ടുമാർഷ്യലിൽ തെളിവു കൊടുക്കുന്ന ഓരൊ ആളെക്കൊണ്ടും അയാളെ വിസ്തരിക്കുന്നതിനു മുമ്പെ ൩ാം അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ഫാറങ്ങളിൽ വെച്ചു യുക്തമായ പ്രകാരത്തിൽ സത്യം ചെയ്യിക്കയൊ സത്യവാചകം പറയിക്കയൊ ചെയ്യെണ്ടതാകുന്നു.

൭൯. കൊട്ടിലെ മെംബർമാർ വല്ല ആലൊചനയും നടത്തുമ്പൊൾ, അവിടെ നിന്നു മറ്റെല്ലാ ആളുകളെയും ബഹിഷ്കരിക്കാവുന്നതാകുന്നു.

൮൦. ഒരെ കൊട്ടുമാർഷ്യൽ ഒന്നിലധികം വിചാരണകൾ നടത്തുമ്പൊൾ ആ വിധം ഓരൊ വിചാരണക്കും കൊട്ടിലെ ഓരൊ ആഫീസരും ഓരൊ സാക്ഷിയും പുതുതായി സത്യം ചെയ്കയൊ സത്യവാചകം പറകയൊ ചെയ്യണം.

൮൧. ഓരൊ കൊട്ടുമാർഷ്യലിലെയും വിസ്താര പ്രവൃത്തികളെ പ്രസിഡണ്ടും മെംബർമാരും ഒപ്പിട്ടതിന്റെ ശെഷം അവയെ സ്ഥിരപ്പെടുത്തുന്നതിനായി സൂപ്രിൻടെൻഡിങ്ങ് ആഫീസർ കമാണ്ടാൻറിനു കവറിൽ ഇട്ടു മുദ്രവെച്ചു അയക്കെണ്ടതാകുന്നു കല്പിച്ചു സ്ഥിരപ്പെടുത്തെണ്ടതായ എല്ലാ സംഗതികളിലും കമാണ്ടാൻറു വിസ്താരപ്രവൃത്തികളെ കൊട്ടാരത്തിൽ അയക്കുന്നതിനായി സ്വന്തം അഭിപ്രായത്തൊടുകൂടി ഹജൂരിൽ അയച്ചു കൊടുക്കെണ്ടതാകുന്നു. സ്ഥിരപ്പെടുന്നതു വരെ വിചാരണയുടെ ഫലമായ യാതൊരു അഭിപ്രായവും തീർപ്പും സാധുവാകുന്നതല്ല.

൬൨. സ്ഥിരപ്പെടുത്തുന്ന അധികാരസ്ഥൻ ഒരു കൊട്ടുമാർഷ്യലിന്റെ വിചാരണയുടെ ഫലമായ അഭിപ്രായത്തെയൊ തീർപ്പിനെയൊ സ്ഥിരപ്പെടുത്തുകയൊ സ്ഥിരപ്പെടുത്താതിരിക്കയൊ ചെയ്യുകയാകട്ടെ കൊടുക്കപ്പെട്ട ശിക്ഷയെ കുറയ്ക്കയൊ വെണ്ടന്നു വെയ്ക്കയൊ ചെയ്യുകയാകട്ടെ, കൊട്ടുമാർഷ്യലിനാൽ കുറ്റക്കാരനു വിധിക്കപ്പെടാമായിരുന്ന കുറഞ്ഞ തരത്തിലുള്ള വല്ല ശിക്ഷയായിട്ടും അതിനെ മാറ്റുകയാകട്ടെ, തങ്ങളുടെ അഭിപ്രായത്തെയൊ വിധിയെയൊ രണ്ടിനെയുമൊ വീണ്ടും പര്യാലോചിക്കയൊ പരിശോധിക്കയൊ ചെയ്യുന്നതിലെക്കു വീണ്ടും യോഗം കൂടുന്നതിനു കൊട്ടുമാർഷ്യലൊടു ആജ്ഞാപിക്കയാകട്ടെ ചെയ്യാവുന്നതാകുന്നു. ഈ ആവശ്യത്തിലെക്കു, ഒരു കൊട്ടുമാർഷ്യലിനെ ഒരു പ്രാവശ്യം മാത്രമെ വീണ്ടും യോഗം ചെയ്പ്പിക്കാവൂ.

൬൩. മുമ്പുതന്നെ ഒരു കല്പു കാലത്തെക്കു തടവു വിധിയിൽ ഇരിക്കുന്ന ഒരു കുറ്റക്കാരനു തടവു ശിക്ഷ വിധിക്കുമ്പോൾ തടവു വിധികളുടെ ആകെയുള്ള കാലം ഒരു പ്രത്യെക കുറ്റത്തിനു ശിക്ഷിക്കാവുന്ന കാലത്തെക്കാൾ കൂടുതലായിരുന്നാലും മുമ്പുള്ള ശിക്ഷയുടെ കാലം കഴിയുമ്പോൾ തടവു ശിക്ഷ തുടങ്ങത്തക്ക വിധത്തിൽ വിധിക്കാവുന്നതാകുന്നു.

൬൪. ഒരു കൊട്ടുമാർഷ്യൽ അതിന്റെ വിചാരണയുടെ ഫലമായ അഭിപ്രായത്തെയൊ തീർപ്പിനെയൊ രണ്ടിനെയുമൊ വീണ്ടും പര്യാലോചിക്കയൊ ഭെദഗതി വരുത്തുകയൊ ചെയ്യുന്നതിലെക്കു വീണ്ടും കൂടുമ്പോൾ ആ കൊട്ടു കൂടുതലായ തെളിവു സ്വീകരിക്കാവുന്നതാകുന്നു.

൬൫. ഒരു കൊട്ടുമാർഷ്യൽ അപ്രകാരം വീണ്ടും കൂടുമ്പോൾ, അതിൽ ആദ്യം ഉണ്ടായിരുന്ന ആഫീസർമാർ തന്നെ ഉണ്ടായിരിക്കെണ്ടതാകുന്നു. ഇവരിൽ വല്ലവരും നിവൃത്തിയില്ലാതെ ഹാജരാകാതിരുന്നാൽ ആ സംഗതിയും അതിലെക്കുള്ള കാരണവും നടപടിയിൽ എഴുതെണ്ടതും, കൊട്ടിൽ നിയമപ്രകാരം ഉണ്ടായിരിക്കെണ്ട എത്രയും കുറഞ്ഞ എണ്ണം ആഫീസർമാർ എത്രയൊ അത്രയും പെർ പിന്നെയും കൊട്ടിൽ ഉണ്ടെങ്കിൽ കൊട്ടിൽ നിന്നു റിവിഷൻ നടത്തെണ്ടതും ആകുന്നു.

൬൬. ഒരു കോട്ടമാഷ്ട്രലിന്റെ വിധി മുഖേനല്ലാതെ പ്രസ്താവിക്കപ്പെട്ടിരുന്നാൽ സ്ഥിരപ്പെടുത്തുന്ന അധികാരസ്ഥൻ അതു ശരിയായ ഫാറത്തിലിരിക്കുന്നതല്ലെങ്കിൽ ഫാറത്തെ ഭേദപ്പെടുത്താവുന്നതാകുന്നു; വിധിക്കപ്പെട്ട ശിക്ഷ, അധികാരപ്പെടുത്തപ്പെട്ട ശിക്ഷയെക്കാൾ കവിഞ്ഞതാണെങ്കിൽ, ശിക്ഷ ഈ ചട്ടങ്ങളാൽ അധികാരപ്പെടുത്തപ്പെട്ട ശിക്ഷയെ കവിയാതിരിക്കത്തക്ക വിധത്തിൽ അതിനെ ഭേദപ്പെടുത്താവുന്നതും വിചാരണയുടെ ഫലമായ അഭിപ്രായത്തെയും വിധിയെയും അങ്ങനെ ഭേദപ്പെടുത്തപ്രകാരം സ്ഥിരപ്പെടുത്താവുന്നതും ആകുന്നു.

൬൭. ഈ ചട്ടങ്ങളിൽ സംബന്ധപ്പെടാത്ത വല്ല ആളും കോട്ടമാഷ്യലിന്റെ നേർക്ക് കോട്ടലക്ഷ്യം കാണിക്കയൊ, വല്ല കലശൽ ചെയ്യാൽ കോട്ടമാഷ്യൽ ആ കേസിനെ സ്വീകരിക്കയും താം കൊട്ട ക്രിമിനൽ നടപടി നിയമം ൩൪൫-ാം വകുപ്പിൻ പ്രകാരം അനുസരിച്ച് നടപടി നടത്തുകയും ചെയ്യാവുന്നതാണ്.

൬൮. ഈ ചട്ടങ്ങളിൽ സംബന്ധപ്പെടാത്ത വല്ല ആളും തെളിവു കൊടുക്കുന്നതിനൊ വല്ല ആധാരമൊ ഹാജരാക്കുന്നതിനൊ സമൻസിൽ പറയുന്ന സമയത്ത് ഒരു കോട്ടമാഷ്യലിന്റെ മുമ്പാകെ ഹാജരാകണമെന്നു താൻ ഒപ്പിട്ട സമ്മൻസു അയച്ചു ആവശ്യപ്പെ...

(സമൻസു ഫാറത്തിനു ൪-ാം അനുബന്ധം...)

൬൯. (a) വിചാരണ തുടങ്ങിയതിൽ പിന്നെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം ഒരു കോട്ടമാഷ്യലിനു വേണ്ടതായ ഏറ്റവും കുറഞ്ഞ എണ്ണത്തിനു കുറഞ്ഞുപോകാതെ എണ്ണം ഇല്ലാതാകയൊ,

(b) തീർച്ച പറയുമ്പോഴെ തടവുകാരന്റെ ദീനം നിമിത്തമൊ മറ്റു വല്ല കാരണം കൊണ്ടൊ വിസ്താരം തുടർന്നു നടത്തുന്നതു അസാദ്ധ്യമായി കാണുകയൊ,

ചെയ്യാൽ കോട്ടമാഷ്യൽ പിരിഞ്ഞുപോകേണ്ടതാകുന്നു.

൭൦. ഒരു കോട്ടമാഷ്യൽ അപ്രകാരം പിരിക്കപ്പെട്ട തടവുകാരനെ വീണ്ടും വിസ്തരിക്കാവുന്നതാകുന്നു.

(സി) ശിക്ഷകൾ.

൭൧. ഈ ചട്ടങ്ങളിൽ സംബന്ധപ്പെട്ട ഒരാൾക്ക മൂന്നു മാസ
ത്തേക്കൊ അതിലധികം കാലത്തേക്കൊ തടവു ശിക്ഷക്കു വിധിക്ക
പ്പെടുമ്പോൾ, അയാളെ കമാൻറ് ചെയ്യുന്ന വാറണ്ടോടുകൂടി (സം
ബന്ധം നോക്കുക) കമന്ധാൻറു ഏതാവും അടു ജെയിലി
ൽ വിചാരമുള്ള ആഫീസർക്ക അയക്കേണ്ടതും, അങ്ങിനെയുള്ള
ഫീസർ തടവുകാരനെ തൻെറ സൂക്ഷിപ്പിൽ സ്വീകരിക്കേണ്ട
രവന്നു ശിക്ഷാവിധി നടക്കേണ്ടതും ആകുന്നു.
.. ഈ ചട്ടങ്ങൾ അനുസരിച്ചു ജെയിൽ തടവിലാക്കപ്പെട്ടി
ാ വല്ല ആളും ഏതു വിധി അനുസരിച്ചു അങ്ങിനെ തടവി
പ്പെട്ടുവൊ ആ വിധിയെ റദ്ദ് ചെയ്തിരിക്കുന്നു എന്നൊ ഇള
ിരിക്കുന്നുവെന്നൊ ആകട്ടെ, അങ്ങിനെയുള്ള ആൾക്ക
ട്ടത്തിൽ നിന്നാകട്ടെ ദിവാൻെറയൊ കമന്ധാ
ാ ഒപ്പോടുകൂടിയ പരസ്യം കിട്ടുമ്പോൾ ആ ജെയിലി
ാം വഹിക്കുന്ന ആഫീസർ ആ പരസ്യത്തെ പ്രമാ
അയാളെ വിടുകയൊ മിലിട്ടറി ബന്തോവസ്തിൽ തി
യാ ചെയ്യേണ്ടതാകുന്നു.
ൻറിനാൽ സ്ഥിരപ്പെടുത്തപ്പെട്ട കൊട്ടുമാർഷ്യല
ിവുത്തിക്കളെ അപ്രകാരം സ്ഥിരപ്പെടുത്തപ്പെട്ട
ഗവൺമെൻറിലെക്ക അയക്കേണ്ടതും, കേസിലെ
ാരാംശത്തെ അടിസ്ഥാനപ്പെടുത്തീട്ടുള്ള കാരണ
ഗവൺമെൻറു ശിക്ഷയെ കുറയ്ക്കുകയൊ നടപടികളെ റ
ള്ളാവുന്നതും ആകുന്നു; എന്നാൽ നീതിശാസ്ത്ര
ായ കാരണങ്ങളിന്മേൽ മാത്രം അങ്ങിനെ ചെയ്യാ

-ല്ലാ

൭൩. താഴെ പറയുന്ന കുറ്റങ്ങൾക്ക ഏകാന്ത തടവോടു കൂടി
യൊ കൂടാതെയൊ ഉള്ള ൨ സംവത്സരം വരെ വരാവുന്ന കാല
ത്തെക്ക കഠിന തടവു കൊണ്ടൊ (കഠിന പണിയോടു കൂടിയതു)
വെറും തടവു കൊണ്ടൊ ആകട്ടെ, ഒരു കൊട്ടുമാർഷ്യൽ വിധി
ക്കാവുന്ന കുറഞ്ഞ തരം ശിക്ഷകൊണ്ടാകട്ടെ ശിക്ഷിക്കാവുന്നതാ
കുന്നു:—

സർക്കാരിനു നേരെ ദ്രോഹമായി കലഹിക്കയും മത്സരിക്കയും
ചെയ്ക.

(൧) പട്ടാളംവിട്ടു ഓടിപ്പോകു:—

(൨) ഓടിപ്പോകാൻ ശ്രമിക്ക—

(൩) കളവു കാ..., മോശം വരുത്തേണ മെന്നുള്ള വിചാരത്തോടെ അവിഹിതമായി മുതൽ അടക്കം കററം, അല്ലെങ്കിൽ വിശ്വാസവഞ്ചന കററം മൊശം വരുത്തേണമെന്നുള്ള വിചാരത്തോടെ കളവു മുതൽ വാങ്ങുകയൊ കൈവശത്തിൽ വച്ചുകൊണ്ടിരിക്കയൊ ചെയ്യുന്ന കററം—

(൪) അധികം കഠിനമായ ശിക്ഷ വിധിക്കത്തക്ക അവസ്ഥകളിൽ ചെയ്യു കററം

ഒരു കൊട്ടമാഷൽ സഭമുമ്പാകെ ശിക്ഷ കററം ചു മത്തപ്പെട്ട ഒരാളുടെ മെൽ

ടി

ടി

ടി

(൧) ...തൊ ...പ്രായതൊ അധികൂടാതെ ...പ്രായിരുന്നതൊ ആയ ക...

ഹാജരില്ലാ... കററവും

(൨) ഓടിപ്പൊ... ഹാജരി... ...വും

(൩) ഈ കററങ്ങളിൽ ഏതെങ്കിലും ഒരു കററവും

(൪) ചുരുങ്ങിയ ശിക്ഷ വിധിക്കത്തക്ക അവസ്ഥകളിൽ അതെ കററം ചെയ്യാലത്തെ കററവും

ചെയ്തിട്ടുള്ളതായി കററപ്പെടുത്താം.

൭൫

൫൪. തടവുകാരൻ കുറ്റം ചെയ്തുവെന്ന വാദിക്കുന്നതാ[illegible] കുറ്റം ചെയ്തിട്ടില്ലെന്ന വാദിക്കുന്നതായാലും അയാളുടെ [illegible] വൊ എന്തുതന്നെയായിരുന്നാലും, അയാളുടെ മെൽ കൊ[illegible] ന്നിട്ടുള്ള കുറ്റത്തെപ്പറ്റി കൊട്ടുമാഷ്യൽ തെളിവു എടുക്കെ[illegible] കുന്നു.

൫൫. കൊട്ടുമാഷ്യൽ നടത്തുന്ന ഒരു വിചാരണയിൽ, കെ[illegible] ട്ടുകയും മൊഴിസാക്ഷി സത്യംചെയ്യുകയും ചെയ്തതിൽപിന്നെ, തട[illegible] റന്റെ മുമ്പിൽവെച്ചു പ്രെസിഡണ്ടിന്റെയും മെംബർമാ[illegible] പെർ വായിക്കെണ്ടതും, അവർ ഓരൊരുത്തരും [illegible] യിച്ചു ഉടൻ ഹാജർ പറയെണ്ടതും [illegible] ക്കുന്നവരിൽ ആരെക്കൊണ്ടെ[illegible]ന്നു. കൊട്ടായി ചെ[illegible] വുകാരനു ആക്ഷെപ[illegible] വിസ്തരിക്കപ്പെടുന്നതിന[illegible] ക്കെണ്ടതാകുന്നു ([illegible] ഉണ്ടൊ എന്നു അയാളൊടു ചൊദി[illegible] [illegible] അനുബന്ധം നൊക്കുക) ഏതെങ്കിലും വി[illegible]ം ഉണ്ടായിരുന്നാൽ തടവുകാരന്റെ ആക്ഷെപവാദത്തെയും, ആ ആഫീസരുടെ സമാധാനത്തെയും കെട്ട രെഖപ്പെടുത്തുന്നതും, പിന്നെ ആക്ഷെപവാദം പറയപ്പെട്ട ആഫീസരും തടവുകാരനും ഇല്ലാതിരിക്കുന്ന സമയത്തു വാദത്തെപ്പറ്റി കൊട്ടു തിരുമാനിക്കുന്നതും ആകുന്നു. ആക്ഷെപവാദം അനുവദിക്കപ്പെട്ടാൽ ആക്ഷെപവാദം പറയപ്പെട്ട ആഫീസർ ഉടൻതന്നെ പൊകെണ്ടതും, ആ വിസ്താരപ്രവൃത്തികളിൽ പിന്നീടു ഏല്പെട്ടിരിക്കാൻ പാടില്ലാത്തതും ഒഴിഞ്ഞ സ്ഥാനത്തു തൽക്കാലം ഹാജരുള്ള ആഫീസർമാരിൽ ഒരാളെ ഉടൻതന്നെ നിയമിക്കെണ്ടതും ആകുന്നു. അങ്ങനെ ഹാജരുള്ളതായി ആഫീസർ ഇല്ലാതിരുന്നില്ലെങ്കിൽ, കൊട്ടുകെസിനെ നീക്കിവെച്ചു അതിനെപ്പറ്റി കമണ്ഡാൻറിനു റിപ്പൊട്ടു ചെയ്യുന്നതും, കമണ്ഡാൻറു മറ്റൊരു ആഫീസരെ മെംബരായി നിയമിക്കുന്നതും ആകുന്നു. ആക്ഷെപവാദം സാധുവായി കാണപ്പെടാഞ്ഞാൽ കൊട്ടു തടവുകാരന്റെ മെൽ വിചാരണ നടത്തുന്നതാകുന്നു. ഒരു കൊട്ടുമാഷ്യലിലെ മെംബർമാർ തങ്ങളുടെ സ്ഥാനവലിപ്പം മുറക്ക കൊട്ടിൽ ഇരിക്കയും അവരിൽ ഏറ്റവും സ്ഥാനവലിപ്പമുള്ള ആൾ പ്രെസിഡണ്ടായിരിക്കയും ചെയ്യുന്നതാകുന്നു.

൫൬. വല്ല കാൎയ്യത്തിലും വൊട്ടു എടുക്കുമ്പൊൾ, സ്ഥാനത്തിൽ

പട്ടാളം വിട്ടു ഓടിപ്പോയവനെ പട്ടാളത്തിൽ ചേർക്കുക.
കല്പനയിനെയോ യാത്ര ലൈനിനെയോ വിട്ടുപോകുക.
അനുവദിക്കാതെ കാവലിനെയോ പാർട്ടിയെയോ വിട്ടുപോകുക.
പട്ടാളത്തിൽ ചേരുമ്പോൾ മനഃപൂർവം കളവായ ഉത്തരം പറയുക.
ശരിയായക്രമത്തിനും മിലട്ടറി അച്ചടക്കത്തിനും വിരോധമായ നടത്ത

൬൨. ഈ ചട്ടങ്ങൾ സംബന്ധിക്കുന്ന എല്ലാ ആളുകളും കോട്ടുമാർഷ്യലാൽ കുറ്റപ്പെടുത്തപ്പെടുമ്പോൾ അവർക്കുള്ള ശിക്ഷകൾ താഴെ പറയുന്നവയാകുന്നു.

ആഫീസർമാർ.

(൧) ഏകാന്തതടവോടുകൂടിയോ കൂടാതെയോ കഠിനപണിയോടുകൂടിയോ കൂടാതെയോ ഉള്ള തടവുശിക്ഷ.
(൨) ജീവനത്തിൽ നിന്നും നീക്കൽ.
(൩) സസ്പെണ്ട് ചെയ്യൽ.
(൪) (സ്റ്റാൻഡിങ്ങ്) സ്ഥാനമാനം ഇല്ലാതാക്കൽ.
(൫) താക്കീത് അല്ലെങ്കിൽ കഠിനമായ താക്കീത്.
(൬) ശമ്പളത്തിന്റെയും അലവൻസിന്റെയും കുടിശിക ഇല്ലാതാക്കൽ.
(൭) ശമ്പളപ്പിടിത്തങ്ങൾ

ശേഷമുള്ള എല്ലാവർക്കും.

(൧) കഠിന പണിയോടുകൂടിയോ കൂടാതെയോ ഏകാന്തതടവോടുകൂടിയോ കൂടാതെയോ തടവു ശിക്ഷ.
(൨) ജീവനത്തിൽനിന്നു നീക്കൽ.
(൩) താണഗ്രേഡിലേക്കോ റാങ്കിലേക്കോ താഴ്ത്തുക.
(൪) ശമ്പളക്കുടിശികയോ അലവൻസോ ഇല്ലാതാക്കുക.
(൫) ശമ്പളപ്പിടിത്തം

൬൩. മേലെഴുതിയ ശിക്ഷകൾ ഒന്നോടുകൂടിത്തന്നെ ജീവനത്തിൽ നിന്ന് നീക്കാവുന്നതാകുന്നു.

൧൯ാം താഴെ പറയുന്ന കാര്യത്തിൽ ഒന്നു സ്ഥാപനാർഹപ്പെട്ടാൽ [illegible] ശിക്ഷ [illegible] ചെയ്തവനെ ജീവപര്യന്തം [illegible] അവ [illegible] വയിൽ [illegible]

൧ാമത് അപഹരണം.
ഗവർമെന്റ് മുതൽ നശിപ്പിക്ക
കള്ളസാക്ഷ്യം കൊടുക്കുക

൨൦ ഏതെങ്കിലും കുറ്റം സ്ഥാപനാർഹപ്പെട്ടാൽ, കുറ്റപ്പെട്ടവനെ ജീവപര്യന്തത്തിനു നിശ്ചയിക്കപ്പെട്ട ജീവനത്തിൽ നിന്നു നീക്കൽ അടങ്ങിയ വല്ല ശിക്ഷയോ നിയമിച്ചിരിക്കുന്നു [illegible] അതുകൂടാതെ [illegible] ചെയ്യുന്ന [illegible] വ [illegible] അവരെ [illegible] ചെയ്യു [illegible] വല്ല നഷ്ടത്തിനോ [illegible] അവ്യക്തമെങ്കിൽ കുറ്റത്താലും [illegible] ഒരു [illegible] ഉള്ള [illegible] എന്നു [illegible] ഉണ്ടാകണം എന്നുകൂടി [illegible]

൨൧ ഒരു കൊട്ടുമാത്രൽ ജീവനത്തിൽനിന്നു നീക്കലോ ജീവനത്തിൽ നിന്നു [illegible] അല്ലാത്ത വല്ല [illegible] ചെയ്യ [illegible] ഉള്ള [illegible] വല്ല നഷ്ടം [illegible] ചെയ്യപ്പെട്ട [illegible] പിടിക്കുന്നതിനും [illegible] ആകുന്നു

൨൨ ഈ ചട്ടങ്ങൾ അനുസരിച്ച് ശിക്ഷിക്കപ്പെടാവുന്ന വല്ല [illegible] ഉത്സാഹിപ്പിക്കുന്ന വല്ല [illegible] കുറ്റത്തിനു [illegible] ശിക്ഷിക്കാവുന്നതാകുന്നു

൨൩ [illegible] കാലത്തേക്കു [illegible] അധിക കാലത്തേക്കു [illegible] ശിക്ഷ [illegible] വിധിയിൽ ജീവനത്തിൽനിന്നു നീക്കൽ ഉൾപ്പെട്ടിരിക്കും.

൮൪. തടവു ശിക്ഷ വിധിക്കുന്നതിനു കൂടാതെ, അപ്പീസർമാരെ ഉദ്യോഗത്തിൽനിന്നു നീക്കുകയോ [illegible] ഉദ്യോഗസ്ഥന്മാരെ [illegible] കൂടി [illegible] ചെയ്യുന്നു.

൮൫. മൂന്നുമാസത്തിനു [illegible] കാലത്തേക്കു [illegible] കൂടിയ തടവുശിക്ഷ വിധിക്കുകയും [illegible] മിലിട്ടറി ബംഗ്ലാവിൽ നടത്തപ്പെടുന്നു.

൮൬. [illegible] ഒരു ഭാഗം [illegible] യിരിക്കണം. [illegible] യിലും [illegible] ദിവസത്തിൽ കൂടുതൽ [illegible] കാലങ്ങൾക്കു ഇടക്കുള്ള [illegible] ദിവസത്തിൽ [illegible] ക്കാൻ പാടില്ലാത്തതാകുന്നു.

൮൭. [illegible] വിധിച്ചിട്ടുള്ള തടവുശിക്ഷ [illegible] കൂടുതലാ യ കാലത്തേക്കു [illegible] ഒരു മാസത്തിൽ ഒരു ദിവസത്തിലധികം [illegible] ഇടക്കുള്ള [illegible] ദിവസത്തിൽ [illegible] യും അരുതു.

൮൮. [illegible] ചെയ്യുന്നതു [illegible]

൮൯. [illegible] വിധിക്കുന്നതു [illegible] സംഗതിയിൽ [illegible] യോ എല്ലാവർക്കും [illegible]

൯൦. [illegible] കഠിനമായ [illegible] ഗേഡിലെ [illegible] അപ്പീസർമാരെയും [illegible] ൾക്കു [illegible]

൯൧. [illegible]

൯൨. [illegible] തിൽ ശിക്ഷ [illegible] കയോ അവിഹിതമായി [illegible] ചെയ്യുന്നതു [illegible]

പ്പിടിത്തം ശിക്ഷയായി വിധിക്കാവൂ; ആ തടവുകാരന്റെ മാസശമ്പളത്തിൽ മൂന്നിലൊരംശം വീതമായി ഈടാക്കേണ്ടതാകുന്നു.

൯൩. ആയുധങ്ങളൊ വെടിയുണ്ടസാമാനങ്ങളൊ കളഞ്ഞുപൊകുന്നെല്ലാ സംഗതികളിലും, അവ ആരുടെ ചാൎജിൽ ഇരുന്നുവൊ ആ ആളൊ ആളുകളൊ കൊൎട്ടുമാൎഷ്യലാൽ വിസ്തരിക്കപ്പെടെണ്ടതാകുന്നു. ആ കളഞ്ഞുപൊയതിലെക്കുള്ള ഉത്തരവാദിത്വം തനിക്കല്ലെന്നു തെളിയിക്കെണ്ടതു കുററക്കാരൻ ആകുന്നു.

൯൩. കളഞ്ഞുപൊകുന്ന എല്ലാ ആയുധങ്ങൾക്കും വെടിയുണ്ടസാമാനങ്ങൾക്കും, കാറ ചെയ്ത ആളിൽ നിന്നൊ ആളുകളിൽ നിന്നൊ താഴെ പറയുന്ന വിധം ഈടാക്കുന്നതാകുന്നു; കൊൎട്ടുമാൎഷ്യൽ മറ്റു വല്ല ശിക്ഷയും വിധിക്കുന്നതിനു പുറമെ, ഈ തുകകളെ തടവുകാരന്റെ ശമ്പളത്തിൽ നിന്നു പിടിക്കേണ്ടതിന്നു ലക്ക വിധിക്കേണ്ടതാകുന്നു

	ക.
ഓരൊ സ്നൈഡർ മസ്കററിന്നു	൪൯—൧൪—൯
ഓരൊമസിൽലൊഡിങ്ങ് മസ്കററിന്നു	൨൪— ൨— ൦
ഈ സാമാനങ്ങൾക്ക അതതിന്റെ ശരിയായ വിലയിൽ ഇരട്ടി, ഒന്തായതു S B സ്നൈഡർ മസ്കററുകൾ, നൂററിന്നു	൯— ൦ — ൦
S. B. മസിൽ ലൊഡിങ്ങ്, നൂററിന്നു	൩—൧൪—൯

അദ്ധ്യായം ൫.

പൂർണ്ണമായ ഒരു കുറ്റപത്രത്തിനു ഉദാഹരണം.

കുറ്റപത്രം

മലയാം പട്ടാളം ൧ാം പട്ടാളത്തിൽ ൫൩൦-ാം നമ്പർ ശിപായി കൃഷ്ണപിള്ളയായ തടവുകാരന്റെ* മേൽ താഴെ പറയുന്നപ്രകാരം കുറ്റം ചുമത്തിയിരിക്കുന്നു —

ഒന്നാമത്തെ കുറ്റം— തന്റെ മേലുദ്യോഗസ്ഥനായ

തടെ ന്യായമായ

ആജ്ഞയെ ലംഘിച്ചതു, എന്തെന്നാൽ,

കമാണ്ടിങ്ങ് ആഫീസരുടെ കബോതരിനു പോകണമെന്നു തന്റെ മേലുദ്യോഗസ്ഥനായ ടി പട്ടാളം ജമേദാർ ഗോവിന്ദപ്പിള്ള ന്യായമായി ആജ്ഞാപിച്ച ആജ്ഞയെ അപ്രകാരം പോകാതിരുന്നുകൊണ്ടു ൧൯൦൫ ജൂലൈ ൧൫ തിരുവനന്തപുരത്തു വച്ചു ലംഘിച്ചു എന്നു

രണ്ടാമത്തെ കുറ്റം.—

ായ തന്റെ ജോലി ചെയ്യുന്നതിൽ തന്റെ മേലുദ്യോഗസ്ഥനൊടു ഗൗരവപ്പെട്ട വിധത്തിൽ വണക്കമില്ലാത്തവനായിരുന്നു.—

തന്റെ മേലുദ്യോഗസ്ഥനായ അതേ പട്ടാളത്തിലുള്ള ജമേദാർ ഗോവിന്ദപ്പിള്ള അയാളുടെ ജോലി ചെയ്തിരിക്കെ ൧൯൦൫ ജൂലൈ ൧൫ "തന്നെപ്പോലുള്ള ഒരാളുടെ ഉത്തരവിന്മേൽ ഞാൻ ഗാഡ്പുരയിലേക്കു പോകയില്ലാ" എന്നു ജമേദാർ ഗോവിന്ദപ്പിള്ളയോടു പറഞ്ഞു.

ഉത്തരവിൻപ്രകാരം

തിരുവനന്തപുരം

൧൯൦൫ ജൂലൈ ൧൬

---

*തടവുകാരന്റെ പൂർണ്ണമായ വിവരണവും പൂർണ്ണമായ പേരും എല്ലാ സംഗതിയിലും ചേർക്കേണ്ടതാകുന്നു.

അനുബന്ധം ഖ.

മലയാളം പട്ടാളത്തിൽ കവാത്തിനു ശിക്ഷിക്കുന്നതിനുള്ള ഉള്ള പട്ടങ്ങൾ അനുസരിച്ചു കൂടുന്ന കോർട്ടുമാർഷ്യലിലെ പ്രൊസീഡിംഗ്സിന്റെ ഫാറം.

(കടലാസിൽ ഒരുവശത്തുമാത്രമെ എഴുതാവു)

ന്‍ ൦ വർഷം മാസം നു മലയാളം
പട്ടാളം ....മന്ധ ... ഉത്തരവിൻപ്രകാരം
ന്‍ ൦ വർഷം മാസം നു

കൂടിയ കോർട്ടുമാർഷ്യലിലെ പ്രൊസീഡിംഗ്സ്

പ്രസിഡണ്ടു

രാങ്ക	പേർ	പട്ടാളം
....	....	....

മെംബർമാർ

....	....	....
....	....	....
....	....	....

മൊഴിമാറ്റം ചെയ്യുന്ന ആഫീസർ

....	....	....

(a)
ഉപിടാകി

പകൽ	മണിക്ക	
....	....	....

(F) പ്രൊസീഡിംഗ്സ് മുഴുവനും എഴുതുന്ന കടലാസിനെ കൂട്ടർ കൂട്ടമായി മടക്കി അതിൽ വായിക്കത്തക്കതായ നല്ല അക്ഷരത്തിൽ എഴുതണം. അക്ഷരങ്ങൾ ചുരുക്കി എഴുതിക്കൂടാ A. M., P. M. എന്നീ സാധാരണമായ സംഗ്രഹ പദങ്ങൾ അല്ലാതെ മറ്റു സംഗ്രഹപദങ്ങൾ ഉപയോഗിക്കരുതു. വശങ്ങൾക്കും ചോദ്യങ്ങൾക്കും നമ്പർ ഇടണം. സൂപ്രണ്ടു ചെയ്യുന്ന ആഫീസർ പ്രൊസീഡിംഗ്സിനെ ഒപ്പിട്ടു അവസാനിപ്പിക്കയും ചെയ്യണം. പ്രൊസീഡിംഗ്സിനെ ടേപ്പ് കൊണ്ടു മുറിയാതെ കെട്ടിവെക്കണം. കടലാസുകളെ നിരത്തിൽ കെട്ടണം. അക്ഷരങ്ങൾ മായിക്കപ്പെടുന്നതു ആവശ്യമായിരുന്നാൽ സൂപ്രണ്ടു ചെയ്യുന്ന ആഫീസർ അതിനെ ചുരുക്കി ഒപ്പുവെക്കണം.

(a) കോർട്ടു അടച്ചിരുന്നാലും അടക്കാതിരുന്നാലും നടപടി മുഴുവൻ തീരുന്നതുവരെ ഉപിടാകി കോർട്ടിലുണ്ടായിരിക്കേണ്ടതാകുന്നു.

കൊട്ടിന്റെ (a) മുമ്പാകെ [illegible] തടവുകാരനായി [illegible] വരപ്പെട്ട [illegible] (b) [illegible] ഖിദാമി [illegible] സത്യം ചെയ്യുകയോ സത്യവാചകം പറകയോ ചെയ്യുന്നുണ്ട്.

കൊട്ടിനെ ഏല്പിക്കുന്നതിനും കൊട്ടു കൂടുന്നതിനും [illegible] തടവുകാർ സൂപ്രണ്ടണ്ടു ആഫീസർ [illegible] ശ്രദ്ധിക്കയും ഒപ്പിടുകയും ചെയ്തതിൻ പിന്നെ, അവയെ പ്രോസിക്യൂഷനോടുകൂടി (c) ചെത്തുകൊണ്ടുക്കണം. [illegible] പ്രോസിക്യൂട്ടറായി ഹാജരാകയും കൊട്ടിൽ [illegible] (d) [illegible] ചെയ്യുന്ന

കൊട്ടായി ചെന്നിരിക്കുന്ന ആഫീസർമാരുടെ പേരുകളെ തടവുകാരൻ കേൾക്കത്തക്കവിധത്തിൽ [illegible] ഹാജരിസർമാർ ഓരോരുത്തനും തന്റെ പേർ (e) വായിക്കുമ്പോൾ ഹാജരുണ്ടെന്നുള്ള [illegible] പറയണം.

(a) [illegible] തടവുകാരന്റെ [illegible] ചെയ്യണം.

(b) കൊട്ടു [illegible] തടവുകാരന്റെ [illegible] ആകുന്നു.

(c) [illegible] A എന്ന അക്ഷരംകൊണ്ടു [illegible]

(d) [illegible] സാക്ഷിയാണെങ്കിൽ [illegible] ആകുന്നു.

(e) സൂപ്രണ്ടണ്ട് [illegible] ആഫീസർമാർ [illegible] സത്യം ചെയ്യുകയോ സത്യവാചകം പറകയോ ചെയ്യുന്നു.

സുപ്രീംകോൎട്ട് വിധി ആഫീസർ തടവുകാരനോടു ചോദിക്കേണ്ട ചോദ്യങ്ങൾ.

ചോദ്യം താൻ പേരുകൾ വായിച്ചുകേട്ട ആഫീസർമാരിൽ ആരെയെങ്കിലും വിസ്തരിക്കപ്പെടുന്നതിൽ തനിക്ക വല്ല ആക്ഷേപവും ഉണ്ടോ?

ഉത്തരം

൧ാമത്തെ വ്യത്യാസം.

ആഫീസർമാരെ നിഷേധിക്കൽ.

ഉ എന്ന

ഞാൻ വിരോധവാദം പറയുന്നു.

ചോ മറ്റു വല്ല ആഫീസരുടെയും കാൎയ്യത്തിൽ തനിക്ക ആക്ഷേപമുണ്ടോ? (എല്ലാ ആക്ഷേപങ്ങളും നിൎണ്ണയിക്കുന്നതുവരെ ൧ാം ചോദ്യം വീണ്ടും ചോദിക്കേണ്ടതാകുന്നു)

ഉ

ചോ. തടെ കാൎയ്യത്തിൽ തനിക്കുള്ള വിരോധാക്ഷേപം എന്താകുന്നു?

ഉ.

തടെ കാൎയ്യത്തിൽ തനിക്കുള്ള ആക്ഷേപവാദത്തിന്ന അവലംബമായി, ഇന്നാരെ വിളിക്കുന്നതിലെക്ക അനുവാദത്തിന്ന തടവുകാരൻ അപെക്ഷിക്കുന്നു കൊട്ടിലെക്ക വിളിക്കപ്പെടുകയും, തടവുകാരനാൽ ചോദിക്കപ്പെടുകയും ചെയ്യുന്നു.

ചോ ?

ഉ.

നിഷെധിക്കപ്പെട്ട ആഫീസർ ആയ താൻ പറയുന്ന ഉത്തരം പറകയും അവിടുന്ന പൊകയും ചെയ്യുന്നു

ആക്ഷേപവാദത്തെപ്പററി പൎയ്യാലോചിക്കുന്നതിലെക്ക കൊട്ട നിൎത്തിവെക്കപ്പെടുന്നു.

തീരുമാനം ആക്ഷേപവാദത്തെ കൊട്ട അനുവദിക്കുന്നില്ല.

കൊട്ട വീണ്ടും കൂടുകയും, മെല്പറഞ്ഞ തീരുമാനത്തെ തടവുകാരനെ തെരിയപ്പെടുത്തുകയും ചെയ്യുന്നു

കൊട്ടിൽവന്നു തന്റെ സ്ഥാനത്തിൽ വീണ്ടും ഇരിക്കയും, വിചാരണ മെൽ നടക്കയും ചെയ്യുന്നു.

തീരുമാനം. ആക്ഷെപവാദത്തെ കൊട്ട് അനുവദിക്കയും,

ഇന്നാർ കൊട്ട് വിട്ടുപൊകയും ചെയ്യുന്നു (കൊട്ട് വിട്ടുപൊകുന്ന ആഫീസരുടെ സ്ഥാനത്തിൽ ഇരിക്കുന്നതിലെക്കു കാത്തിരിക്കുന്ന മെംബർ ആരും ഇല്ലെങ്കിൽ കൊട്ട് മറെറാരു ദിവസം കൂടുന്നതിനായി അപ്പൊഴത്തെക്കു പിരിയെണ്ടതാകുന്നു)

പുതുതായി ഒരു ആഫീസരെ നിയമിക്കുന്നതിലെക്കായി കൊട്ട് തൽക്കാലത്തെക്കു പിരിയുന്നു

പുതിയ ആഫീസരായ ഇന്നാർ കൊട്ടിലെ ഒരു ആഫീസരായി സ്ഥാനം സ്വീകരിക്കുന്നു (പുതുതായി വരുന്ന ഓരൊ ആഫീസരുടെയും സംഗതിയിൽ മുമ്പു പറഞ്ഞ പൊലെ വിരൊധാക്ഷെപം പറയാനുള്ള അവകാശം തടവുകാരനു കൊടുക്കെണ്ടതാകുന്നു)

൧൮ൻ ൦ം വർഷം മാസം ൹ കൊട്ട് വീണ്ടും യൊഗം കൂടുകയും, ഇന്നാരെ കൊട്ടായി ചെരുന്നതിനു നിയമിച്ചിരിക്കുന്നവെന്നുള്ള ഉത്തരവിനെ വായിക്കയും, അടയാളപ്പെടുത്തുകയും, പ്രെസിഡിംഗ്സിനൊടുകൂടി ചെൎത്തുവയ്ക്കുകയും ചെയ്യുന്നു.

വീണ്ടും കൊട്ട് കൂടുക.

(ആക്ഷെപവാദ വിഷയത്തിൽ മുമ്പു പറഞ്ഞ നടപടിയെ പുതിയ ആഫീസരുടെ സംഗതിയിലും ഇപ്പൊഴും നടത്തെണ്ടതാകുന്നു)

മുമ്പു പറഞ്ഞ നടപടികൾക്കു ശെഷം, കൊട്ട് താഴെ എഴുതിയിരിക്കുന്ന ആഫീസർമാർകൂടി ചെൎന്നതായി തീരുന്നു.

കൊട്ടിലെ ഒരു വിലത്തെ അംഗങ്ങൾ.

പ്രെസിഡണ്ടു.

റാങ്ക്	പെർ	പട്ടാളം
....	....	....

മെംബർമാർ

....	....	....
....	....	....
....	....	....

പ്രെസിഡണ്ടും (ച) മെംബർമാരും മുറപൊലെ സത്യവാചകം പറയിക്കപ്പെട്ടു

സൂപ്പർഇൻറൻഡിംഗ് ആഫീസരും വെണ്ടപൊലെ സത്യം ചെയ്യിക്കപ്പെട്ടു

(കുറിപ്പു. ൻ എല്ലാ സാക്ഷികളും കൊട്ടിൽനിന്ന വെളിയിൽ പൊയ്ക്കൊള്ളുന്നതിനലെക്ക ഇപ്പൊൾ ആജ്ഞാപിക്കപ്പെടുന്നു.)

കുററപത്രം

കുററപത്രം കൊട്ടിനു മുമ്പാകെ വൈക്കപ്പെടുകയും വായിക്കപ്പെടുകയും, എന്നു അടയാളപ്പെടുത്തപ്പെടുകയും സൂപ്പർഇൻറൻഡിംഗ് ആഫീസർ അതിൽ ഒപ്പിടുകയും, പ്രൊസീഡിംഗ്സിനൊടുകൂടി ചെൎത്തു വയ്ക്കുകയും ചെയ്യുന്നു.

കുററം

മുമ്പു പറഞ്ഞ കുററപത്രത്തിൽ പറഞ്ഞിരിക്കുന്ന ഓരൊ കുററത്തെയും കുറിച്ചു തടവുകാരൻ പ്രത്യെകം ചൊദ്യം ചെയ്യപ്പെടുന്നു.

കുററപ്പെടുത്തൽ,

തടവുകാരനൊട ചൊദ്യം

ചൊ. താൻ, വായിച്ചു കെട്ട (ഒന്നാമത്തെ) കുററം ചെയ്തിട്ടുണ്ടൊ ചെയ്തിട്ടില്ലയൊ?

ഉ ... ... (ൻ).

(കുറിപ്പു ൮. ഒന്നിലധികം കുററങ്ങൾ ഉള്ളപ്പൊൾ, ഓരൊ കുററവും കുററത്തിൻെറ നമ്പർ പറഞ്ഞു വായിച്ചതിൽ പിന്നെ മെൽപറഞ്ഞ ചൊദ്യം ചൊദിക്കെണ്ടതാകുന്നു.)

ച. ഏതെങ്കിലും നടപടിയിൽ പ്രെസിഡണ്ടൊ ഒരു മെംബരൊ ഹാജരില്ലായിരുന്നെങ്കിൽ അയാൾ പിന്നീട കൊട്ടിൽ ആ സ്ഥാനം വഹിക്കാൻ പാടുള്ളതല്ല.

ൻ ഉത്തരം കുററം ചെയ്തിട്ടുണ്ട എന്നൊ കുററം ചെയ്തിട്ടില്ല എന്നൊ ആയിരിക്കണം, മററ യാതൊരു വാക്കുകളും ഉപയോഗിച്ചുകൂടാ.

തടവുകാരൻ വാദിക്കാൻ നിരസിക്കൽ

തടവുകാരൻ മനസ്സിലാകത്തക്കവിധത്തിൽ വാദിക്കാത്തതുകൊണ്ടു (അല്ലെങ്കിൽ വാദിക്കയില്ലെന്നു പറയുന്നതിനാൽ അല്ലെങ്കിൽ കുററം ചെയ്തിട്ടുണ്ടെന്നു പറയാത്തതിനാൽ) കുററം ചെയ്തിട്ടില്ലെന്നു വാദിക്കുന്നതായി കൊട്ടു എഴുതേണ്ടതാകുന്നു.

(കുറിപ്പു 3 കുററം ചെയ്തതായി വാദിക്കുന്നതുകൊണ്ടു ചുമത്തപ്പെടുന്ന കുററത്തിന്റെ വസ്തുതകളെ വ്യക്തമായി വിവരിക്കുന്നതിനു മതിയായതായി പ്രാസിക്യൂട്ടർ തെളിവുകൊടുക്കേണ്ട ആവശ്യം ഇല്ലാതാകുന്നതല്ല.)

(പ്രാസിക്യൂട്ടർ ഒരു പ്രസംഗം ചെയ്യുന്ന പക്ഷം)

പ്രാസിക്യൂഷൻ.

പ്രാസിക്യൂട്ടർ താഴെ പറയുന്ന പ്രസംഗം വായിക്കുകയും അതിൽ സൂപ്പർഇൻറൻഡിങ്ങ് ആഫീസർ അടയാളപ്പെടുത്തുകയും ഒപ്പിടുകയും, പ്രൊസിഡിംങ്സിനോടുകൂടി ചേർത്തു വയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

പ്രാസിക്യൂട്ടർ സാക്ഷികളെ വിളിക്കാൻ തുടങ്ങുന്നു

പ്രാസിക്യൂഷൻ ഒന്നാം സാക്ഷി.

ഇന്നാർ ക്രമപ്രകാരം സത്യം ചെയ്യിക്കപ്പെട്ടതിൽ പിന്നെ (അല്ലെങ്കിൽ സത്യവാചകം പറയിക്കപ്പെട്ടതിൽ പിന്നെ) (൪൦)

ഇന്നാരാൽ വിസ്തരിക്കപ്പെടുന്നു.

പ്രാസിക്യൂട്ടരായ ഇന്നാർ (൪൧)

൪൦. നാംപേരും പെരുകളും പട്ടാളവിവരവും മറവിവരങ്ങളും ചേർക്കേണ്ടതും, നാട്ടുകാരുടെ കാര്യത്തിൽ ബ്രാക്കററിൽ അവരുടെ മതം കൂടി ചേർക്കേണ്ടതും ആകുന്നു.

൪൧. നടപടി മുഴുവനിലും ചോദ്യങ്ങൾ പ്രാസിക്യൂട്ടറൊ തടവുകാരനൊ സൂപ്പർഇൻറൻഡിങ്ങ് ആഫീസരൊ സാക്ഷികളോടു നേരിട്ടു ചോദിക്കാവുന്നതും, അവയെ റിക്കാർഡുചെയ്യുന്നതു യുക്തമെന്നു കോട്ടു വിചാരിക്കയൊ അങ്ങനെ ചെയ്യണമെന്നു പ്രാസിക്യൂട്ടറൊ തടവുകാരനൊ ആഗ്രഹിക്കയൊ ചെയ്യുന്നില്ലെങ്കിൽ അതിനെ രേഖപ്പെടുത്തേണ്ട ആവശ്യം ഇല്ലാത്തതും ആകുന്നു. ഉത്തരങ്ങളെ മാത്രം തുടർച്ചയായിചേർത്തു എഴുതി എടുക്കാവുന്നതാകുന്നു, എന്നാൽ കഴിയുന്നെടത്തോളം, അവർ പറഞ്ഞ വാക്കുകളെ തന്നെ ഉപയോഗിക്കണം. ഒരാൾ ബോധിപ്പിക്കുന്ന വാചകത്തിൽ എഴുതുകയും വേണം. കോട്ടൊ പ്രാസിക്യൂട്ടറൊ, തടവുകാരനൊ സൂപ്പർഇൻറൻഡിങ്ങ് ആഫീസരൊ സാരമായുള്ളതെന്നു വിചാരിക്കുന്ന ഏതു സംഗതിയിലും പറഞ്ഞ വാക്കുകൾ മുതലായി ചോദ്യങ്ങളോടുകൂടി അനുപദമായി എഴുതേണ്ടതാകുന്നു.

സാക്ഷികൾ തങ്ങളുടെ ഉത്തരങ്ങളെ കോട്ടിനോടുതന്നെ ബോധിപ്പിക്കേണ്ടതാകുന്നു.

തടവുകാറനാൽ എതിർ ചൊദ്യം ചെയ്യപ്പെടുന്നു (൯൨)

....

....

പ്രൊസിക്യൂട്ടരാൽ വീണ്ടും (൭) ചൊദ്യങ്ങൾചൊദിക്കപ്പെടുന്നു

....

....

സുപ്പർഇൻറാൻഡിങ്ങ് ആഫീസരാൽ വിസ്തരിക്കപ്പെടുന്നു.

....

....

കൊട്ടിനാൽ (൯൩) വിസ്തരിക്കപ്പെടുന്നു.

....

....

സാക്ഷിപറഞ്ഞ മൊഴിയെ അവനൊടു വായിച്ചു കെൾപ്പിക്കുന്നു.

സാക്ഷി കൊട്ടുവിട്ടു പൊകുന്നു.

വ്യത്യസ്തം ൨.

തടവുകാരൻ ഈ സാക്ഷിയൊടു എതിർ ചൊദ്യം ചെയ്യുയില്ലെന്നു പറയുന്നു.

തടവുകാരൻറെ അപെക്ഷയിന്മെൽ ഈ സാക്ഷിയുടെ എതിർ വിസ്താരത്തെ മാററി (൯൨) വയ്ക്കുന്നതിലെക്കു കൊട്ടു അനുവദിക്കുന്നു.

തടവുകാരൻ (അല്ലെങ്കിൽ പ്രൊസിക്യൂട്ടർ) ഇപ്പൊൾ ചൊദിച്ച ചൊദ്യത്തിനു ആക്ഷെപം പറയുന്നു.

ചൊ (കൊട്ടിൽനിന്നു) തൻെറ ആക്ഷെപം എന്താണെന്നു പറക.

ഉ. ... ...

---

൯൨. പ്രൊസിക്യൂഷൻ സമയത്തൊ പ്രതിവാദസമയത്തൊ ഏതു ഘട്ടത്തിലും തടവുകാരൻ തൻെറ എതിർചൊദ്യം ചെയ്യിക്കുന്നതിനെ നിൎത്തിവയ്ക്കുന്നതിനു അയാളെ അനുവദിക്കാവുന്നതാകുന്നു; എന്നാൽ വളരെ ആവശ്യവും മതിയായതും ആയ കാരണങ്ങളില്ലാതെ അങ്ങനെ ചെയ്യുന്നതിനു അനുവദിക്കരുതു.

൯൩. കൊട്ടിൽനിന്നു ഏതു സമയത്തും ചൊദ്യങ്ങൾ ചൊദിക്കാവുന്നതാകുന്നു; എന്നാൽ ചൊദ്യങ്ങൾ ചൊദിക്കുന്നതിനെ അവസാനത്തെക്കായിട്ടു നീക്കിവയ്ക്കുന്നതു അധികം സൌകൎയ്യമാണെന്നു സധാരണമായി കാണപ്പെടുന്നതാകുന്നു.

പ്രൊസിക്യൂട്ടർ (അല്ലെങ്കിൽ തടവുകാരൻ) മറുപടിയായിട്ട
എന്നു പറയുന്നു.

പ്രകൃതത്തിൽ യോജ്യമായ നിയമം സംബന്ധിച്ചു തന്റെ അഭിപ്രായത്തെ താഴെ പറയും പ്രകാരം സൂപ്പർഇൻറൻഡിങ്ങ ആഫീസർ പറയുന്നു.

തങ്ങളുടെ തീർപ്പിനെപ്പററി ആലോചിക്കാനായി കൊട്ട് അടയ്ക്കുന്നു.

കൊട്ട് വീണ്ടും തുറക്കയും തീർമാനം താഴെ പറയുംപ്രകാരം പ്രസ്താവിക്കയും ചെയ്യുന്നു —

സാക്ഷി, അയാളുടെ മൊഴിയെ വായിച്ചു കേട്ടതിൽ പിന്നെ താഴെ പറയുന്ന വിവരണം (അല്ലെങ്കിൽ അഭിപ്രായ വ്യത്യാസം) പറയുന്നു.

മെല്പറഞ്ഞ വിവരണത്തെ (അല്ലെങ്കിൽ അഭിപ്രായ വ്യത്യാസത്തെ) പ്പററി പ്രൊസിക്യൂട്ടരാൽ (അല്ലെങ്കിൽ തടവുകാരനാൽ അല്ലെങ്കിൽ സൂപ്പർഇൻറൻഡിങ്ങ് ആഫീസരാൽ) സാക്ഷി വിസ്തരിക്കപ്പെടുന്നു.

സാക്ഷി പറഞ്ഞ വിവരണത്തെ (അല്ലെങ്കിൽ അഭിപ്രായ വ്യത്യാസത്തെ) സംബന്ധിച്ചു അയാളെ വിസ്തരിക്കുന്നതിനു പ്രൊസിക്യൂട്ടരും തടവുകാരനും മനസ്സില്ലെന്നു പറയുന്നു.

(൪൮) ഉച്ചതിരിഞ്ഞു (അല്ലെങ്കിൽ ഉച്ചയ്ക്കുമുമ്പ)
നീക്കിവയ്ക്കുക.
ഇത്ര മണിക്ക കൊട്ട് ൟൻ മാസം
ൻ- കൂടുന്നതിലെക്കായി പിരിയുന്നു

മെൽപ്രകാരം പിരിഞ്ഞതു അനുസരിച്ചു ൟൻ
മാസം ൻ- ഉച്ചയ്ക്കുമുമ്പ (അല്ലെങ്കിൽ ഉച്ചതിരിഞ്ഞു)
ഇത്ര മണിക്ക, കൊട്ട് മുമ്പുണ്ടായിരുന്ന മെംബർമാരൊടുകൂടിത്തന്നെ

---

൪൮. കൊട്ടുമാർഷ്യൽ സാധാരണമായി ഓരോ ദിവസത്തിൽ ൭ മണിക്കൂറ തിരത്തെക്ക നടക്കേണ്ടതും എന്നാൽ ഒരു ദിവസത്തിൽ വല്ല കാരണം കൊണ്ടും കൊട്ടിലെ മെംബർമാർ ന്യായപ്രകാരം ഏററവും കുറഞ്ഞ എണ്ണത്തിൽ കാണാതിരിക്കയാകട്ടെ, അല്ലെങ്കിൽ, സൂപ്പർഇൻറൻഡിങ്ങ് ആഫീസരൊ പ്രൊസിക്യൂട്ടരൊ ദീനംകൊണ്ടൊ മററു കാരണംകൊണ്ടൊ ഹാജരില്ലാതെയിരിക്കയാകട്ടെ ചെയ്താൽ, മറെറാരു ദിവസത്തെക്ക കൂടുന്നതിനായി കൊട്ട് പിരിയേണ്ടതാകുന്നു. ആവശ്യമാണെങ്കിൽ പിന്നീട കൊട്ട് കൂടേണ്ട ദിവസം നിശ്ചയിക്കാതെയും പിരിക്കാം. അങ്ങനെ പിരിയുന്നതിലെക്കുള്ള കാരണം റിക്കാട്ടിൽ ചേർക്കേണ്ടതാകുന്നു.

ന്നെ വീണ്ടും യോഗം കൂടുകയും കൊട്ടിൽ സുപ്പർഇൻറൻഡിങ്ങ് ആഫീസരും പ്രാസിക്യൂട്ടരും തടവുകാരനും ഹാജരായിരിക്കവെ വിചാരണ നടക്കുകയും ചെയ്യുന്നു

വ്യവസ്ഥ ൩.

കൊട്ട് വീണ്ടും കൂടുകയും മാററിവെക്കയും.

മാററിവെക്കാനായി നിശ്ചയിച്ചതനുസരിച്ച കൊട്ട് ഫൻ മാസം ൹ മണിക്ക വീണ്ടും കൂടി

ഇന്നാർ ഹാജരില്ലായ്കയാൽ (൪൫) സംഗതി യോഗം ചെൎക്കുന്ന ആഫീസൎക്ക റിപ്പൊൎട്ട ചെയ്കയും ഇനിയൊരുത്തരവുണ്ടാകുന്നതുവരയ്ക്ക മാററിവെക്കയും ചെയ്യുന്നു (അല്ലെങ്കിൽ കൊട്ടിൻെറ അംഗങ്ങളായ ആഫീസർമാർ എണ്ണത്തിൽ ന്യായപ്രകാരമുള്ള ഏററവും കുറഞ്ഞ എണ്ണത്തിൽ കുറഞ്ഞിരിക്കാത്തതിനാൽ വിചാരണ നടക്കുന്നു.

പ്രാസിക്യൂഷൻ ഭാഗത്തെക്ക ൧-ാം സാക്ഷി — (ഒന്നാം സാക്ഷിയുടെ കാൎയ്യത്തിൽ എന്നപൊലെ തന്നെ നടത്തണം)

പ്രാസിക്യൂഷൻ ഭാഗം സാക്ഷിവിസ്താരം അവസാനിക്കൽ — പ്രാസിക്യൂഷൻ ഭാഗത്തെക്കുള്ള സാക്ഷികളുടെ വിസ്താരം തീരുന്നു

ചൊ (തടവുകാരനൊട) താൻ തൻെറ ഭാഗത്തെക്ക തൻെറ നടത്തയെപ്പററിയല്ലാതെ സാക്ഷികളെ വിളിക്കാൻ ആഗ്രഹിക്കുന്നുവൊ?

ഉ. ഇല്ലാ.

പ്രാസിക്യൂഷൻ ഭാഗത്തിന്ന അനുകൂലമായ തെളിവിനെപ്പററി പ്രാസിക്യൂട്ടർ (൪൬) കൊട്ടിൽ താഴെ പറയുംപ്രകാരം പ്രസം-

---

൪൫ ഒരു മെഡിക്കൽ സട്ടിഫിക്കെററ ഹാജരാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ വായിച്ച ഒരു അക്ഷരത്താൽ അടയാളപ്പെടുത്തി പ്രൊസീഡിംഗസിനൊടുകൂടി ചെൎത്തുവയ്ക്കണം.

൪൬ പ്രാസിക്യൂട്ടൎക്കും അതുപൊലെ തടവുകാരനും സുപ്പർഇൻറൻറിങ്ങ് ആഫീസൎക്കും അവരവൎക്കുള്ള പ്രസംഗം തയാറാക്കുന്നതിലെക്ക വെണ്ട സമയം കൊടുക്കേണ്ടതും കൊട്ട ആ ആവശ്യത്തിലെക്കായി യോഗം നിറുത്തിവെക്കെണ്ടതും ആകുന്നു.

ഗിക്കുന്നു:—(൧൭) അല്ലെങ്കിൽ ഒരു പ്രസംഗം എഴുതിക്കൊടുക്കുന്നു; അതിനെ വായിക്കയും, തൎജ്ജമ ചെയ്കയും, *അടയാളപ്പെടുത്തുകയും ചെയ്തു സൂപ്പർഇൻറൻഡിങ്ങ് ആഫീസർ ഒപ്പിട്ടു പ്രൊസീഡിങ്ങിനോടുകൂടി ചേൎത്തു വെക്കുന്നു.

പ്രാസിക്യൂഷൻെറ അവസാനം

പ്രാസിക്യൂഷൻ അവസാനിക്കുന്നു.

പ്രതിവാദം

തടവുകാരനോടു തൻെറ പ്രതിവാദം പറയാൻ പറയുമ്പോൾ അയാൾ തൻെറ നടത്തയെപ്പററി താഴെ പറയുന്ന സാക്ഷികളെ വിളിക്കുന്നു:—

നടത്തയെപ്പററി ഒന്നാം സാക്ഷി

(൧൦) ഇന്നാർ ക്രമപ്രകാരം സത്യം ചെയ്തതിൻ പിന്നെ (അല്ലെങ്കിൽ സത്യവാചകം പറയിച്ചതിൽപിന്നെ) തടവുകാരനാൽ വിസ്താരിക്കപ്പെടുന്നു

....

....

പ്രാസിക്യൂട്ടർ എതിർ ചോദ്യം ചോദിക്കുന്നു.

....

....

തടവുകാരൻ വീണ്ടും (റീ) ചോദിക്കുന്നു.

....

....

കോടതി ചോദ്യംചെയ്തു വിസ്താരിക്കുന്നു.

....

....

(൩ാം വ്യത്യസ്തം നോക്കുക)

സാക്ഷി അവിടംവിട്ടു പോകുന്നു

*൭. പ്രസംഗത്തെ പ്രൊസിഡിംഗ്സിനോടുകൂടി റിക്കാൎട്ടു ചെയ്യേണ്ടതും പിന്നീടു അതിനെ തടവുകാരനു തൎജ്ജമ ചെയ്തു കൊടുക്കേണ്ടതും ആകുന്നു. ഒരു വല്ലയാചാ പ്രസംഗങ്ങളുടെ കാൎയ്യത്തിലും ഇതേ പ്രകാരം നടത്തേണ്ടതാകുന്നു;

൯ ാം വൃത്താന്തം.

പ്രാസിക്യൂട്ടർ ൨ാം സാക്ഷിയോടു എതിർചോദ്യം ചെയ്യുയില്ലെന്നു പറയുന്നു

തടവുകാരൻ അസൽ മുടസ്റ്റിമൊണിയല്ല. അവയുടെ പകൎപ്പുകളും ഹാജരാക്കുന്നു.

പകൎപ്പുകളെ അസലുകളോടുകൂടി ഒത്തുനൊക്കി എന്നു അടയാളപ്പെടുത്തി സൂപ്പർഇൻറൻഡിംഗ അഫീസർ ഒപ്പിട്ടു പ്രൊസീഡിംഗസിനൊടുകൂടി ചെൎത്തുവെക്കുന്നു. അസലിനെ തടവുകാരനു തിരിച്ചു കൊടുക്കുന്നു.

ചൊ (തടവുകാരനൊടു) തനിക്കു തൻെറ പ്രതിവാദമായി വല്ലതും പറയാനുണ്ടൊ?

ഉ. ... ...

തടവുകാരൻ തൻെറ പ്രതിവാദമായി ഇപ്രകാരം പറയുന്നു (൯൨) (അല്ലെങ്കിൽ എഴുതിയ ഒരു പ്രസംഗം കൊടുക്കുന്നു, അതു വായിച്ചു തൎജ്ജിമചെയ്തു എന്നു അടയാളപ്പെടുത്തി സൂപ്പർഇൻറൻഡിംഗ അഫീസർ ഒപ്പിട്ടു പ്രൊസീഡിംഗസിനൊടുകൂടി ചെൎത്തുവെക്കുന്നു)

പ്രതിവാദത്തിൻെറ അവസാനം — പ്രതിവാദം അവസാനിക്കുന്നു.

(കുറിപ്പു ൯. നടന്നതിനെപ്പററി മാത്രമല്ലാത്ത സാക്ഷികളെ തടവുകാരൻ വിളിക്കുന്നപക്ഷം താഴെ പറയുംപ്രകാരമുള്ള നടപടിയെ അനുസരിക്കണം.)

ഇന്നാർ മുറപൊലെ സത്യം ചെയ്യിക്കപ്പെട്ടതിൽപിന്നെ (അല്ലെങ്കിൽ സത്യവാചകം പറയിക്കപ്പെട്ടതിൽപിന്നെ) തടവുകാരൻ വിസ്തരിക്കുന്നു:—

....

....

---

൯൨. ഇതു ഇംഗ്ലീഷിൽ കഴിയുന്നെടത്തൊളം അനുപദമായി ഒരാൾ ബൊധിപ്പിക്കുന്ന വാചകത്തിൽ എഴുതിയെടുക്കണം.

പ്രാസിക്യൂട്ടർ എതിർചോദ്യം ചെയ്യുന്നു.

....

....

തടവുകാരൻ (ഗീ) വീണ്ടും വിസ്തരിക്കുന്നു.

....

....

സൂപ്രണ്ടിംഗ് ആഫീസർ വിസ്തരിക്കുന്നു

....

....

കോട്ട് വിസ്തരിക്കുന്നു

....

....

സാക്ഷി പറഞ്ഞ മൊഴിയെ അയാളെ വായിച്ചു കേൾപ്പിക്കുന്നു.

(൨-ാം വ്യത്യസ്തം നോക്കുക)

സാക്ഷി അവിടം വിട്ടു പോകുന്നു

൫-ാം വ്യത്യസ്തം.

൩-ാം സാക്ഷിയോടു എതിർവിസ്താരം ചെയ്വാൻ മനസ്സില്ലെന്നു പ്രാസിക്യൂട്ടർ പറയുന്നു

കോട്ടിലെ അനുവാദത്തോടുകൂടി പ്രാസിക്യൂട്ടർ ൧-ാം പടി പറയുന്നതിലേക്കു സാക്ഷികളെ വിളിക്കുന്നു. ഒറ്റുപടിപറയുന്ന ഒന്നാം സാക്ഷി (ഫാ) (ഇന്നാർ) മുമ്പോലെ സത്യം ചെയ്യിക്കപ്പെട്ടതിൽ പിന്നെ (അല്ലെങ്കിൽ സത്യവാചകം പറയിക്കപ്പെട്ടതിൽ പിന്നെ) പ്രാസിക്യൂട്ടരാൽ വിസ്തരിക്കപ്പെടുന്നു

(കുറിപ്പു:- വിസ്താരവും, എതിർ വിസ്താരവും, പുനർ വിസ്താരവും, പ്രാസിക്യൂഷൻ ഭാഗം ഒന്നാമത്തെ സാക്ഷിയുടെ സംഗതിയിലെന്നപോലെ തന്നെ നടത്തപ്പെടേണ്ടതാകുന്നു.)

പ്രതിവാദത്തിന്റെ അവസാനം

തടവുകാരൻ (മൻ) താനെ പറയുന്ന വിധത്തിൽ പ്രസംഗം (൩൮) ചെയ്യുന്നു (അല്ലെങ്കിൽ ഒരു പ്രസംഗം എഴുതിയതു കൊടുക്കുന്നു, അതു വായിച്ചു തർജ്ജമചെയ്തു .... എന്നു അടയാളപ്പെ

൩൮ തടവുകാരൻ പ്രതിവാദത്തിന്റെ അവസാനത്തിൽ ഒരു പ്രസംഗമായി പറയുന്നതു കൂടാതെ ആരംഭത്തിലും പറയാം,

ട്ടത്തി സൂപ്രിഇൻറൻഡിങ്ങ് ആഫീസർ ഒപ്പിടപ്പെടുകയും പ്രൊസീഡിംഗ്സിനൊടുകൂടി ചെർത്തുവെക്കയും ചെയ്യുന്നു.)

പ്രാസിക്യൂട്ടർ താഴെ പറയും പ്രകാരം മറുപടി പറയുന്നു: (അല്ലെങ്കിൽ എഴുതിയ ഒരു മറുപടി കൊടുക്കുന്നു; അതു വായിക്കയും എന്ന അടയാളപ്പെടുത്തുകയും സൂപ്രിഇൻറൻഡിംഗ ആഫീസർ ഒപ്പിടുകയും പ്രൊസീഡിംഗ്സിനൊടുകൂടി ചെർത്തുവെക്കയും ചെയ്യുന്നു.

൩ ാം വ്യത്യസ്തം

പ്രാസിക്യൂട്ടർ മറുപടി പറവാൻ മനസ്സില്ലെന്നു പറയുന്നു.

സൂപ്രിഇൻറൻഡിംഗ് ആഫീസർ താൻ എല്ലാം സംഗ്രഹിച്ചു എഴുതിയതിനെ വായിക്കയും അതിനെ തർജ്ജമചെയ്തു പറയുകയും എന്നു അടയാളപ്പെടുത്തി പ്രൊസീഡിംഗ്സിനൊടുകൂടി ചെർത്തുവെക്കയും ചെയ്യുന്നു

സൂപ്രിഇൻറൻഡിംഗ ആഫീസർ എല്ലാം സംഗ്രഹിച്ചു പറയുന്നു

൪ ാം വ്യത്യസ്തം.

സൂപ്രിഇൻറൻഡിംഗ് ആഫീസർ ബൊധിപ്പിച്ചതിൻ പെരിൽ സംഗ്രഹമായി പറയെണ്ടാ എന്നു കൊർട്ടു നിശ്ചയിക്കുന്നു.

കൊർട്ടു തീർച്ചയെപ്പറ്റി പര്യാലൊചിക്കുന്നതിലെക്കായി അടയ്ക്കുന്നു

൫ ാം വ്യത്യസ്തം.

കൊർട്ടു വീണ്ടും തുടങ്ങി ഭാഗം സാക്ഷിയായ ഇന്നാർ വീണ്ടും വിളിക്കപ്പെട്ടു അയാളെ മുമ്പിലത്തെ സത്യ (അല്ലെങ്കിൽ വാചകം) ത്തിന്മെൽ തന്നെ കൊർട്ടു വിസ്തരിച്ചു

കുറിപ്പു ൭. ഇപ്പൊൾ വെളിപ്പെടുത്തപ്പെട്ട തെളിവിന്മെൽ എതിർ ചൊദ്യം ചെയ്യുന്നതിനു തടവുകാരനെയൊ പ്രാസിക്യൂട്ടരെയൊ കൊർട്ടു അനുവദിക്കാവുന്നതാകുന്നു.

സാക്ഷിയുടെ മൊഴിയെ അയാളെ വായിച്ചു കെൾപ്പിക്കുന്നു

൬ ാം വ്യത്യസ്തം നൊക്കുക

സാക്ഷി അവിടം വിട്ടു പൊകുന്നു കൊർട്ടു തീർച്ചയെപ്പറ്റി പര്യാലൊചിക്കുന്നതിനു കൊർട്ടു അടക്കപ്പെടുന്നു.

തിർപ്പ്   തീർപ്പ്

(എ) തടവുകാരനായ   ഇന്നാർ (ന)

കുറ്റം ചെയ്തിട്ടില്ലെന്ന വിധി — ആ കുറ്റമോ കുറ്റങ്ങളോ ചെയ്തിട്ടില്ലാ എന്നുകൊണ്ട് തീർപ്പപ്പെടുത്തുന്നു

(ബി)   ഇന്നാർ ഇന്ന കുറ്റം

കുറ്റത്തിൽ ഒരു ഭാഗം ചെയ്തിട്ടുള്ളതെന്ന വിധി — (അല്ലെങ്കിൽ കുറ്റങ്ങൾ) ചെയ്തിട്ടില്ലാ, എന്നാൽ ഇന്ന കുറ്റം (അല്ലെങ്കിൽ കുറ്റങ്ങൾ) ചെയ്തിരിക്കുന്നു.

(സി)   ഇന്ന കുറ്റവാക്യങ്ങൾ ഒഴിച്ച്

പ്രത്യേക തിർപ്പ് — (അല്ലെങ്കിൽ   എന്നുള്ളതൊഴിച്ച്)

ഇന്നാർ ആ കുറ്റം ചെയ്തിരിക്കുന്നു.

(ഡി) ഇന്നാർ പട്ടാളം വിട്ടു ഓടിപ്പോയ കു

പ്രത്യേക തിർപ്പ് — റ്റം ചെയ്തിട്ടില്ലാ; എന്നാൽ അവധികൂടാതെ

൨ം തീയതിമുതൽ   ൩ം തീയതിവരെ

ദിവസത്തേക്കു ഹാജരില്ലാതിരിക്കുന്ന കുറ്റം ചെയ്തിരിക്കുന്നു.

ഇന്നാർ കുറ്റപത്രത്തിൽ പറഞ്ഞിട്ടുള്ള

ഭ്രാന്ത് — തുപോലെ ആ പ്രവൃത്തി (അല്ലെങ്കിൽ പ്രവൃത്തികൾ) ചെയ്തു (അല്ലെങ്കിൽ വാക്കുകൾ പറഞ്ഞു), എന്നാൽ ആ സമയത്തു അയാൾ ഭ്രാന്തനായിരിക്കയാൽ ആ പ്രവൃത്തിക്കോ വാക്കുകൾക്കോ ഉത്തരവാദിയല്ലാ.

കുറ്റസ്ഥാപനമായതിൽപിന്നെയുള്ള നടപടികൾ.

കോർട്ട് വീണ്ടും കൂടിയതിൽപിന്നെ തടവുകാരൻ വീണ്ടും കോർട്ടിന്റെ മുമ്പാകെ കൊണ്ടുവരപ്പെടുന്നു

... ... മുറപോലെ സത്യം ചെയ്യിച്ച് (അല്ലെങ്കിൽ സത്യവാചകം പറയിപ്പിച്ച്)

ചോ. തടവുകാരന്റെപേരിൽ ഉണ്ടായിട്ടുള്ള കുറ്റസ്ഥാപനങ്ങളെപ്പറ്റി തെളിവായിട്ടു ഹാജരാക്കുന്നതിലേക്കു താങ്കളുടെ പക്കൽ എന്തു റിക്കാർഡുണ്ട്?

ഉ. പട്ടാളം റിക്കാർഡുകൾ സൂക്ഷിക്കുന്ന ആഫീസരുടെ കയ്യെഴുത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു ഡോക്യുമെന്റു ഞാൻ ഹാജരാക്കുന്നു ഡോക്യുമെന്റിനെ വായിക്കുകയും ഒപ്പിടുകയും ചെയ്തു പ

റകയും   എ ? : അടയാളപ്പെടുത്തുകയും

സൂപ്പർഇൻറൻഡിംഗ് ആഫീസർ ഒപ്പിടുകയും പ്രെസീഡിംഗ്ലിനോടുകൂടി ചെത്തു വൈകയും ചെയ്യുന്നു.

ചൊ തടവുകാരൻ താനു വായിച്ചു കേട്ട സ്റ്റേറ്റുമെൻറിൽ പറയുന്ന അർത്ഥം തന്നെയൊ?

ഉ

ചൊ. മുമ്പു പറഞ്ഞ സ്റ്റേററുമെൻറിൽ അടങ്ങിയിരിക്കുന്ന സംഗതികളെ പട്ടാളം റിക്കാഡ്സുകളോടുകൂടി താനു ഒത്തു നോക്കീട്ടുണ്ടോ?

ഉ.

ചൊ. അവ പട്ടാളം റിക്കാഡുകളിൽ നിന്നു ശരിയായിട്ട എടുത്തെഴുതിയവതന്നെയൊ, വിഷ്ഷക്കാരുടെ വകക്കുള്ള പുസ്തകത്തിൽ ചെത്തിട്ടുള്ള സംഗതികളുടെ വകയ്ക്കുള്ള സ്റ്റേറ്റുമെൻറു ആ പുസ്തകത്തിൽ എഴുതീട്ടുള്ളവയുടെ ശരിയായ സംഗ്രഹം തന്നെയൊ?

ഉ.

തടവുകാരനാൽ എതിർ ചൊദ്യം ചെയ്യപ്പെട്ടു:

(അല്ലെങ്കിൽ ഈ സാക്ഷിയൊടു എതിർ ചൊദ്യം ചെയ്വാൻ മനസ്സില്ലെന്നു തടവുകാരൻ പറയുന്നു)

കൊട്ടിനാൽ വിസ്തരിക്കപ്പെട്ടു.

൨-ാം വ്യത്യസ്തം നൊക്കുക

സാക്ഷി അവിടം വിട്ടു പൊകുന്നു

കൊട്ട് അടയ്ക്കപ്പെടുന്നു. — കൊട്ട് വിധിയെക്കുറിച്ചു പര്യാലൊചിക്കുന്നതിലെക്കായി അടയ്ക്കപ്പെടുന്നു.

വിധി

വിധി — കൊട്ടു തടവുകാരനായ
ഇന്നാൾക്കു താഴെ പറയുന്ന ശിക്ഷ വിധിക്കുന്നു.

കഠിന തടവുള്ള കാലത്തെക്കു — (എ) വഷത്തെ (അല്ലെങ്കിൽ മാസത്തെക്കൊ അല്ലെങ്കിൽ ദിവസത്തെക്കു) കഠിന വെലയൊടുകൂടി (അല്ലെങ്കിൽ കൂടാതെ) തടവിലിടുന്നതിനു:

ഇത്ര കാലത്തെക്കു തടവും ഏകാന്ത തടവും

(ബി) മാസത്തെക്കു (അല്ലെങ്കിൽ ദിവസത്തെക്കു) തടവിലിടുന്നതിനു;

മെല്പറഞ്ഞ തടവുകാലത്തിൽ ദിവസത്തെ തടവു ഏകാന്തത്തടവായിരിക്കണം; അങ്ങിനെയുള്ള ഏകാന്ത തടവു ഒരു തവണയിൽ ഒരു ദിവസത്തിൽ കവിയാതിരിക്കയും ഏകാന്തതടവു കാലങ്ങൾക്കു ഇടയിലുള്ള കാലം ഒരു ദിവസത്തിൽ കുറയാതിരിക്കയും ചെയ്യണം. മെല്പറഞ്ഞ തടവുകാലത്തിൽ ബാക്കിയുള്ളതു കഠിന വെലയോടു കൂടിയതായിരിക്കണം.)

പണിയിൽ നിന്നു നീക്കൽ

(സി) പണിയിൽ നിന്നു തീരെ നീക്കുന്നതിനു (ഇതു വെറെ വല്ല ശിക്ഷാവിധിയൊടു ചെന്നിരിക്കാവുന്നതാകുന്നു)

സസ്പെൻഡു ചെയ്യൽ, നാട്ടുകാരായ ആഫീസർമാക്കുമാത്രം

(ഡി) ഇത്ര കാലത്തെക്കു റാങ്ക് ശമ്പളം, അലവൻസ് ഇവയിൽനിന്നു സസ്പെണ്ടു ചെയ്യുന്നതിനു.

(ഇ) അയാളുടെ റാങ്കിലെ ലിസ്റ്റിൽ ഇത്ര പടി താഴ്ത്തുന്നതിനു

തരം താഴ്ത്തൽ (നാട്ടുകാരായ ആഫീസർമാക്കും കമ്മിഷൻ ഇല്ലാത്ത ആഫീസർമാക്കും

വെറൊരു റാങ്കിലെക്കു തരം താഴ്ത്തുക

(എഫ്) റാങ്കുകളിലെക്കൊ (൨൦) അല്ലെങ്കിൽ ഇന്ന റാങ്കിലെക്കൊ തരം താഴ്ത്തുന്നതിനു

(ജി) ഇതിനു പുറമെ അയാളെ വിട്ടുനിന്ന കാലത്തു കഴിഞ്ഞ കാലത്തെ സർവ്വീസിന്റെയും (മെലാൽ ഉള്ള സർവ്വീസിന്റെയും) വകക്കു അയാൾക്കു കൂടുതൽ ശമ്പളവും അടുത്തുണിനുള്ള അവകാശവും സംബന്ധിച്ചുള്ള എല്ലാ അനുകൂലാവകാശങ്ങളെയും ഇല്ലാതെയാക്കുന്നതിനു.

---

൨൦ കമ്മിഷൻ ഇല്ലാത്ത ആഫീസരെ ഒരു താഴ്ന്ന ഗ്രെഡിലെക്കൊ (താഴ്ന്ന ഗ്രെഡുണ്ടെങ്കിൽ) അല്ലെങ്കിൽ റാങ്ക്സിലെക്കൊ തരം താഴ്ത്തുന്നതും തടവു ശിക്ഷയും വിധിക്കപ്പെടുന്നതിനു മുമ്പിൽ റാങ്ക്സിലെക്കു തരം താഴ്ത്തുന്നതും ആകുന്നു.

(എച്ച്) ഇതിനു പുറമെ, പണിയിൽനിന്നു തീരെ നീക്കുന്ന കാലത്തു അയാൾക്കു കൊടുക്കേണ്ടിയിരിക്കാവുന്ന ശമ്പളത്തിലും അലവൻസിലുമുള്ള എല്ലാ കുടിശ്ശികകളും (അല്ലെങ്കിൽ സർക്കാർ പണവും) ഈടാകുന്നതിനും,

(ഐ) ഇതിനു പുറമെ, ഈടാക്കുന്നതിലേക്കായി ഇന്ന സംഖ്യ, അയാൾക്കു അയാളെ പണിയിൽനിന്നു തീരെ നീക്കുന്നകാലത്തു കിട്ടുവാനുള്ള ശമ്പളം, അലവൻസുകൾ ഇവയിലെ കുടിശ്ശികകളിൽനിന്നു (അല്ലെങ്കിൽ സർക്കാർ പണത്തിൽനിന്നു) ഈടാകുന്നതിനും

(ജെ) ഇതിനു പുറമെ ഇന്ന സംഖ്യ അയാളിൽനിന്നു ഈടാകുന്നതുവരെ, ഈ ചട്ടങ്ങളിൽ വ്യവസ്ഥപ്പെടുത്തിട്ടുള്ളേടത്തോളം ശമ്പളം പിടിക്കുന്നതിനു

൮ൻ മാസം നു- യായ ഇന്നു ഇന്ന സ്ഥലത്തു വെച്ചു ഒപ്പിട്ടു

....	....	....
സൂപ്രിൻറൻഡിങ്ങ് ആഫീസർ.		പ്രെസിഡണ്ടു.
	മെംബർമാർ	
....	....	....
....	....	....
....	....	....

പരിശോധന. പരിശോധന. (൫)

ഇന്ന സ്ഥലത്തു ൮ൻ ാമാണ്ടു മാസം നു മണിക്കു അതതു മെംബർമാരൊടു കൂടിയ കോട്ടു ഇന്നാരുടെ ഉത്തരവിന്മേൽ കോട്ടിന്റെ പരി

വീണ്ടും യോഗം കൂടുക.

വീണ്ടും പര്യാലോചിക്കുന്നതിലേക്കായി വീണ്ടും കൂടുന്ന മെംബർമാർ എല്ലാവരും ഹാജരായിരിക്കുന്നു

സൂപ്രിൻറൻഡിങ്ങ് ആഫീസരും ദ്വിഭാഷിയും ഹാജരായിരിക്കുന്നു

൫. പരിശോധന നടത്തുന്ന ആഫീസരാൽ ആജ്ഞാപിക്കപ്പെടുന്ന പക്ഷം പരിശോധനയിൽ കൂടുതൽ തെളിവു സ്വീകരിക്കാവുന്നതാകുന്നു

ാം വൃത്താന്തം.

സൂപ്രിൻറൻഡിങ്ങ് ആഫീസർ ഇല്ലായ്കയാൽ
ഇന്നാരെ സൂപ്രിൻറൻഡിങ്ങ് ആഫീസരായി നിയമിക്കുന്നതായ ഒരുത്തരവു വായിക്കപ്പെടുകയും
എന്നു അടയാളപ്പെടുത്തപ്പെടുകയും, ഒപ്പിടപ്പെടുകയും, പ്രൊസീഡിംഗസിനൊടുകൂടി ചെർത്തു വയ്ക്കപ്പെടുകയും ചെയ്യുന്നു.

സൂപ്രിൻറൻഡിങ്ങ് ആഫീസർ മറപൊരുൾ സത്യം ചെയ്യിക്കപ്പെടുന്നു   ഇന്നാർ ഹാജരില്ലായ്കയാൽ, ഹാജരാകാത്തതിനുള്ള കാരണം പറയുന്നതായ ഒരു ലെറ്ററൊ വിവരണമൊ (അല്ലെങ്കിൽ മെഡിക്കൽ സർട്ടിഫിക്കെറ്റൊ) വായിക്കപ്പെടുകയും   എന്നു അടയാളപ്പെടുത്തപ്പെടുകയും, സൂപ്രിൻറൻഡിങ്ങ് ആഫീസരാൽ ഒപ്പിടപ്പെടുകയും, പ്രൊസീഡിംഗസിനൊടുകൂടി ചെർത്തു വയ്ക്കപ്പെടുകയും ചെയ്യുന്നു.

കൊർട്ടിൽ നിയമപ്രകാരം വെണ്ടതായ എത്രയും കുറഞ്ഞ എണ്ണം മെംബർമാർ ഉള്ളതുകൊണ്ടു കൊർട്ടു പരിശൊധന നടത്തുന്നു.

അല്ലെങ്കിൽ, നിയമപ്രകാരം വെണ്ടതായ എത്രയും കുറഞ്ഞ എണ്ണം മെംബർമാർ ഇല്ലാത്തതുകൊണ്ടു യൊഗം ചെർക്കുന്ന ആഫീസർക്കു ആ വിവരം റിപ്പൊർട്ട് ചെയ്കയും, കൊർട്ടിനെ ഇന്ന ദിവസത്തെക്കു നീക്കി വച്ചിരിക്കുന്നു എന്നു നിശ്ചയിക്കാതെ നീക്കി വയ്ക്കയും ചെയ്യുന്നു.

കൊർട്ടു വീണ്ടും കൂടുന്നതിലെക്കു ആജ്ഞാപിക്കുന്ന ഉത്തരവു*
ഇന്നതിനെ പരിശൊധിക്കണമെന്നു ആവശ്യപ്പെടുന്നതായി വിധി സ്ഥിരപ്പെടുത്തുന്ന ആഫീസർക്കുള്ള കാരണങ്ങളെ കാണിക്കുന്ന ലെറ്ററും (അല്ലെങ്കിൽ മെമ്മൊറാണ്ഡവും) വായിക്കപ്പെടുന്നു. അവയെ   എന്നു അടയാളപ്പെടുത്തുകയും, സൂപ്രിൻറൻഡിങ്ങ് ആഫീസർ ഒപ്പിടുകയും പ്രൊസീഡിംഗസിനൊടുകൂടി ചെർത്തുവയ്ക്കയും ചെയ്യുന്നു

കൊർട്ടിനെ കൂട്ടുന്ന അധികാരസ്ഥന്റെ അഭിപ്രായങ്ങളെ കൊർട്ടു ശ്രദ്ധാപൂർവം പര്യാലൊചിച്ചതിൽപിന്നെ, തങ്ങളുടെ......

ഉന്നതിൽ തന്നെ ബഹുമാന പുരസ്സരം യോജിച്ചു അഭിപ്രായപ്പെടുന്നു.

(എ) ഇപ്പോൾ തങ്ങളുടെ തീർച്ചയെയും ശിക്ഷാവിധിയെയും പിൻവലിക്കയും തടവുകാരനായ ഇന്നാർ എന്നു ഇപ്പോൾ അഭിപ്രായപ്പെടുകയും ചെയ്യുന്നു.

കൊട്ട് ഇപ്പോൾ തടവുകാരനായ . ഇന്നാക്ക് ഇന്ന ശിക്ഷ വിധിക്കുന്നു.

(ബി) തങ്ങളുടെ ശിക്ഷാവിധിയെ പിൻവലിക്കയും തടവുകാരനായ · ഇന്നാക്ക് ഇന്ന ശിക്ഷ വിധിക്കയും ചെയ്യുന്നു

ഇന്ന സ്ഥലത്തു ൧൮൱ മാസം ൹യായ ഇന്നു ഒപ്പിട്ടു.

....	....	....
സൂപ്പർഇൻറൻഡിങ്ങ് ആഫീസർ.		പ്രെസിഡണ്ടു
	മെംബെർമാർ	
....	....	....
....	....	....
....	....	....

ദയവായി വിചാരിക്കുന്നതിനു ശിപാർശ

ദയവായി വിചാരിക്കുന്നതിനു ശിപാർശ

(കുറിപ്പ് ൭ ദയവായി വിചാരിക്കുന്നതിനുള്ള ഒരു ശിപാർശചെയ്യണമെന്നു കുറിപ്പക്കാർ അഭിപ്രായപ്പെടുന്ന പക്ഷം, അതിനെ ശിക്ഷാവിധിക്കുള്ള ഒപ്പുകൾക്കു ഉടൻ താഴെയായി ചേർക്കേണ്ടതും, അതിൽ പ്രെസിഡണ്ടും സൂപ്പർഇൻറൻഡിങ്ങ് ആഫീസറും ഒപ്പിടേണ്ടതും ആകുന്നു.)

കൊട്ട് ഇത പേരായ ഭൂരിപക്ഷക്കാരൊടുകൂടി (അല്ലെങ്കിൽ ഐകകണ്ഠ്യേന) തടവുകാരനെ കാരണങ്ങിന്മേൽ ദയവായി വിചാരിക്കുന്നതിനു ശിപാർശ ചെയ്യുന്നു.

....	....	....
സൂപ്പർഇൻറൻഡിങ്ങ് ആഫീസർ.		പ്രെസിഡണ്ടു

സ്ഥിരപ്പെടുത്തൽ (൨൨)

(എ) സ്ഥിരപ്പെടുത്തുന്നു; (ഇ

സ്ഥിരപ്പെടുത്തൽ

ന്നതിന്റെ, ഇന്നതായി ലഘൂ

കരിക്കുന്നു, കുറയ്ക്കുന്നു അല്ലെങ്കിൽ പകരം ഇന്ന വിധത്തിൽ മാറ്റുന്നു.)

(ബി) സ്ഥിരപ്പെടുത്തുന്നില്ല.

(സി) തീർച്ചയുടെ അഭിപ്രായത്തെ ഞാൻ സ്ഥിരപ്പെടുത്തുന്നു, ശിക്ഷാവിധിയെ സ്ഥിരപ്പെടുത്തുന്നില്ല.

(ഡി) ഞാൻ ഇന്ന കുറ്റത്തിന്റെ വിഷയത്തിൽ ഉള്ള തീർച്ചയെ മാത്രമെ സ്ഥിരപ്പെടുത്തുന്നുള്ളു; ഞാൻ ശിക്ഷാവിധിയെ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

(ഇ) എന്നുള്ള അഭിപ്രായം ഒഴിച്ച് തീർച്ചയെ ഞാൻ സ്ഥിരപ്പെടുത്തുന്നു; ഇന്നതിനെ സംബന്ധിച്ച (അല്ലെങ്കിൽ ഇന്നതിനെ സംബന്ധിച്ചുള്ളതൊഴികെ അല്ലെങ്കിൽ ഇന്ന വിധം കുറയ്ക്കപ്പെട്ടതി) ശിക്ഷാവിധിയെയും സ്ഥിരപ്പെടുത്തുന്നു.

ഫർ മാസം നു ആയ ഇന്ന

ഇന്ന സ്ഥലത്തുവച്ച് ഒപ്പിട്ട

മലയാം പട്ടാളം കമണ്ഡാന്റു.

പൂർത്തികരമായ ഉത്തരവുകൾ

(എ) തടവുകാരനെ ബന്തോബസ്തിൽ നിന്നു (അല്ലെങ്കിൽ തടവിൽനിന്നു) വിടേണ്ടതും (

പൂർത്തികരമായ ഉത്തരവുകൾ

ഇന്നതായിട്ട്) അയാൾ അയാളുടെ ജോലിയിൽ വീണ്ടും പ്രവേശിക്കേണ്ടതും ആകുന്നു.

---

൨൨. കുറ്റം ചെയ്തിട്ടില്ലെന്നുള്ള അഭിപ്രായത്തെയും ശിക്ഷാവിധിയെയും പോലെ തന്നെ മേലധികാരികൾ സ്ഥിരപ്പെടുത്തേണ്ടതും അതു പരിശോധനക്കപ്പെടേണ്ടതും ആകുന്നു.

(സി) കുറിപ്പ് അങ്ങനെയുള്ള ശിക്ഷാവിധി കഠിനവേലയോടുകൂടി ൨ മാസത്തിൽ കവിയാത്ത കാലത്തേക്കുള്ള തടവാണെങ്കിൽ ഈ ആറു ശിക്ഷാവിധിയുടെയോ സ്ഥിരപ്പെടുത്തുന്ന കീഴ്ക്കോടതിയുടെയോ ഒരു ഭാഗമായിരിക്കേണ്ടതാകുന്നു.

(ബി) തടവുകാരൻെറ പെരിനെ അവൻെറ പട്ടാളത്തിലെ എണ്ണത്തിൽനിന്നു ൧൯ മാസം ന- മുതൽ (അല്ലെങ്കിൽ ഇന്ന തീയതി മുതൽ) നീക്കെണ്ടതും, അയാളെ തിര വന്ത്രപുരം സെൻട്രൽ ജെയിൽ ചാൎജ്ജ വഹിക്കുന്ന ആഫീസൎക്ക കമ്മിററ് ചെയ്യുന്നതായ വാറണ്ടിനെ നിശ്ചയിച്ചിട്ടുള്ള മാതിരിയിൽ എഴുതി അതൊടുകൂടി അയക്കെണ്ടതും ആകുന്നു.'

(സി) അല്ലെങ്കിൽ ഈ ടവ ശിക്ഷയെ മിലിട്ടറിപ്പാറാവിൽ നടത്തുന്നതാകുന്നു.

(ഡി) ഈ ഉത്തരവു തടവുകാരനെ തെയ്യപ്പെടുത്തുന്ന തീയതി മുതൽ (അല്ലെങ്കിൽ ഈ തീയതി മുതൽ) തടവുകാരൻെറ പെരിനെ, മലയാം പട്ടാളത്തിലെ കണക്കുകളിൽനിന്നു നീക്കെണ്ടതാകുന്നു

(ഇ) സസ്പെണ്ട ഈ തീയതി (അല്ലെങ്കിൽ ൧൯ മാസം ന-) മുതൽ നടപ്പിൽ വരുന്നതാകുന്നു.

(എഫ്) തടവുകാരൻെറ പെർ ഇന്നവകയ്ക്കുള്ള ലിസ്റ്റിൽ ആദിയിലെക്ക മാററപ്പെടുന്നതും, അതിൽ അയാളുടെ റാങ്ക് (അല്ലെങ്കിൽ ക്ലാസ്) ന- എന്നുള്ള തീയതി മുതല്ക്ക ആയിരിക്കുന്നതുമാകുന്നു.

(ജി) തടവുകാരൻെറ പെരിനെ അവൻെറ റാങ്കിലെ ലിസ്റ്റിൽ സ്ഥാനം മാററുന്നതും, അതു ഇന്ന പെരിന്നു അടുത്തു താഴെയായിരിക്കുന്നതും ആകുന്നു.

൩ ാം അനുബന്ധം

കമ്മിററ് ചെയ്യാനുള്ള വാറണ്ടു.

ഇന്ന സ്ഥലത്തു ജെയിൽ മെൽവിചാരം വഹിക്കുന്ന ആഫീസൎക്ക

൧൯ മാസം ന- ഇന്ന സ്ഥലത്തു കൂടിയ ഒരു കൊൎട്ടുമാൎഷ്യൽ മലയാം പട്ടാളം ാം പട്ടാളത്തിൽ (ഇന്ന റാങ്ക്) (ഇന്ന പെർ) ആയ ആളുടെ മെൽ ഇന്ന കുററത്തിനു (കുററത്തെ ചുരുക്കമായി "പട്ടാളം വിട്ടു ഓടിപ്പോയതു" "കളവു" എന്നിങ്ങനെ സംഗതിയുടെ അവസ്ഥപൊലെ ഇവിടെ ചെൎക്കണം) കുററം സ്ഥാപനമാകയാലും അതുകൂടാതെ, മെല്പടി

കൊട്ടുമാസ്ത്രൽ ൧ൻ   മാസം   ൯ മെൽപറ ഞ്ഞ (ആളുടെ) പെരിൽ താഴെ പറയുന്ന ശിക്ഷാവിധി വിധിച്ചിട്ടുള്ളതുകൊണ്ടും; അതായതു:—(ശിക്ഷാവിധി മുഴുവൻ ഇവിടെ ചെൎക്കണം എന്നാൽ ഒപ്പു വെണ്ടാ) മെല്പറഞ്ഞ ശിക്ഷാവിധിയെ മുറപൊലെ സ്ഥിരപ്പെടുത്തീട്ടുള്ളതുകൊണ്ടും; (ശിക്ഷാവിധിയെ വല്ല വിധത്തിലും ലഘുപ്പെടുത്തീട്ടുണ്ടെങ്കിൽ അങ്ങനെ ലഘുപ്പെടുത്തിയതിനെ ഇപ്രകാരം എഴുതണം;   ഇത്ര ... മെല്പറഞ്ഞ (ഇന്നാരെ) വിധിപ്രകാരം ശിക്ഷ അനുഭവിക്കുന്നതിലെക്കായി ഇതു മൂലമായി താങ്കളുടെ സമീപത്തിലെക്ക ഞാൻ അയക്കുന്നു.

ഇപ്പൊഴും ഇതെഴുതുന്നതു മെല്പറഞ്ഞ ആളെ (പെർ) താങ്കളുടെ ബന്തൊവസ്തിൽ സ്വീകരിക്കുന്നതിനും, ആ ശിക്ഷാവിധി വിധിക്കപ്പെട്ട ദിവസം മുതൽ കണക്കാക്കി   ഇത്ര കാലത്തെക്ക കഠിന വെലയൊടുകൂടിയ തടവാകുന്ന മെല്പടി വിധിയെ അയാളെ അനുഭവിപ്പിക്കുന്നതിനും താങ്കളൊട ആവശ്യപ്പെടുന്നതിനും താങ്കളെ അധികാരപ്പെടുത്തുന്നതിനും ആകുന്നു.

൧ൻ   മാസം   ൯ യായ ഇന്നു എന്റെ ഒപ്പു വച്ചു കൊടുത്തു.

മലയാം പട്ടാളം കമണ്ഡാന്റ്.

൭ാം അനുബന്ധം.

ഒരു സിവിൽ സാക്ഷിക്ക സമൻസ്

...   .   ഇന്നാൎക്ക

മലയാം പട്ടാളം   ാം പട്ടാളത്തിൽ ചെൎന്ന   ഇന്നാളെ വിസ്തരിക്കുന്നതിലെക്ക ൧ൻ   മാസം   ൯ ഇന്ന സ്ഥലത്തു ഒരു കൊട്ടുമാൎഷ്യൽ കൂടുന്നതിനു ആജ്ഞാപിച്ചിരിക്കയാൽ, എനിക്ക തന്നപ്പെട്ടിട്ടുള്ള അധികാരം അനുസരിച്ചു   ഇത്രാം തീയതി ഉച്ചക്കുമുമ്പ (ഉച്ചതിരിഞ്ഞു) ഇത്രമണിക്ക   ഇന്ന സ്ഥലത്തു കൂടുന്ന മെല്പടി കൊട്ടിൽ ഒരു സാക്ഷിയായി ഹാജരാകുന്നതിലെക്കും (ഇതിനു കീഴിൽ പറയുന്ന ആധാരങ്ങളെ അതായതു   തന്റെ കൂടെ കൊണ്ടുവരുന്നതിനും) തന്നെ മു...

പോലെ പോകുവാൻ സമ്മതിച്ചയക്കുന്നതുവരെ അതതു ദിവസം ഹാജരാകുന്നതിലെക്കും ഞാൻ തന്നെ വിളിക്കയും തന്നോടു ആവശ്യപ്പെടുകയും ചെയ്യുന്നു: ഇതിൽ താൻ വീഴ്ച വരുത്തിയാൽ തന്നെ ദൊഷപ്പെടുത്തുന്നതായിരിക്കും.

ൻ   മാസം   നു   ഇന്ന
സ്ഥലത്തുവച്ചു എന്റെ കൈയൊപ്പു വച്ചുകൊടുത്തു.

ഒപ്പു.

മലയാം പട്ടാളം കമണ്ഡാന്റു.

൭ാം അനുബന്ധം.

സത്യം ചെയ്യുക, സത്യവാചകം പറക ഇവക്കുള്ള ഫാറങ്ങൾ.

ദ്വിഭാഷികൾക്കുള്ള സത്യവാചകം.

ഈ കോട്ടിലെ പ്രൊസീഡിംഗ്സിനെ ഞാൻ ശരിയായിട്ടു വ്യാഖ്യാനിക്കയും തർജ്ജിമ ചെയ്കയും ചെയ്യുമെന്നും, ശിക്ഷാവിധിയെ അധികാരസ്ഥൻ പ്രസിദ്ധമാക്കുന്നതുവരെ ഞാൻ അതിനെ വെളിപ്പെടുത്തുകയില്ലെന്നും, മേലും നിയമത്തിന്റെ മുറയനുസരിച്ചു ഒരു നീതിന്യായ കോടതിയോ കോട്ടുമാഷ്യലൊ ഈ കോട്ടിലെ വല്ല പ്രത്യേക മെംബരുടെയും വോട്ടിനെയൊ അഭിപ്രായത്തെയൊ സംബന്ധിച്ചു തെളിവു കൊടുക്കണമെന്നു എന്നോടു ആവശ്യപ്പെട്ടാൽ ഒഴികെ അതിനെ ഞാൻ പറഞ്ഞു കൊടുക്കയൊ വെളിപ്പെടുത്തുകയൊ ചെയ്കയില്ലെന്നും   ഇന്നാരായ ഞാൻ സർവ്വശക്തനായ ഈശ്വരന്റെ സന്നിധിയിൽ യഥാവിധി ഉറപ്പു പറയുന്നു.

സത്യം ചെയ്യൽ.

“ഈ സഭയിലെ” എന്നു തുടങ്ങി “ഇന്നാരായ ഞാൻ” എന്നതു കഴിഞ്ഞു, ‘ഞാൻ സത്യം ചെയ്തുകൊള്ളുന്നു’ എന്നു വെണ്ടതും എല്ലാ പ്രകാരത്തിലും മെൽപ്പറഞ്ഞ ഫാറത്തിലായിരിക്കേണ്ടതും “ഇപ്രകാരം ഈശ്വരൻ എന്നെ സഹായിക്കട്ടെ” എന്നുള്ള പദങ്ങളോടുകൂടി അവസാനിക്കേണ്ടതും ആകുന്നു.

കോട്ടമാഷ്യലിലെ പ്രെസിഡണ്ടിന്റെയും മെംബർമാരുടെയും സത്യവാചകം

"പക്ഷപാതമൊ, ആനുകൂല്യമൊ, സ്നേഹമൊ ആലോചിക്കാതെയും വല്ല സന്ദേഹവും ഉണ്ടാകുന്നപക്ഷം, അപ്പോൾ എന്റെ മനസ്സാക്ഷിയെയും എനിക്കറിവുള്ളിടത്തോളം അറിവിനെയും ഇതുപോലെയുള്ള സംഗതികളിൽ ഉള്ള പതിവിനെയും അനുസരിച്ചു ഞാൻ നീതിയെ മുറപോലെ നടത്താം എന്നും കോട്ടിലെ ശിക്ഷാവിധിയെ അധികാരസ്ഥൻ പ്രസിദ്ധമാക്കുന്നതുവരെ ഞാൻ വെളിപ്പെടുത്തുകയില്ലെന്നും, നിയമത്തിന്റെ മുറ അനുസരിച്ചു ഒരു നീതിന്യായക്കോടതിയൊ ഒരു കോട്ടമാഷ്യലൊ ഈ കോട്ടിലെ വല്ല പ്രത്യേക മെംബർമാരുടെയും വോട്ടിനെയൊ അഭിപ്രായത്തെയൊ സംബന്ധിച്ചു തെളിവു കൊടുക്കണമെന്നു എന്നോടു ആവശ്യപ്പെട്ടാലൊഴികെ, ഞാൻ അതിനെ പറഞ്ഞു കൊടുക്കയൊ വെളിപ്പെടുത്തുകയൊ ചെയ്കയില്ലെന്നും, ഇന്നാരായ ഞാൻ സർവ്വശക്തനായ ഈശ്വരന്റെ സന്നിധിയിൽ യഥാവിധി ഉറപ്പുപറയുന്നു."

സൂപ്പർഇൻറൻഡിങ്ങ് ആഫീസരുടെ സത്യവാചകം.

"നിയമത്തിന്റെ മുറയനുസരിച്ചു ഒരു നീതിന്യായക്കോടതിയൊ ഒരു കോട്ടമാഷ്യലൊ ഈ കോട്ടമാഷ്യലിലെ വല്ല പ്രത്യേക മെംബരുടെയും വോട്ടിനെയൊ അഭിപ്രായത്തെയൊ സംബന്ധിച്ചു ഒരു സാക്ഷിയായി തെളിവു കൊടുക്കണമെന്നു എന്നോടു ആവശ്യപ്പെട്ടാലൊഴികെ, ഞാൻ യാതൊരു സംഗതിവശാലും അതിനെ പറഞ്ഞുകൊടുക്കയൊ വെളിപ്പെടുത്തുകയൊ ചെയ്കയില്ലെന്നും കോട്ടിന്റെ ശിക്ഷാവിധി അധികാരസ്ഥനാൽ പ്രസിദ്ധമാക്കപ്പെടുന്നുവരെ അതിനെ വെളിപ്പെടുത്തുന്നതു എന്റെ ഉദ്യോഗസംബന്ധമായ ജോലികളെ വേണ്ടപോലെ നിർവഹിക്കുന്നതിനു ആവശ്യമായിരുന്നാലല്ലാതെ ആ ശിക്ഷാവിധിയെ ഞാൻ വെളിപ്പെടുത്തുകയില്ലെന്നും ഇന്നാരായ ഞാൻ സർവ്വശക്തനായ ഈശ്വരന്റെ സന്നിധിയിൽ യഥാവിധി ഉറപ്പുപറയുന്നു."

സുപ്പർഇൻ ൻഡിക്ട് ആഫീസരുടെ സത്യം.

“നിയമത്തിന്റെ മുറയനുസരിച്ചു” എന്നു തുടങ്ങി “ഇന്നാരായ ഞാൻ” എന്നതു കഴിഞ്ഞു “ഞാൻ സത്യം ചെയ്യുന്നു” എന്നായിരിക്കയും എല്ലാ പ്രകാരത്തിലും മേല്പറഞ്ഞ ഫാറത്തിലായിരിക്കയും “ഇപ്രകാരം ഈശ്വരൻ എന്നെ സഹായിക്കട്ടെ” എന്ന പദങ്ങളോടുകൂടി അവസാനിക്കയും വേണം.

സാക്ഷി.

സത്യം.

യൂറോപ്യന്മാർക്കും ക്രിസ്ത്യാനിമതം അവലംബിക്കുന്ന ആളുകൾക്കും.

“ഞാൻ പറയാൻ പോകുന്നതു സത്യം, മുഴുവനും സത്യം, സത്യമല്ലാതെ യാതൊന്നും ഇല്ലാ എന്നു ഇന്നാരായ ഞാൻ സത്യം ചെയ്യുന്നു. ഇപ്രകാരം ഈശ്വരൻ എന്നെ സഹായിക്കട്ടെ”.

സത്യവാചകം.

“ഞാൻ പറയാൻ പോകുന്നതു സത്യം മുഴുവൻ സത്യം സത്യമല്ലാതെ യാതൊന്നും ഇല്ലാ എന്നു ഇന്നാരായ ഞാൻ സർവ്വശക്തനായ ഈശ്വരന്റെ സന്നിധിയിൽ യഥാവിധി ഉറപ്പു പറയുന്നു”

മുസൽമാന്മാർക്കും ഹിന്തുക്കൾക്കും മറ്റു സ്വദേശികളായ സാക്ഷികൾക്കും.

“ഞാൻ പറയാൻ പോകുന്നതു സത്യം, മുഴുവൻ സത്യം. സത്യമല്ലാതെ യാതൊന്നും ഇല്ല എന്നു ഇന്നാരായ ഞാൻ സർവ്വശക്തനായ ഈശ്വരന്റെ സന്നിധിയിൽ യഥാവിധി ഉറപ്പു പറയുന്നു”

—o—



Part II.— രണ്ടാം ഭാഗം

Notification under section 6 of Regulation III of 1067 and section 4 of Regulation V of 1074.

Whereas the Government have resolved to acquire the undermentioned property for the Ganger's quarters of the Tinnevelly-Quilon Railway at Kundarai the owners and other persons claiming an interest in the land, are hereby called upon to appear before this office at Quilon on the date shown in the schedule either in person or by authorised agents to put in written statements showing the nature of their title and interest and the amount of compensation claimed and produce on the said date all evidence pertaining to the matter.

2. It is also hereby notified that Government having in their No. $\frac{354}{[illegible]}$ dated 24th January 1900, sanctioned the acquisition of land under section 15 of the Regulation, immediately after the expiry of 15 days after the publication of the notification, the land will be taken possession of accordingly.

Divisional Assistant's office,
Quilon, 26th March, 1906.

N. RAJARAM ROW,
Assistant to the Dewan Peishkar.

SCHEDULE.

File No. of 1081.	Particulars of property.							Name of registry holder.	Name of person in possession.	Date of hearing.
	Taluq.	Proverthy.	Muri.	Survey No.	Name of the property.	Nature of the tenure.	Area in cents.			
276.	Quilon.	Kilikallore.	Kundara.	116, A Kottarakara Pagudi.	Muringavila Purayidom.	Pandaravaga Otti.	8.	Achi Achi and Anna Achi.	Achi Achi and Anna Achi, of Muringavila Purayidom, Kandaracheri, Kilikalloor Proverthy.	14th Chithirai 1081.

കൊല്ലം ഡിവിഷൻ അസിസ്റ്റൻറു ആഫീസിൽ നിന്നും ൧൦൮൯-ാമാണ്ടത്തെ ൩ാം റെഗ്ഗുലെഷൻ ൫ ഃ
൧൦൪ലെ ൭ ാം റെഗ്ഗുലെഷൻ ൧൪ ഃ വകുപ്പുകൾ പ്രകാരം പരസ്യപ്പെടുത്തുന്നതു എന്തെന്നാൽ

തിരുനൽവെലി മുതൽ കൊല്ലംവരെ ഒ...യിൽ കണ്ടറ സമീപം ഗാംഗേജു കപാട്ടിനു താഴെ പറയുന്ന വസ്തു ഗവർന്മെൻറിൽ നിന്നും കൈവശപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ ആ വസ്തുക്കളിന്മെലുള്ള എല്ലാ ബാദ്ധ്യതകൾക്കും കൂടിയുള്ള പ്രതിഫലത്തിനുള്ള അവകാശങ്ങളെ ബാദ്ധ്യതയുള്ള ആളുകൾ താനെയൊ കാര്യസ്ഥൻ മുഖാന്തരമൊ സകല തെളിവുകളോടുകൂടി പട്ടികയിൽ പറയുന്ന അവധിക്കകം ഈ ആഫീസു മുമ്പാകെ ഹാജരായി കാര്യവിവര പത്രിക ബോധിപ്പിച്ചു കൊള്ളേണ്ടതും ആ പത്രികയിൽ ഓരോരുത്തക്കും ആ വസ്തുവിന്മെലുള്ള ബാദ്ധ്യതയിടെ സ്വഭാവവും ആ വിധം ബാദ്ധ്യതകൾക്കു വെണ്ട പ്രതിഫലത്തിനുള്ള അവകാശത്തിൻെറ വിവരവും പ്രതിഫലത്തുകയും വിവരിച്ചിരിക്കേണ്ടതും ആകുന്നു.

൨. റിഗ്ഗുലെഷനിലെ ൧൭ാം വകുപ്പുപ്രകാരം പരസ്യം പ്രസിദ്ധപ്പെടുത്തി ൧൫ ദിവസം കഴിഞ്ഞാലുടനെ വസ്തുക്കൾ കൈവശപ്പെടുത്തുന്നതിനു അധികാരപ്പെടുത്തി ഗവർന്മെൻറിൽ നിന്നും ൧൦൮൦ാം വർഷം ജനുവരിമാസം൨൩നു- ൩൭൭/പി. ഡബ്ലിയു ാം നമ്പരിൽ എഴുതി വന്നിരിക്കകൊണ്ടു ആ താല്പര്യപ്രകാരം വസ്തുക്കൾ കൈവശപ്പെടുത്തുമെന്നുള്ള വിവരവും ഇതിനാൽ പരസ്യപ്പെടുത്തിയിരിക്കുന്നു എന്നു

൧൦൮൪ാമാണ്ടു മീനമാസം ൧൩നു-

ഡിവിഷൻ അസിസ്റ്റൻറു എൻ. രാജാരാമരായരു.

൧൦൮൪ ൽ ഫയൽ നമ്പർ	വസ്തു വിവരം: താലൂക്ക	പ്രവൃത്തി	മുറി	സൎവെ നമ്പർ	വസ്തുവിൻെറ പെരു	ഇനം	റിസ്സിന്റും സെൻറു	പെരിൽപതിവുകാരൻെറ പെരു	അനുഭവക്കാരൻെറ പെരു	വിചാരണയ്ക്കുള്ള ആണ്ടു മാസം തീയതി
൨൭൩	കൊല്ലം	കിളികൊല്ലൂർ	കണ്ടറ	കൊററംകര പകുതി ൧൬൩ എ.	മുറിഞ്ഞവിള പുരയിടം	പണ്ടാരവക ഒററി	൪	കിളികൊല്ലൂർ പ്രവൃത്തിയിൽകണ്ടറ ചെരിയിൽ മുറിഞ്ഞവിള പുരയിടത്തിൽ ആച്ചി ആച്ചിയും അന്ന ആച്ചിയും	ആച്ചി ആച്ചിയും അന്ന ആച്ചിയും	൮൪ ചിത്തിര ൧൪

Notice

Is hereby given to M. Mytheen Pillay of Thuckalay, lately a contractor in the Kodayar Project Division, or the heirs and legal representatives of the said M. Mytheen Pillay that a sum of Rs. (5-4-6) five, chuckrams four, and cash six is appearing in the accounts of this Division as balance due to him from Panguny 78 being the retention withheld from the payment made to him on account of materials supplied for constructing a drop wall for Parayankal in the 8th mile of the Thiruvancode Channel.

He (or they) is requested to submit his (or their) claims in person or by a duly authorised agent within three months from the date of publication of this notice in the Gazette to the Division Officer, Kodayar Project Division, failing which the money will be credited to Government as the same has been outstanding for more than 3 years.

In case the contractor is dead and the claims are put forth by his heirs the application should be accompanied by a decree or order of a Civil Court recognizing the heirship of the claimant to M. Mytheen Pillay or certificates of heirship which will be accepted only if they are satisfactory. 21

H. A. MINCHIN,
Executive Engineer,
Kodayar Project Division.

പരസ്യം

കൊതയാർ പ്രാജക്റ്റ് ഡിവിഷനിൽ കൺട്രാക്ടരായി വേല ചെയ്തു വന്നിരുന്ന തക്കല എം. മൈതീൻപിള്ളക്കു തിരുവിതാംകോട്ടു ചാനൽ ൮ാമത്തെ മയിൽ പറയൻകാലിൽ ഡ്രാപ്പുവാൾ കെട്ടിയ വകക്കു സാമാനങ്ങൾ ശേഖരിച്ചു കൊടുത്തതിനു പിടിത്തം വകയിൽ കൊടുത്തു തീരാതെ ൧൦൭൮ പൈങ്കുനിമാസം മുതൽ ബാക്കി കൊടുക്കേണ്ടതായി ഒരു ആപ്പീസ കണക്കിൽ രൂപാ ൫ ചക്രം ൪ കാശു ൬ കാണുന്നതിനാൽ ടിയാനോ ടിയാന്റെ ന്യായാവകാശികളോ ക്രമപ്രകാരം അധികാരം സിദ്ധിച്ച കാര്യസ്ഥനോ ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന തിയതി മുതൽ ൩ മാസത്തിനകം മേലാവിലെ അധികാരം സിദ്ധിച്ച കാര്യസ്ഥൻ മുഖാന്തരം ഈ ആപ്പീസു മുമ്പാകെ അവരുടെ അവകാശങ്ങളെ ബോധിപ്പിച്ചുകൊള്ളേണ്ടതും അല്ലാത്തപക്ഷം ൩ സംവത്സരങ്ങൾക്കു മുമ്പെ ടിയാനു കൊടുക്കേണ്ടതായ ഈ തുക അവധി കഴിഞ്ഞാ ഉടൻ തന്നെ സർക്കാരിലേക്കു മുതൽകൂട്ടപ്പെടുന്നതുമാകുന്നു. മേല്പടി കൺട്രാക്ടർ മരിച്ചുപോയെങ്കിൽ അയാളുടെ അവകാശികൾ തങ്ങൾ മേല്പടിയാന്റെ അവകാശികളാണെന്നു കാണിക്കുന്ന [illegible] സിവിൽ കോടതിയുടെ ഡിക്രിയൊ ഉത്തരവൊ അല്ലെങ്കിൽ അവകാശ പത്രികകളൊ [illegible] തം അപേക്ഷിക്കേണ്ടതും അവകാശ പത്രികകൾ തൃപ്തികരമായിരുന്നാൽ മാത്രം അം[illegible]പ്പെടുന്നതുമാകുന്നു.

൨൦ ൩ ൮൧

എച്ച്. എ. മിഞ്ചിൻ,
എക്സിക്യൂട്ടിവ് എഞ്ചിനീയർ,
കൊതയാർ പ്രാജക്റ്റ് ഡിവിഷൻ.

Notice

Is hereby given that a sum of Br. Rs. 20 appears in the books of the Executive Engineer's Office, Trivandrum, as deposited by one Sheik Kassim who undertook the contract for the purchase and removal of ashes from the Gas house, Printing Office, &c. Sheik Kassim is reported to have died in the month of Alpasi, 1081, and the money referred to above is claimed by one Mr. M. Joseph, Sub-Assistant Surgeon, Trivandrum, on the ground than the deceased was his Agent and undertook the contract on his behalf. Any person claiming as heir or assignee, the money due to the deceased Sheik Kassim, should present himself before the undersigned in person or by authorised Agents within two months from the date of the first publication of this notice in the Gazette, failing which, the above mentioned sum of Rs.

20 will be paid to Mr. M. Joseph, and no further claims will be entertained by this Office.

Trivandrum,
22nd March, 1906.

F. J. JACOB,
Executive Engineer.

നൊട്ടീസ.

ആലപ്പുഴ [illegible] ഹൌസ മുതലായ സ്ഥലങ്ങളിലെ ചാമ്പാറ വില്ലക്ക വാങ്ങിച്ചു അതു സ്ഥലങ്ങളിൽ നിന്നും മാററുന്നതിന കത്തക [illegible] തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടിവ എഞ്ചിനിയറാഫീസിലെ [illegible] കാണുന്നതും മെൽപറയപ്പെട്ട [illegible] തരിക്കവെണ്ടി [illegible] വക പണം തരിക്കവെണ്ടതാണെന്നും തിരുവനന്തപുരത്തു [illegible] മിസ്തർ എം. ജൊസഫ അവകാശപ്പെടുന്നതായി കാണുന്നു. ഈ [illegible] അർഹതയുള്ള [illegible] വല്ല അവകാശികളൊ കാര്യസ്ഥന്മാരൊ ഉണ്ടെങ്കിൽ ഈ പരസ്യം ഗസെററിൽ ആദ്യം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം താഴെ കയ്യൊപ്പിട്ടിരിക്കുന്ന ആളിന്റെ മുമ്പാകെ അവരൊ അവരുടെ ന്യായമായ അവകാശം സിദ്ധിച്ചിട്ടുള്ള കാര്യസ്ഥന്മാരൊ ഹാജരാകെണ്ടതും [illegible] ചെയ്യാത്തപക്ഷം ഈ രൂപാ ഉരുപ്പടിയും മിസ്തർ ജൊസഫിന കൊടുക്കപ്പെടുന്നതും പിന്നീട വല്ല അവകാശങ്ങളും വരുന്നതായിരുന്നാൽ അവയെ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

തിരുവനന്തപുരം,
൮൰൨ മാച്ച് ൧൯൰൬-

എഫ്. ജെ. ജെക്കബ്ബ്,
എക്സിക്യൂട്ടിവ എഞ്ചിനിയർ.

Notice regarding opening of a market at Changanacherry.

നമ്പർ ൧൨൧൧. [illegible] വൃ. ൧. ൩൦.

ചങ്ങനാശെരി താലൂക്കകച്ചെരിയിൽ നിന്നും ചെയ്യുന്ന പരസ്യം

കാഞ്ഞിരപ്പള്ളി പ്രവൃത്തിയിൽ മുണ്ടക്കയത്തു ഒരു ചന്ത ഏർപ്പെടുത്തെണ്ടതിനെപ്പററി മുണ്ടക്കയത്തു പാട്ടക്കാരായ പീറികയിൽ വറുഗീസു [illegible] മുതൽപെരുടെ അപെക്ഷ [illegible] എഴുതിബൊധിപ്പിച്ചു എഴുതി അയച്ചിരുന്നതിനെ അനുവദിച്ചു ഹജൂരിൽ നിന്നും ൧൨൧൫ [illegible] നമ്പരിൽ ൧൦൮൧ [illegible] എഴുതിയ ലററർ ചെന്നു [illegible] നമ്പരിൽ വൃ. മകരം ൨൨ന്നു എഴുതിയ ഉത്തരവു വന്നിരിക്കുന്നതും ഈ ചന്ത മുണ്ടക്കയത്തു [illegible] മെക്ക പീരുമെട്ട റൊഡിൽ [illegible] കിഴക്കവശം [illegible] റൊഡിനു വടക്ക [illegible] ഇരിക്കുന്ന കെട്ടിടത്തിനും പുരയിടത്തിനും കിഴക്ക കാട്ടിനും തെക്ക കിഴമെൽ [illegible] കമ്പമുള്ള സ്ഥലത്തുവച്ചു എല്ലാ ആഴ്ചയിലും ഉള്ള തിങ്കളും വ്യാഴവും ആഴ്ചകളിൽ നടത്തിക്കുന്നതിന വരുന്ന മെ-മാസം [illegible] തിങ്കളാഴ്ച ദിവസംമുതൽ ചന്ത [illegible] തുടങ്ങി നടപ്പിൽ വരുത്തുന്നതിനും നിശ്ചയിച്ചിരിക്കുന്നതും ആകകൊണ്ടു വിവരം സകല ജനങ്ങളും അറിവാനായി പരസ്യമാക്കിയിരിക്കുന്നു.

തഹശീൽദാർ സുബ്രഹ്മണ്യയ്യർ,

No. 1907.

Notification.

In accordance with Para 5 of the Proceedings of Government, No. 5/.. dated 23rd September, 1904 / 8th Kanni, 1080 Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in **Parur** Pagudi of the **Parur** Taluq, between **1st Mithunam** and the **30th Karkadagom** of the year 1081 to find out the persons who are entitled to be registered as holders of the several survey numbers in the Pagudi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should, between the dates above specified, present themselves before the said Registering Officers with all the oral and documentary evidence which would enable them to establish their claims.

Claims set up after the prescribed period will not be considered for the issue of Pattahs, and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
2?th March 1906
29th Kumbhom, 1081

T. RAJARAM ROW,
Settlement Dewan Peishcar.

നമ്പർ ൧൯൦൭

സെററിൽമെൻറു സെൻട്രലാപ്പീസിൽ നിന്നും പരസ്യം ചെയ്യുന്നതു എന്തെന്നാൽ

സെററിൽമെൻറു സംബന്ധിച്ച ൧൦൮൦-ാമാണ്ടു കന്നി മാസം ൧൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൫-ാം നമ്പർ ഗവർമ്മെൻറു പ്രൊസീഡിംഗ്സ് ൫-ാം വകുപ്പിലെയും തുലാമാസം ൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷൻ രജിസ്ട്രേഷൻ സംബന്ധിച്ച റൂൾസു ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ച **പറവൂർ** താലൂക്കിൽ **പറവൂർ** പകുതിയിലുള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നു തീർപ്പാൻ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാർ ആ പകുതിയിൽ വച്ചു **൧൦൮൧-ാമാണ്ടു മിഥുനമാസം ൧-നു-** മുതൽ വിചാരണകൾ **൧൦൮൧-ാമാണ്ടു കർക്കടകമാസം ൩൦-നു-** അകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിനെ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു വാചാമൂലമായും പ്രമാണമൂലമായുമുള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ മേല്പറഞ്ഞ അവധിക്കകം തന്നെ ഹാജരായി തെളിയിപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന തീയതി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാരുടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

എന്നു, ൧൦൮൧ കുംഭം ൨൯-ന

സെററിൽമെൻറു ദിവാൻപേഷ്കാർ
രാജാരാമരായർ

No. 1908.

Notification.

In accordance with Para 5 of the Proceedings of Government, No. $\frac{S}{26}$ dated $\frac{\text{23rd September, 1904}}{\text{8th Kanni, 1080}}$ Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080, it is hereby notified that Registration enquiries will be held by Registering Officers in **Ezhikara** Pagudi of the **Parur** Taluq, between the **1st Mithunam** and the **5th Karkadagam** of the year 1081 to find out the persons who are entitled to be registered as holders of the several survey numbers in the Pagudi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should, between the dates above specified, present themselves before the said Registering Officers with all the oral and documentary evidence which would enable them to establish their claims.

Claims set up after the prescribed period will not be considered for the issue of Pattahs, and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
$\frac{\text{12th March 1906.}}{\text{29th Kumbhom 1081}}$

T. RAJARAM ROW,
Settlement Dewan Peishcar.

നമ്പർ ൧൯൦൮

സെററിൽമെൻറു സെൻട്രലാഫീസിൽ നിന്നും പരസ്യം ചെയ്യുന്നതെന്തെന്നാൽ

സെററിൽമെൻറു സംബന്ധിച്ച ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൨൬-ാമത്തു നമ്പർ ഗവർന്മെൻറു പ്രൊസീഡിംഗ്സ് ൫-ാം വകുപ്പിലെയും ൧൦൮൦ തുലാമാസം ൨-നു-ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കെഷൻ രജിസ്ട്രെഷൻ സംബന്ധിച്ച റൂൾസ് ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ച **പറവൂർ** താലൂക്കിൽ **ഏഴിക്കര** പകുതിയിലുള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പററി രജിസ്റ്ററിംഗ് ആപ്പീസർമാരെ ആ പകുതിയിൽ വച്ച **൧൦൮൧-ാമാണ്ടു മിഥുനമാസം ൧-നു-** മുതൽ വിചാരണ തുടങ്ങി **൧൦൮൧-ാമാണ്ടു കർക്കടകമാസം ൫-നു-**ക്കകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിൽ രജിസ്റ്റർചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലെക്കു അപെക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു വെവാക്കുമൂലമായും രേഖാമൂലമായുമുള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്മാർ അടുക്കൽ മെലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെളിപ്പെടുത്തുകയും ചെയ്യെണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന തീയതി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ച ആലൊചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചിടത്തോളം രജിസ്റ്ററിംഗ് ആപ്പീസർമാരുടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതും ആകുന്നു.

എന്ന ൧൦൮൧ കുംഭം ൨൯-നു-

സെററിൽമെൻറു ദിവാൻ പെഷ്കാർ
ടി. രാജാരാമരായർ.

No. 1906.

Notification.

In accordance with para 5 of the proceedings of Government, No. $\frac{8}{283}$ dated $\frac{\text{23rd September, 1904}}{\text{8th Kanni, 1080}}$ Land Revenue Settlement, published in the Government Gazette of the 12th Kanni 1080, and in accordance with Para 1, Part III of the Classification and Registration Rules, published in the Government Gazette of the 2nd Thulam 1080 it is hereby notified that registration enquiries will be held by Registering Officers in the **Vadekkekara** Pagudi of the **Parur** Taluq, between the **1st Mithunam** and the **30th Karkadagom** of the year 1081 to find out the persons who are entitled to be registered as holders of the several survey numbers in the Pagudi.

Owners of properties who consider themselves entitled to have the properties registered in their names should apply for the registry and should, between the dates above specified, present themselves before the said Registering Officers with all the oral and documentary evidence which would enable them to establish their claims.

Claims set up after the prescribed period will not be considered for the issue of Pattahs, and so far as the person responsible for the payment of tax to the Sirkar is concerned, the decisions of the Registering Officers will be final.

Settlement Central Office,
Trivandrum,
12th March, 1906.
29th Kumbhom, 1081.

T. RAJARAM ROW,
Settlement Dewan Peishcar.

നമ്പർ ൧൯൦൬

സെററിൽമെൻറു സെൻട്രൽ ആഫീസിൽ നിന്നും
പരസ്യം ചെയ്യുന്നതെന്തെന്നാൽ

സെററിൽമെൻറു സംബന്ധിച്ച ൧൦൮൦-ാമാണ്ടു കന്നിമാസം ൧൨-ാം൹ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ൨൮൩-ാം നമ്പർ ഗവർന്മെൻറു പ്രൊസീഡിംഗസ്സു ൫-ാം ഖണ്ഡികയിലെയും തുലാമാസം ൨-ാം൹ലെ ഗസെററിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ക്ലാസിഫിക്കേഷനും രജിസ്ട്രേഷനും സംബന്ധിച്ച റൂൾസ്സു ൩-ാം ഭാഗം ൧-ാം വകുപ്പിലെയും താല്പര്യം അനുസരിച്ചു **പറവൂർ** താലൂക്കിൽ **വടക്കേക്കര** പകുതിയിലുള്ള വസ്തുക്കളുടെ ഉടമസ്ഥന്മാരായി രജിസ്റ്റർ ചെയ്യപ്പെടുന്നതിനു അവകാശമുള്ള ആളുകൾ ആരെന്നുള്ളതിനെപ്പററി രജിസ്ട്രിംഗ് ആപ്പീസർ മുഖാന്തരം ആ പകുതിയിൽവച്ചു **൧൦൮൧-ാമാണ്ടു മിഥുന മാസം ൧-ാം൹** മുതൽ വിചാരണ തുടങ്ങി **൧൦൮൧-ാമാണ്ടു കർക്കടകമാസം ൩൦-ാം൹**-ക്കകം തീർക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

വസ്തുക്കളുടെ ഉടമസ്ഥന്മാരായി തങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്തു കിട്ടുന്നതിനു അവകാശമുണ്ടെന്നു വിചാരിക്കുന്ന ആളുകൾ അതിലേക്കു അപേക്ഷിക്കയും തങ്ങളുടെ അവകാശത്തെ സ്ഥാപിക്കുന്നതിനു രേഖാമൂലമായും വാക്കുമൂലമായുമുള്ള തെളിവോടുകൂടി ആ ഉദ്യോഗസ്ഥന്റെ അടുക്കൽ മേലെഴുതിയ അവധിക്കകം തന്നെ ഹാജരായി തെളിപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.

പരസ്യത്തിൽ ക്ലിപ്തപ്പെടുത്തിയിരിക്കുന്ന തിയതി കഴിഞ്ഞു ബോധിപ്പിക്കുന്ന അവകാശങ്ങളെ പട്ടയം കൊടുക്കുന്നതിനെ സംബന്ധിച്ചു ആലോചിക്കുന്നതല്ലാത്തതും സർക്കാർ കരം കൊടുക്കുന്നതിനു ചുമതലപ്പെട്ടതു ആരാകുന്നു എന്നുള്ള വിഷയത്തെ സംബന്ധിച്ചേടത്തോളം രജിസ്ട്രിംഗ് ആപ്പീസരുടെ തീർച്ച അവസാന തീർച്ചയായിരിക്കുമെന്നുള്ളതുമാകുന്നു.

൧൦൮൧ കുംഭം ൨൯-

സെററിൽമെൻറു ദിവാൻപേഷ്കാർ
രാജാരാമരായർ

ഫ ാം പാട്ടി സെററിൽമെൻറു ആപ്പീസിൽനിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

ഫ. [illegible] താലൂക്കിൽ [illegible] പകുതിവക തെളിവുശീട്ടുകൾ ഫ ൦ വ ഫ ാമാണ്ടു മീന മാസം ഫ ന്നു മുതൽ ഫ ന്നു വരെ [illegible] വെച്ചു കുടികൾക്കു [illegible] തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയോ അവരുടെ രേഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ അതു സ്ഥലത്തു ഹാജരായി മുദ്ര ചീട്ടു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

വ. തെളിവുശീട്ടിന്റെ താഴെ എഴുതിയിരിക്കുന്ന [illegible] നോട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ നോട്ടിൽ [illegible] പറഞ്ഞിട്ടുള്ളതുപോലെ [illegible] കച്ചേരിയിൽ ഇരുട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ഫ ൦ വ ഫ ാമാണ്ടു മീനമാസം [illegible] മുതൽ [illegible] തെളിവുശീട്ടുസഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുശീട്ടു കൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

ന. [illegible] പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ഈ ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണം വന്നാൽ അതിലേക്ക തെളിവുശീട്ടിന്റെ താഴെ ൩മതു നോട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ല.

ഫ ൦ വ ഫ ാമാണ്ടു മീനമാസം ൫നു

ഡപ്യൂട്ടി സെററിൽമെൻറു പേഷ്കാർ
രാമസ്വാമിഅയ്യൻ.

ഫ ാം പാട്ടി സെററിൽമെൻറു ആപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ.

ഫ. കൽക്കുളം താലൂക്കിൽ പൊന്മന പകുതിവക തെളിവുശീട്ടുകൾ ഫ ൦ വ ഫ ാമാണ്ടു മീനമാസം ഫ ന്നു മുതൽ ഫ ന്നു വരെ പൊന്മന പ്രവൃത്തി കച്ചേരിയിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയോ അവരുടെ രേഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ അതു സ്ഥലത്തു ഹാജരായി മുദ്ര ചീട്ടു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

വ. തെളിവുശീട്ടിന്റെ താഴെ എഴുതിയിരിക്കുന്ന ൧ം ൨ം നോട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ നോട്ടിൽ ൩മതു പാരാവിൽ പറഞ്ഞിട്ടുള്ളതുപോലെ പൊന്മന പ്രവൃത്തി കച്ചേരിയിൽ കച്ചേരി ഇരുട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ഫ ൦ വ ഫ ാമാണ്ടു മീനമാസം ഫ ന്നു മുതൽ വ൫നു കകം തെളിവുശീട്ടുസഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുശീട്ടു കൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

ന. ഫ ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ഈ ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണം വന്നാൽ അതിലേക്ക തെളിവുശീട്ടിന്റെ താഴെ ൩മതു നോട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ല.

ഫ ൦ വ ഫ ാമാണ്ടു മീനമാസം ൫നു

ഡപ്യൂട്ടി സെററിൽമെൻറു പേഷ്കാർ
രാമസ്വാമിഅയ്യൻ.

൧൦-ം പാട്ടി സെററിൽമെൻറു ആപ്പീസിൽനിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. കൽക്കുളം താലൂക്കിൽ തൃപ്പരപ്പു പകുതിവക തെളിവുശീട്ടുകൾ ൧൦൮൧-ാമാണ്ടു മീനമാസം ൨൭-ാം മുതൽ ൨൯-ാം വരെ തിരുനന്തിക്കരെ കൊത്തുവീട്ടിൽവച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരുടെ മുഖാന്തിരം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുറപ്രകാരം രസീതുകൊടുത്തു വാങ്ങിച്ചുകൊള്ളുവാനുള്ളതാകുന്നു

൨. തെളിവുശീട്ടിന്റെ താഴെ എഴുതിയിരിക്കുന്ന ൧-ം ൨-ം നൊട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷെപമെങ്കിലും ബൊധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ നൊട്ടിൽ ൩-ാമതു പാരാവിൽ പറഞ്ഞിട്ടുള്ളതുപൊലെ തിരുനന്തിക്കരെ കൊത്തുവീട്ടിൽ കച്ചെരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൮൧-ാമാണ്ടു മീനമാസം ൨൭-ാം മുതൽ ൩൦-ാംക്കകം തെളിവുശീട്ടുസഹിതം ഹാജരായി ഹർജി ബൊധിപ്പിച്ചു തെളിവുശീട്ടു കൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ൧൦-ം ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി ചെയ്യേണ്ടിവന്നാൽ അതിലെക്കു തെളിവുശീട്ടിന്റെ താഴെ ൩-ാമതു നൊട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൮൧-ാമാണ്ടു മീനമാസം ൫-ാം

ഡിപ്യൂട്ടി സെററിൽമെൻറു പെഷ്കാർ

രാമസ്വാമിഅയ്യൻ

നമ്പർ ൧൨൩

൩-ാം പാട്ടി സെററിൽമെൻറു ആപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. മാവെലിക്കര താലൂക്കിൽ താമരക്കുളം പകുതിവക തെളിവുശീട്ടുകൾ ൧൦൮൧-ാമാണ്ടു മീനമാസം ൧൭-ാം മുതൽ ൨൦-ാം വരെ നെടിയാണിക്കൽ ക്ഷേത്രത്തിനു പടിഞ്ഞാറു വശത്തു മാധവപുരത്തു ചന്തയിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ, തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ, അവരവർ തന്നെയൊ, അവരുടെ മുഖാന്തിരം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ, ആ സ്ഥലത്തു ഹാജരായി മുറപ്രകാരം രസീതു കൊടുത്തു വാങ്ങിച്ചുകൊള്ളുവാനുള്ളതാകുന്നു.

൨. തെളിവുശീട്ടിന്റെ താഴെ എഴുതിയിരിക്കുന്ന ൧-ം ൨-ം നൊട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷെപമെങ്കിലും ബൊധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ, നൊട്ടിൽ, ൩-ാമതു പാരാവിൽ പറഞ്ഞിട്ടുള്ളതുപൊലെ നെടിയാണിക്കൽ ക്ഷേത്രത്തിനു പടിഞ്ഞാറു വശത്തു മാധവപുരത്തു ചന്തസ്ഥലത്തു കച്ചെരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൮൧-ാമാണ്ടു മീനമാസം ൨൧-ാം മുതൽ ൨൪-ാംക്കകം തെളിവുശീട്ടു സഹിതം ഹാജരായി ഹർജി ബൊധിപ്പിച്ചു തെളിവുശീട്ടു കൊടുത്തു തീർച്ച സമ്പാദിച്ചു കൊള്ളേണ്ടതും, അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-ാമതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ൩-ം ആപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി ചെയ്യേണ്ടിവന്നാൽ അതിലെക്കു തെളിവുശീട്ടിന്റെ താഴെ ൩-ാമതു നൊട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ല.

൧൦൮൧-ാമാണ്ടു മീനമാസം ൧൧-ാം

കെ. പത്മനാഭൻതമ്പി,

അസിസ്റ്റൻറു സെററിൽമെൻറു പെഷ്കാർ.

മൂന്നാം പാട്ടി സെററിൽമെൻറു ആപ്പീസിൽ നിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. മാവേലിക്കര താലൂക്കിൽ കുന്നത്തൂർ പകുതി വക തെളിവുശിട്ടുകൾ ൧൦൯൯-മാ മീനമാസം ൨൭-നു മുതൽ ൨൯-നു വരെ ചെട്ടികുളങ്ങര ദേവസ്വം കച്ചേരിയിൽ വച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശിട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരിടെ രേഖാമൂലം അധികാരംകൊടുത്തിട്ടുള്ള വക്കീലന്മാർ കാര്യസ്ഥന്മാർ മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുദ്ര രസീതു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

൨. തെളിവുശിട്ടിന്റെ താഴെ എഴുതിയിരിക്കുന്ന ൧-ം ൨-ം നോട്ടിൽ പറയുന്ന സംഗതികളെ പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ നോട്ടിൽ ൩-മതു പാരാവിൽ പറഞ്ഞിട്ടുള്ളതുപോലെ ചെട്ടികുളങ്ങരെ ദേവസ്വം കച്ചേരി സ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൯൯-മാണ്ടു മീനമാസം ൨൩-നു മുതൽ മേടമാസം ൫-നു-ക്കകം തെളിവുശിട്ടു സഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുശിട്ടു കൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-മതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശിട്ടുകളെ ഹെഡാപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണ്ടി വന്നാൽ അതിലേക്കു തെളിവുശിട്ടിന്റെ താഴെ ൩-മതു നോട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൯൯-മാണ്ടു മീനമാസം ൧൭-നു-

കെ. പത്മനാഭൻതമ്പി.
അസിസ്റ്റൻറു സെററിൽമെൻറു പേഷ്കാർ

൩൦-ം പാട്ടി സെററിൽമെൻറു ആപ്പീസിൽനിന്നും

പരസ്യം ചെയ്യുന്നതു എന്തെന്നാൽ

൧. മാവേലിക്കര താലൂക്കിൽ തെക്കേക്കര പകുതിവക തെളിവുശീട്ടുകൾ ൧൦൯൯-മാണ്ടു മേടമാസം ൩-നു മുതൽ ൬-നു വരെ തെക്കേക്കര പ്രവൃത്തികച്ചേരിയിൽവച്ചു കുടികൾക്കു കൊടുക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ തെളിവുശീട്ടുകൾക്കു അർഹതയുള്ളവർ അവരവർ തന്നെയൊ അവരിടെ രേഖാമൂലം അധികാരം കൊടുത്തിട്ടുള്ള വക്കീലന്മാർ, കാര്യസ്ഥന്മാർ, മുക്ത്യാർകാരന്മാർ ഇവരൊ ആ സ്ഥലത്തു ഹാജരായി മുദ്ര രസീതു കൊടുത്തു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

൨. തെളിവുശീട്ടിന്റെ താഴെ എഴുതിയിരിക്കുന്ന ൧-ം ൨-ം നോട്ടിൽ പറയുന്ന സംഗതികളെപ്പററി ആക്ഷേപം ബോധിപ്പിച്ചു നിവൃത്തി വരുത്തിക്കൊള്ളേണ്ടതുണ്ടായിരുന്നാൽ നോട്ടിൽ ൩-മതു പാരാവിൽ പറഞ്ഞിട്ടുള്ളതുപോലെ തെക്കേക്കര പ്രവൃത്തികച്ചേരിസ്ഥലത്തു കച്ചേരി ഇട്ടിരിക്കുന്ന സെററിൽമെൻറു ആപ്പീസരുടെ അടുക്കൽ ൧൦൯൯-മാണ്ടു മേടമാസം ൬-നു മുതൽ ൧൩-നു-ക്കകം തെളിവുശിട്ടു സഹിതം ഹാജരായി ഹർജി ബോധിപ്പിച്ചു തെളിവുശീട്ടു കൊടുത്തു തീർച്ച സമ്പാദിച്ചുകൊള്ളേണ്ടതും അവധി കഴിഞ്ഞു ഹർജികൾ കൊണ്ടുവന്നാൽ സ്വീകരിക്കുന്നതല്ലാത്തതും ആകുന്നു.

൩. ൧-മതു വകുപ്പിൽ പറയുന്ന അവധിക്കകം ഹാജരായി വാങ്ങിക്കാത്ത ആളുകളുടെ തെളിവുശീട്ടുകളെ ഹെഡാപ്പീസിൽ വരുത്തി വയ്ക്കുന്നതും അതുകളെ കുടിയാനവന്മാർ ഹാജരായി വാങ്ങിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു. എന്നാൽ അങ്ങനെ താമസിച്ചു വാങ്ങിക്കുന്ന ആളുകൾക്കു ഏതെങ്കിലും സംഗതികൾ നിവൃത്തി തേടേണ്ടിവന്നാൽ അതിലേക്കു തെളിവുശീട്ടിന്റെ താഴെ ൩-മതു നോട്ടിൽ പറഞ്ഞിട്ടുള്ള തീയതിക്കു അപ്പുറം സാവകാശം അനുവദിക്കുന്നതല്ലാ.

൧൦൯൯-മാണ്ടു മീനമാസം ൧൭-നു-

കെ. പത്മനാഭൻതമ്പി.
അസിസ്റ്റൻറു സെററിൽമെൻറു പേഷ്കാർ,

Notice.

The following articles will be sold by public auction at the Brigade Stores on the $\frac{\text{16th April, 1906.}}{\text{4th Chithrai, 1081.}}$

Empty kerosine oil tins and cases, old wooden cots, dealwood cases, buff leather unserviceable accoutrements, old Khaki suits, copper hoops, old drums and and sundries, as also some dealwood cases, old brushes and curry combs, galvanized buckets and other unserviceable sundries from the Body Guard.

Trivandrum,
22nd March, 1906.

F. W. DAWSON, LIEUT. COL.,
Commandant, Nayar Brigade.

Notice.

Chips and shavings of timber will be sold in public auction in the Head Quarters Workshop Compound of the P. W. D. at 11 A. M. on all working Saturdays by Assistant Engineer Mr. J. Kuriyan.

Terms—cash.

F. J. JACOB,
Executive Engineer.

നൊട്ടീസു

തടികളുടെ വെട്ടുകഷണങ്ങളും ശീവു പൊടികളും പബ്ലിക്ക വക്ക്സ് ഡിപ്പാൎട്ടുമെന്റു ഹെഡ്കാൎട്ടർ വക്ക്സ് ഷാപ്പിൽ വച്ചു വേലയുള്ള എല്ലാ ശനിയാഴ്ച ദിവസങ്ങളിലും പകൽ ൧൧ മണിക്കു അസിസ്റ്റന്റു എഞ്ചിനീയർ മിസ്റ്റർ ജെ. കുര്യനാൽ ലേലം ചെയ്യപ്പെടും.

പണം റൊക്കം കൊടുക്കേണ്ടതാകുന്നു.

൮൧-ന്നു മാൎച്ച് ൨൨-നു

എഫ്. ജെ. ജെക്കബ്,
എക്സിക്യൂട്ടീവ് ഇഞ്ചിനീയർ.

Notice.

The following articles will be sold by public auction at the General Medical Stores, Trivandrum, on Monday, the $\frac{\text{23rd April, 1906,}}{\text{11th Chitray, 1081,}}$ and the following days commencing from 8 A. M. daily.

Empty bottles, Jars, tins, drums, deal wood boxes, condemned surgical Instruments, furniture, &c.

Terms—Cash.

Durbar Physicians's Office,
Trivandrum,
13th March, 1906.

R. JAMES,
LIEUT. COL., I. M. S.,
Durbar Physician.

നൊട്ടീസു

ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ ൧൦൮൧-മാണ്ടു മേടമാസം ൧൧-നു തിങ്കളാഴ്ചയും അതിനടുത്ത ദിവസങ്ങളിലുമായി കാലത്തു എട്ടു മണിക്കു ജനറൽ മെഡിക്കൽ സ്റ്റോറിൽ വച്ചു താഴെ വിവരിച്ചിരിക്കുന്ന സാമാനങ്ങൾ റൊക്കം വിലക്കു ലേലത്തിൽ വില്ക്കപ്പെടും.

ഒഴിഞ്ഞ കുപ്പികൾ
ടി ഭരണികൾ
ടി തകരങ്ങൾ
ടി വീപ്പകൾ
ടി വീഞ്ഞപ്പെട്ടികൾ

ആവാകാരം വന്ന ശസ്ത്രപ്രയോഗ ആയുധങ്ങൾ മരസാമാനങ്ങൾ മുതലായവ.

ഡർബാർ ഫിസിഷ്യൻസ് ആഫീസു
തിരുവനന്തപുരം
൮൧-ന്നു മാൎച്ച് ൧൩-നു

ഡർബാർ ഫിസിഷ്യൻ
ലെഫ്റ്റനന്റു കൎണ്ണൽ ആർ. ജേംസ്,
ഐ. എം. എസ്.

അഞ്ചൽ വക പരസ്യം.

ഡെഡ് ലെററാപ്പീസിൽ വന്ന അയച്ച ഉടമസ്ഥന്റെ വിവരമില്ലാതെയും ഗ്ഗ്ലാട്ടിൻ പ്രകാരമുള്ള ഒരു വഷത്തെ അവധി കഴിഞ്ഞും ഇരിക്കുന്ന 'ഇംഗ്ലീഷിൽ മാനൂവെൽ ആഫ് ആര ത്തമെററിക്ക' എന്ന പുസ്തകം ഒന്നും മലയാളത്തിൽ 'നിലം പുരയിടം ഉൾപ്പെട്ട വസ്തുക്കളുടെ അ ന്യാക്രമങ്ങളും മററും വിചാരിക്കുന്ന' പുസ്തകം ഒന്നും ഈ വരുന്ന മെടമാസം ൨൬-ാം പകൽ ൨ മണിക്ക ഈ ആപ്പീസിൽ വച്ച ലെലത്തിൽ വില്പിക്കുന്നതാകകൊണ്ട ആവശ്യമുള്ളവർ മറക്ക ലെലത്തിൽ വിളികെട്ട രൊക്ക വില കെട്ടി വാങ്ങിക്കൊള്ളെണ്ടതാകുന്നു

അഞ്ചൽ സൂപ്രന്റെണ്ട,
തിരുവിയംപിള്ള.

അഞ്ചൽ വക പരസ്യം.

ഈ ഡിപ്പാട്ടുമെന്റ വക ഉപയൊഗമില്ലാതെയുള്ള താഴെ വിവരിക്കുന്ന സാമാനങ്ങളെ ഈ വരുന്ന മെടമാസം ൨൬-ാം പകൽ ൨ മണിക്ക ഈ ആപ്പീസിൽ വച്ച ലെലത്തിൽ വില്പിക്കുന്നതാകകൊണ്ട ആവശ്യമുള്ളവർ മറക്ക ലെലത്തിൽ വിളികെട്ട രൊക്ക വില കെട്ടി വാങ്ങിച്ചുകൊള്ളെണ്ടതാകുന്നു.

അഞ്ചൽ സൂപ്രന്റെണ്ട,
തിരുവിയംപിള്ള.

സാമാന വിവരം.

നമ്പർ	സാമാന വിവരം	എണ്ണം
൧.	ഉപയൊഗമില്ലാത്ത ബയിന്റ കെട്ട	൫
൨.	പിച്ചള ത്രാസ	൨
൩.	പിച്ചള വില്ല	൧
൪.	അററകുററപ്പെട്ട ഉണ്ടപ്പെട്ടി	൧൪
൫.	ടി മെശപ്പെട്ടി	൨
൬.	മണിത്തടിയുടെ ഇരിമ്പു കന്തം	൩
൭.	ഇരുമ്പു പടി	൭
൮.	ടി താക്കൊൽ	൧൬
൯.	അററകുററപ്പെട്ട റബ്ബർ പാഡു	൮
൧൦.	ചെറിയ ഇരിമ്പു കമ്പി	൧
൧൧	അററകുററപ്പെട്ട മെശ ചിമ്മിനി വിളക്ക	൬
൧൨.	തൂക്ക ചിമ്മിനി വിളക്ക	൨
൧൩.	അററകുററപ്പെട്ട കൈച്ചിമ്മിനി വിളക്ക	൨
൧൪.	അററകുററപ്പെട്ട തുകൽപ്പെട്ടി	൧൫
൧൫.	എഴുത്തു പലക	൩
൧൬.	കല്ലു വിളക്ക	൧
൧൭.	അററകുററപ്പെട്ട റാന്തൽ വിളക്ക	൭
൧൮.	ടി നാകത്തൊട്ടി	൩
൧൯.	ടി തകര ബ്ല്യൂഗിൾ	൮
൨൦.	ഇരിമ്പു വിളക്ക	൯
൨൧	വിളക്കിന്റെ കാൽ	൬
൨൨.	മുദ്ര ചെയ്യുന്ന പലക	൧
൨൩.	അററകുററപ്പെട്ട മണിസ്റ്റാന്റ	൨
൨൪.	ടി തകര ബൊഡു	൭
൨൫.	ടി സവെ അളവുകൊൽ	൧
൨൬.	ടി അച്ചു മഷി ഡപ്പാ	൨൧
൨൭.	ടി അരമാരായിടെ ചെറിയ ചട്ടം	൨
൨൮.	ടി നെടിയ ചട്ടം	൧
൨൯.	കയററ വടം	൧
൩൦.	അഞ്ചലാപ്പീസ പലക	൯
൩൧.	വലിയ ത്രാസിന്റെ ഇരിമ്പു തൊരണം	൨
൩൨.	ടി ത്രാസിന്റെ മരത്തട്ട	൪
൩൩.	ടി ത്രാസിന്റെ ഇരിമ്പു ചങ്ങല	൮
൩൪.	പഴയ ബെഞ്ചു	൩
൩൫.	അററകുററപ്പെട്ട പഴയ കസെര	൨൩

മാവെലിക്കര താലൂക്കകച്ചെരിയിൽ നിന്നും

പരസ്യം ചെയ്യുന്നതെന്തെന്നാൽ

മാവെലിക്കര ക്ഷെത്രത്തിൽ കിഴക്കവശം തെക്കെവടക്കുള്ള ... സൎക്കാർ സ്ഥലത്തു നിന്നിരുന്നതും പഴക്കത്താൽ വീണുപൊയിട്ടുള്ളതുമായ കളിത്തട്ടിന്റെ താഴെ പറയുന്ന ഉരുപ്പടികൾ ൧൦ാം വരുന്ന മീനമാസം ൨ ന്നു മാവെലിക്കര ദെവസ്വത്തിൽവച്ചു ലെലം ചെയ്യാൻ നിശ്ചയിച്ചിരിക്കകൊണ്ടു ലെലത്തിൽ കൊള്ളുവാൻ മനസ്സുള്ളവർ ഹാജരായി ക്ഌപ്തൽ തുകക്കു വിളിക്കെണ്ടതും ലെലം സ്ഥിരപ്പെടുത്തിയഉടൻ ലെലത്തുക കെട്ടിവെക്കയും ചെയ്യെണ്ടതാകുന്നു. ലെലക്കാരന്റെ വീഴ്ച നിമിത്തം ആവൎത്തിച്ചു ലെലത്തിനു ഇടയാക്കിയാൽ അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു ആദ്യലെലക്കാരൻ ഉത്തരവാദിയായി തീരുന്നതും ആകുന്നു എന്നു ൧൦൮൧ മാണ്ടു മകരമാസം ൨൯ ന്നു.

താ തഹശീൽദാർ വി ആന്റിപ്പിള്ള.

ഉരുപ്പടി വിവരം

൫ അര കൊൽ നീളം മൂല കഴുക്കൊൽ എണ്ണം

൫ കൊൽ നീളം കഴുക്കൊൽ എണ്ണം

൩ കൊൽ നീളത്തിൽ കഴുക്കൊൽ എണ്ണം

പലതരം നീളത്തിൽ ജീൎണ്ണപ്പെട്ടു പൊടിഞ്ഞ കഴുക്കൊൽമുറി എണ്ണം

൨ അര നീളത്തിൽ വളമുറി എണ്ണം

൧ അര നീളത്തിൽ വളമുറി എണ്ണം

൩ നീളത്തിൽ വളമുറി എണ്ണം

൩ നീളത്തിൽ ഉത്തരം മുറി എണ്ണം

൨ അര നീളത്തിൽ മുക്കൂട്ടൻ എണ്ണം

